"ഭരണഭാഷ – മാതൃഭാഷ"

നം. കെ.എസ്.എ. (ടി.എസ്.സി.) 5 –211/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ - 680 001.

തീയതി: 30.03.2022

corptsr.ksad@kerala.gov.in

Ph: 0487 2443619

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കോർപ്പറേഷൻ ഓഡിറ്റ്, തൃശ്ശൂർ.

ബഹുമാന്യനായ മേയർ,

(അസിസ്റ്റന്റ് സെക്രട്ടറി മുഖാന്തിരം)

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ.

സർ,

വിഷയം: കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് - തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ ഓഡിറ്റ് - തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന്റെ 2019-20 സാമ്പത്തിക വർഷത്തിലെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

സൂചന: --

------

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, കേരള നഗരപാലിക നിയമം 295(4) വകുപ്പ് എന്നിവ പ്രകാരം തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന്റെ 2019-20 സാമ്പത്തികവർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1)ൽ നിർദ്ദേശിക്കുന്നപ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-12, 1-15, 1-28, 1-37 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ ഉദ്യോഗസ്ഥരെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം അറിയിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം കോർപ്പറേഷൻ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ കോർപ്പറേഷൻ കൈക്കൊള്ളുന്ന തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള മുനിസിപ്പാലിറ്റി - പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ - ചട്ടം 14,15 കാണുക).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും, ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചുതരേണ്ടതുമാണ്. (1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1), 1997ലെ കേരള മുനിസിപ്പാലിറ്റി - (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) - ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പകർപ്പ്:

1) സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

3) നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

4) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊച്ചി (ഉപരിപത്രം സഹിതം).

5) ഓഫീസ് കോപ്പി.

"ഭരണഭാഷ – മാതൃഭാഷ"

നം. കെ.എസ്.എ. (ടി.എസ്.സി.) 5 –211/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കോർപ്പറേഷൻ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ - 680 001.

തീയതി: 30.03.2022

corptsr.ksad@kerala.gov.in

Ph: 0487 2443619

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷന്റെ വൈദ്യുതി വിഭാഗത്തിന്റെ 2019-2020 സാമ്പത്തികവർഷത്തിലെ വരവ് – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്. (1994ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 295(4)-ാം വകുപ്പ്, 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 13-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്).

| | | |
|---|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | - | ശ്രീ. സുനിൽദത്ത്.എം.ആർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

തൃശ്ശൂർ കോർപ്പറേഷന്റെ വൈദ്യുതി വിഭാഗത്തിന്റെ 2019-20 സാമ്പത്തികവർഷത്തിലെ വരവ്-ചെലവ് കണക്കുകൾ ഓഡിറ്റ് ചെയ്തു.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് ചെയ്ത കണക്കുകളുടെ വിവരം | ഓഡിറ്റ് ചെയ്ത ഉദ്യോഗസ്ഥരുടെ പേരുവിവരം |
|---|---|---|
| 06.11.2021 മുതൽ 15.02.2022 വരെ | വൈദ്യുതി വിഭാഗത്തിന്റെ 2019-20 സാമ്പത്തികവർഷത്തിലെ വരവ്-ചെലവ് കണക്കുകൾ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീ.റഫി ജോൺ<br>ശ്രീമതി. സബിത.എസ്.<br>ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. മീരാ നായർ<br>അസിസ്റ്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ഹണി.കെ.എസ് |

| | | |
|---|---|---|
| | | ശ്രീമതി.ചൈതന്യ<br>പുരുഷോത്തമൻ<br>സീനിയർഗ്രേഡ് ഓഡിറ്റർമാർ<br>ശ്രീമതി. ദിവ്യ.എസ്.<br>ശ്രീമതി.സോന.കെ.സത്യൻ<br>ശ്രീമതി. കാർത്തിക.പി<br>ശ്രീമതി.വി.കെ.മാലിനി<br>ഓഡിറ്റർമാർ<br>ശ്രീമതി. ജിഷ.കെ.ടി.<br>ശ്രീമതി. നിഷകെ.കെ<br>ശ്രീമതി. നിലൂഫർ.ബി.ഐ |

നിർവ്വഹണാധികാരികൾ

മേയർ

| പേര് | ചുമതല വഹിച്ച തീയതി |
|---|---|
| ശ്രീമതി.അജിത വിജയൻ | 01.04.2019-28.01.2020 |
| ശ്രീ.റാഫി ജോസ്.പി | 29.01.2020-19.02.2020 |
| ശ്രീമതി.അജിത ജയരാജൻ | 20.02.2020-31.03.2020 |

അസിസ്റ്റന്റ് സെക്രട്ടറി

| പേര് | ചുമതല വഹിച്ച തീയതി | സ്ഥിര മേൽവിലാസം | ഇപ്പോഴത്തെ വിലാസം |
|---|---|---|---|
| ശ്രീ.എം.സുഗധകുമാർ | 01.04.2019-24.07.2019<br>11.08.2019-31.08.2019 | "ഋതു"<br>രാമനാഥപുരം<br>ഗ്രാമം<br>ശിവക്ഷേത്രത്തിന്<br>സമീപം<br>പാലക്കാട് ഹെഡ് | "ഋതു"<br>രാമനാഥപുരം<br>ഗ്രാമം<br>ശിവക്ഷേത്രത്തിന്<br>സമീപം<br>പാലക്കാട് ഹെഡ് |

| | | | |
|---|---|---|---|
| | | പോസ്റ്റ് പാലക്കാട് | പോസ്റ്റ് പാലക്കാട് |
| ശ്രീ.ജോമോൻ.സി.ജെ (ഇൻ-ചാർജ്) | 25.07.2019-10.08.2019 01.09.2019-31.03-2020 | ചെറുശ്ശേരി ഹൌസ് പറവട്ടാനി | ചെറുശ്ശേരി ഹൌസ് പറവട്ടാനി |

ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ 4 ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഓരോ ഭാഗത്തിലും താഴെ കൊടുത്തിട്ടുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതാകുന്നു.

ഭാഗം - 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം - 2 : വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം - 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ചെലവ് കണക്കുകളിലെ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് നിരീക്ഷണങ്ങൾ.

ഭാഗം - 4 : ധനസ്ഥിതിവിവരണവും,ഓഡിറ്റ് പ്രത്യവലോകനവും

വൈദ്യുതി വിഭാഗത്തിന്റെ വിവിധ ഇനങ്ങളിൽ ഉള്ളതും പരിശോധനയ്ക്ക് വിധേയമാക്കിയതുമായ വാർഷിക കണക്കുകൾ സംബന്ധിച്ച വിവരങ്ങൾ സാമ്പത്തികനില, ഓഡിറ്റ് പ്രത്യവലോകനം, എന്നിവ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

വിഷയസൂചിക



| | | |
|---|---|---|
| 1-1 | ആമുഖം | 9 |
| 1-2 | ബജറ്റ് | 11 |
| 1-3 | 2019-20 വാർഷികക്കണക്ക് -അപാകതകൾ | 12 |
| 1-4 | സൺഡ്രി ഡെബ്റ്റേഴ്സ് – തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല | 12 |
| 1-5 | Current Liabilities Scheduleൽ ഉൾപ്പെട്ട തുകകൾ പരിശോധിക്കാനായില്ല. | 13 |
| 1-6 | ഫ്യൂവൽ സർചാർജ് തുക - വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല | 14 |
| 1-7 | പെനൽറ്റി ശീർഷകത്തിലെ വരവ്/ ചെലവ് രേഖകൾ ഹാജരാക്കിയില്ല. | 15 |
| 1-8 | ക്യാഷ്ബുക്ക് പരിപാലനം - അപാകതകൾ | 16 |
| 1-9 | സോളാർ റീഫണ്ട് - അധിക തുക ചെലവഴിച്ചു | 17 |
| 1-10 | സ്ഥാപനത്തിന്റെ വളർച്ചാനിരക്ക് കുറയുന്നു – അടിയന്തിരശ്രദ്ധ പതിയേണ്ടതാണ്. | 18 |
| 1-11 | സ്ഥിരനിക്ഷേപത്തിൽ കുറവ് കാണുന്നു | 19 |
| 1-12 | വൗച്ചർ സൂക്ഷിക്കുന്നതിലെ അപാകതകൾ | 19 |
| 1-13 | ഇഎംഡി/എസ്ഡി ( vendors) രജിസ്റ്റർ - അപാകതകൾ | 19 |
| 1-14 | ഔദ്യോഗികാവശ്യത്തിന് വാഹനം ലീസിനെടുത്തത്-സർക്കാർ അനുമതി വാങ്ങിയില്ല | 21 |
| 1-15 | വാഹനങ്ങളുടെ ഉപയോഗം - സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല | 21 |
| 1-16 | ശമ്പള ബിൽ രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ | 22 |
| 1-17 | പ്രൊവിഡന്റ് ഫണ്ട് - ട്രഷറി അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക തിരികെ ലഭിച്ചിട്ടില്ല. | 221 |
| 1-18 | മീറ്റർ ടെസ്റ്റിംഗ്-കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിർദ്ദേശം പാലിച്ച് കാലികമായി നടപ്പാക്കുന്നില്ല | 23 |
| 1-19 | പെൻഷൻ കോൺട്രിബ്യൂഷൻ നഗരകാര്യ ഡയറക്ടറേറ്റിലേക്ക് അടയ്ക്കുന്നില്ല. | 23 |
| 1-20 | മുൻകൂർ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതിൽ വീഴ്ച | 24 |
| 1-21 | ഇംപ്രസ്റ്റ് അഡ്വാൻസുകൾ യഥാസമയം ക്രമീകരിയ്ക്കുന്നില്ല. | 25 |
| 1-22 | പ്രിന്റിംഗ് & സ്റ്റേഷനറി രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത പരിഹരിക്കേണ്ടതാണ് | 25 |

| | | |
|---|---|---|
| 1-23 | പ്രവർത്തന രഹിതമായ മീറ്ററുകൾ യഥാസമയം മാറ്റി സ്ഥാപിച്ചില്ല | 27 |
| 1-24 | ലോക്ഡ് പ്രിമൈസ് ആയി രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ്ജ് ഈടാക്കിയ വിവരം | 28 |
| 1-25 | യാത്രാപ്പടി ബിൽ - തുക അനുവദിച്ചത് ക്രമപ്രകാരമല്ല | 29 |
| 1-26 | ഫെസ്റ്റിവൽ അഡ്വാൻസ് - തുക തിരികെ ഈടാക്കിയിട്ടില്ല | 35 |
| 1-27 | താൽകാലിക ജീവനക്കാരെ നിയമിച്ചതിലെ അപാകതകൾ | 35 |
| 1-28 | ഇപിഎഫ് അടവാക്കുന്നതിന് സ്വകാര്യ ഏജൻസിയെ ഏർപ്പെടുത്തിയത് അനുവദനീയമല്ല. | 38 |
| 1-29 | മീറ്റർ റീഡർ - അനുമതിയില്ലാത്ത തസ്തികയ്ക്ക് താൽക്കാലിക നിയമനം, ക്രമ വിരുദ്ധം | 38 |
| 1-30 | വകുപ്പ് തലത്തിൽ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്നില്ല. | 41 |
| 1-31 | പോൾ റെന്റ് ചാർജ്ജ് ഈടാക്കിയതിലെ അപാകങ്ങൾ | 51 |
| 1-32 | ഫയലുകൾ ഹാജരാക്കിയില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 53 |
| 1-33 | കോപ്പർ കണ്ടക്ടറുകൾ മാറ്റുന്നത് - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 54 |
| 1-34 | ജീവനക്കാർക്ക് ലോൺ -- നാളിതുവരെ തുക അടവാക്കിയിട്ടില്ല. | 56 |
| 1-35 | ഉപഭോക്താക്കളുടെ കൈപ്പറ്റ് രസീത് ഇല്ല | 57 |
| 1-36 | ചെറുകിടജലവൈദ്യുത പദ്ധതികൾ നിശ്ചലം - 222.75 ലക്ഷം രൂപ വൃഥാവിലായി | 58 |
| 1-37 | കോർപ്പറേഷൻ കെട്ടിടങ്ങളിലെ സോളാർ പ്ലാന്റുകൾ - പദ്ധതിയിലെ പാളിച്ചകൾ | 61 |
| 1-38 | ചെലവ് രേഖകൾ ഹാജരാക്കിയില്ല – 2400/-രൂപ തടസ്സപ്പെടുത്തുന്നു | 65 |
| 1-39 | ദിവാൻജി മേൽപാലത്തിന് ലോൺ നൽകിയത് തിരികെ ലഭ്യമാക്കേണ്ടതാണ്. | 66 |
| 1-40 | EPABX സംവിധാനം സ്ഥാപിക്കൽ - നിയമവ്യവസ്ഥകൾ പാലിച്ചില്ല - ചെലവ് തുക തടസ്സത്തിൽ വെക്കുന്നു | 66 |
| 1-41 | കോൺട്രാക്റ്റ് ലൈസൻസ് ഇല്ലാത്തവരെ പ്രവൃത്തികൾ ഏൽപ്പിക്കുന്നത് ചട്ടവിരുദ്ധം | 67 |
| ഭാഗം - 2 | | |
| 2-1 | പോൾ റെന്റ് ചാർജ്ജ് ഈടാക്കിയതിലെ അപാകങ്ങൾ | 69 |

| | | |
|---|---|---|
| ഭാഗം - 3 | | |
| 3-1 | യാത്രാപ്പടി ബിൽ - തുക അനുവദിച്ചത് ക്രമപ്രകാരമല്ല | 71 |
| 3-2 | ഇപിഎഫ് അടവാക്കുന്നതിന് സ്വകാര്യ ഏജൻസിയെ ഏർപ്പെടുത്തിയത് അനുവദനീയമല്ല. | 76 |
| 3-3 | മീറ്റർ റീഡർ - അനുമതിയില്ലാത്ത തസ്തികയ്ക്ക് താൽക്കാലിക നിയമനം, ക്രമ വിരുദ്ധം | 77 |
| ഭാഗം - 4 | | |
| 4-1 | ജി.പി.എഫ് അക്കൌണ്ട് | 79 |
| 4-2 | സ്ഥിരനിക്ഷേപങ്ങൾ | 80 |
| 4-3 | സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ | 80 |
| 4-4 | ഓഡിറ്റ് റിക്കവറി | 81 |
| 4-5 | ഓഡിറ്റ് ചാർജ് | 81 |
| 4-6 | ഓഡിറ്റ് പ്രത്യവലോകനം | 81 |
| 4-7 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 86 |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ആമുഖം

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം 2003ലെ ഇലക്ട്രിസിറ്റി ആക്റ്റിലെ 14-ാം സെക്ഷൻ പ്രകാരമുള്ള ലൈസൻസിയാണ്. സംസ്ഥാന വൈദ്യുതി ബോർഡിൽ നിന്നും വൈദ്യുതി വാങ്ങി തൃശ്ശൂർ നഗരസഭ പരിധിയിലെ പഴയ മുനിസിപ്പൽ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം നടത്തുന്നു. മെസ്സേഴ്സ്. ചന്ദ്ര ആന്റ് കമ്പനിയുടെ ഉടമസ്ഥതയിലുള്ള കൊച്ചിൻ സ്റ്റേറ്റ് പവർ ആൻറ് ലൈറ്റ് കോർപ്പറേഷനായിരുന്ന ടി പ്രദേശത്തെ വൈദ്യുതി വിതരണത്തിനുള്ള ആദ്യലൈസൻസി. കൊച്ചി മഹാരാജാവിന്റെ വികസന വകുപ്പിന്റെ 14.08.1937ലെ ഡി.7/16349/ 12-ാം നമ്പർ പർച്ചേസ് ഫീസ് അനുസരിച്ച് കൊച്ചി സ്റ്റേറ്റ് പവർ ആൻറ് ലൈറ്റ് കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള ഇലക്ട്രിസിറ്റി ലൈസൻസ് തൃശ്ശൂർ മുനിസിപ്പിൽ കൗൺസിലിന് ലഭിച്ചു.

തൃശ്ശൂർ മുനിസിപ്പിൽ കൗൺസിൽ, തൃശ്ശൂർ കോർപ്പറേഷനായി ഉയർത്തിയപ്പോൾ വൈദ്യുതി വിതരണത്തിനുള്ള ചുമതല തൃശ്ശൂർ കോർപ്പറേഷനിൽ നിക്ഷിപ്തമായി. പഴയ മുനിസിപ്പൽ പ്രദേശത്ത് 12.5 ചതുരശ്ര കി.മീ വിസ്തീർണ്ണത്തിലാണ് തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിതരണം നടത്തി വരുന്നത്. തൃശ്ശൂർ കോർപ്പറേഷന്റെ വൈദ്യുതി വിതരണത്തിന് ആവശ്യമായി വരുന്ന വൈദ്യുതി കെ.എസ്.ഇ.ബി.യാണ് തൃശ്ശൂർ കോർപ്പറേഷന് നൽകുന്നത്. തൃശ്ശൂർ കോർപ്പറേഷവൈദ്യുതി ലഭിക്കുന്നത് വിയ്യൂരിൽ നിന്നുള്ള 110 കെ. വി. സബ് സ്റ്റേഷനിൽ നിന്നാണ്. തൃശ്ശൂർ കോർപ്പറേഷന്റെ വൈദ്യുതി വിതരണ പ്രദേശത്ത് 110 കെ.വി., 66 കെ.വി., 33 കെ.വി. കപ്പാസിറ്റികളിലുള്ള 3 സബ് സ്റ്റേഷനുകൾ ഉണ്ട്. കെ.എസ്.ഇ.ബി. 20,000 കെ.വി. ആംബിയറിന്റെ വൈദ്യുതി കോൺട്രാക്ട് ഡിമാന്റ് ആയി വൈദ്യുതി വിഭാഗത്തിന്റെ പാട്ടുരായ്ക്കൽ സബ് സ്റ്റേഷനിൽ എത്തിക്കുന്നു. എന്നാൽ തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം കെ.എസ്.ഇ.ബി.യുമായി കോൺട്രാക്ട് ഡിമാന്റുമായി ബന്ധപ്പെട്ട ഒരു കരാറും ഇതുവരെ ഉണ്ടാക്കിയിട്ടില്ല.

തൃശ്ശൂർ കോർപ്പറേഷന്റെ വൈദ്യുതി വിഭാഗത്തിന്റെ ഭരണാധികാര നിയന്ത്രണം തൃശ്ശൂർ കോർപ്പറേഷനാണ്. വൈദ്യുതി വിഭാഗത്തിന്റെ ഭരണത്തലവനും ലൈസൻസിയും കോർപ്പറേഷൻ സെക്രട്ടറിയാണ്. വൈദ്യുതി വാങ്ങി വിതരണം ചെയ്യുന്നതിന്റെ പ്രത്യേക ചുമതല വൈദ്യുതി വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിയ്ക്കാണ്. വൈദ്യുതി വിഭാഗത്തിന് ഭരണവിഭാഗവും സാങ്കേതിക വിഭാഗവും ഉണ്ട്. ഭരണവിഭാഗം തലവൻ അസിസ്റ്റന്റ് സെക്രട്ടറിയും സാങ്കേതിക വിഭാഗം തലവൻ ഇലക്ട്രിക്കൽ എഞ്ചിനീയറുമാണ്. വൈദ്യുതി വിഭാഗത്തിന്റെ ഭരണത്തലവനും ലൈസൻസിയും എന്ന നിലയിൽ കോർപ്പറേഷൻ സെക്രട്ടറി വൈദ്യുതി വിഭാഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുവാൻ വൈദ്യുതി വിഭാഗം അസിസ്റ്റന്റ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരിക്കുന്നു. തൃശ്ശൂർ നഗരസഭ പ്രദേശത്തെ വൈദ്യുതിവിതരണത്തിന് ആവശ്യമായ ഫീഡർ ലൈനുകൾ, ഡിസ്ട്രിബ്യൂഷൻ ലൈനുകൾ, ട്രാൻസ്ഫോർമറുകൾ, കോൺക്രീറ്റ് കാലുകൾ, കൺസ്യൂമർ മീറ്ററുകൾ എന്നിവ വൈദ്യുതി വിഭാഗം സ്ഥാപിക്കുന്നു. തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം ലൈസൻസി എന്ന നിലയിൽ കെ.എസ്.ഇ.ബി.യിൽ നിന്നും വൈദ്യുതി വാങ്ങി ,2000-ൽ കോർപ്പറേഷനോട് കൂട്ടിച്ചേർത്ത 5 പഞ്ചായത്ത് ഒഴികെയുള്ള കോർപ്പറേഷൻ പ്രദേശങ്ങളിൽ വൈദ്യുതി വിതരണം നടത്തിവരുന്നു. കോർപ്പറേഷനിൽ നിന്നും വേറിട്ട ഒരു

അസ്തിത്വമായിട്ടാണ് വൈദ്യുതി വിഭാഗം പ്രവർത്തിക്കുന്നത്. ആയതിനാൽ തന്നെ സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ പ്രത്യേകമായി തയ്യാറാക്കി അക്കൌണ്ട്സ് പുറപ്പെടുവിക്കുന്നുണ്ട്.വൈദ്യുതി വിഭാഗത്തിന് നൽകുന്ന വൈദ്യുതിയുടെ അളവ് നിശ്ചയിക്കുന്നതിനും മാസത്തിൽ ഏതെങ്കിലും സമയത്തുള്ള പരമാവധി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ഡിമാന്റ് ചാർജ് കണക്കാക്കാനും മാസംതോറുമുള്ള എനർജി ചാർജ്ജ് ചീട്ടുകൾ തയ്യാറാക്കാനുമായി സബ് സ്റ്റേഷന്റെ പരിസരത്തും കെ.എസ്.ഇ.ബി.പ്രധാന മീറ്റർ സ്ഥാപിച്ചിരിക്കുന്നു. ഇപ്രകാരം ലഭ്യമാകുന്ന വൈദ്യുതി, വൈദ്യുതി വിഭാഗം അതേ സബ് സ്റ്റേഷൻ പരിസരത്ത് വെച്ചിട്ടുള്ള 16 ഫീഡറുകളിലുള്ള പോഷകമീറ്ററുകളിലൂടെ കടത്തിവിട്ട് അളവ് എടുത്തശേഷം പഴയ മുനിസിപ്പൽ പ്രദേശങ്ങളിലെ ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നു. കെ.എസ്.ഇ.ബി. സ്ഥാപിച്ചിരിക്കുന്ന മീറ്ററിലെ അളവിനനുസരിച്ചാണ് വൈദ്യുതി വാങ്ങുന്നതിനുള്ള വില കെ.എസ്.ഇ.ബി.യ്ക്ക് നൽകുന്നത്. എന്നാൽ കെ.എസ്.ഇ.ബി.യുടെ മീറ്ററിലെ അളവും കോർപ്പറേഷൻ വൈദ്യുതി വിഭാഗം ഫീഡറുകളിലെ മീറ്ററിലെ അളവും തമ്മിൽ വലിയ വ്യത്യാസം കാണപ്പെടുന്നുണ്ട്.ഈ വ്യത്യാസം ഒഴിവാക്കാൻ മീറ്ററുകൾ കാലികമായി കാലിബറേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്. മാത്രമല്ല ഒരു സംയുക്ത പരിശോധനയിലൂടെ വൈദ്യുതി ബോർഡ് സ്ഥാപിച്ചിട്ടുള്ള മീറ്ററുകളും നഗരസഭ വൈദ്യുതി വിഭാഗം സ്ഥാപിച്ചിട്ടുള്ള മീറ്ററുകളും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ഇലക്ട്രിക്കൽ എഞ്ചിനീയർ ഉൾപ്പെടുന്ന ഒരു മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതുണ്ട്.

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗവും കെ.എസ്.ഇ.ബി.യെപ്പോലെ സമാന സ്വഭാവമുള്ള വൈദ്യുതി വിതരണ ലൈസൻസിയാണ്. തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ, പുതുതായി കൂട്ടിച്ചേർത്ത പ്രദേശങ്ങളിൽ കെ.എസ്.ഇ.ബി.യും, പഴയ മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗവും വൈദ്യുതി വിതരണം നടത്തിവരുന്നു.

തൃശ്ശൂർ കോർപ്പറേഷൻ പരിധിയിലെ ഗാർഹിക ഉപഭോക്താക്കൾക്ക് 2 നിരക്കാണുള്ളത്. തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം വിതരണം ചെയ്യുന്ന 1 മുതൽ 32 വരെയുള്ള വാർഡുകളിലെ (പഴയ തൃശ്ശൂർ മുനിസിപ്പൽ പ്രദേശത്ത്) ഗാർഹിക ഉപഭോക്താക്കൾക്ക് ഒരു നിരക്കും, കെ.എസ്.ഇ.ബി. വിതരണം ചെയ്യുന്ന 33 മുതൽ 52 വരെയുള്ള വാർഡുകളിലെ ഗാർഹിക ഉപഭോക്താക്കൾക്ക് മറ്റൊരു നിരക്കും ആയതിനാൽ നിലവിൽ കോർപ്പറേഷൻ വൈദ്യുതി വിഭാഗം വൈദ്യുതി വിതരണം ചെയ്യുന്ന 1 മുതൽ 32 വരെയുള്ള വാർഡുകളിലെ ഗാർഹിക ഉപഭോക്താക്കൾക്ക് കെ.എസ്.ഇ.ബി. വൈദ്യുതി വിതരണം ചെയ്യുന്ന ഇതര വാർഡുകളിലെ ഗാർഹിക ഉപഭോക്താക്കളെക്കാൾ ഉയർന്ന നിരക്ക് നൽകേണ്ടി വരുന്നു. ഇത് സാമാന്യനീതിയ്ക്ക് നിരക്കാത്തതാണ്. ബഹു. വൈദ്യുതി റഗുലേറ്ററി കമ്മീഷൻ തന്നെ കേരളത്തിലെ വൈദ്യുതി ഉപഭോക്താക്കൾക്ക് ഏകീകൃത നിരക്കിൽ വൈദ്യുതി നൽകണമെന്ന് നിഷ്കർഷിക്കുന്നുണ്ട്.

ബഹു. വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ 08.04.2019ലെ താരിഫ് വർദ്ധനവിനെ ലഘൂകരിക്കാനും സ്വയംഭരണസ്ഥാപനത്തിന്റെ പരിധിയിലെ ഗാർഹിക ഉപഭോക്താക്കൾക്ക് 2വൈദ്യുതി നിരക്ക് എന്ന വൈരുദ്ധ്യം പരിഹരിക്കാൻ സർക്കാരിന്റെ സാമ്പത്തികസഹായം നേടിയെടുക്കാനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിന്റെ 2019-2020 വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽ വന്ന പൊതുവായ വസ്തുതകൾ താഴെ ചേർക്കുന്നു.

പ്രധാന രേഖകൾ/രജിസ്റ്ററുകളുടെ കൃത്യമായ പരിപാലനം വൈദ്യുതി വിഭാഗത്തിന്റെ സുഗമവും സുതാര്യവുമായ പ്രവർത്തനത്തിനും സാമ്പത്തിക സുരക്ഷിതത്വത്തിനും അത്യന്താപേക്ഷിതമാണ്. എന്നാൽ ആയവ കൃത്യമായി

രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല എന്നു കാണുന്നു. ഉദാ: ക്യാഷ് ബുക്ക്, മീറ്റർ റീഡർ രജിസ്റ്റർ, ഇ.എം.ഡി/എസ്.ഡി ,പേബിൽ രജിസ്റ്റർ അഡ്വാൻസ് രജിസ്റ്റർ etc. ഇക്കാര്യത്തിൽ കഴിഞ്ഞ രണ്ടു ഓഡിറ്റ്റിപ്പോർട്ടുകളിലെയും പരാമർശങ്ങൾക്ക് രജിസ്റ്ററുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്തു വരുന്നതായി വൈദ്യുതി വിഭാഗം മറുപടി നൽകിയിരുന്നെങ്കിലും ഈ വർഷവും അപാകത നിലനിൽക്കുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. 2019-20 വാർഷിക ക്കണക്ക് പ്രകാരം ചെലവ് വരവിനേക്കാൾ അധികരിച്ച നിൽക്കുന്ന അവസ്ഥയാണുള്ളത്. വരുമാന ചോർച്ച തടയുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രസരണ വിതരണ നഷ്ടം കുറയ്ക്കാൻ ബഹു.കെ.എസ്.ഇ.ആർ.സി.യും മറ്റ് ഏജൻസികളും മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ പാലിക്കേണ്ടത് വൈദ്യുതി വിഭാഗത്തിന്റെ സാമ്പത്തിക സുരക്ഷയ്ക്ക് അത്യാവശ്യമാണ്.

പെൻഷൻ അലോട്ടുമെന്റ് തുക ലഭിക്കുന്നതിലുള്ള കാലതാമസം മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരത്തിനായി ശ്രമിക്കേണ്ടതാണ്.

വൈദ്യുതി ചാർജ്, സ്ട്രീറ്റ് ലൈറ്റ് പരിപാലന ചെലവ് എന്നിവ കൃത്യമായി കണക്കാക്കി യഥാവിധി നഗരസഭയിൽ നിന്നും ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.അടിയന്തിര ഘട്ടങ്ങളിൽ ജനറൽ ഫണ്ടിലേക്ക് കോർപ്പറേഷന്റെ ഉപയോഗത്തിനായി കൈമാറിയ ഫണ്ടുകൾ തിരികെ ലഭിക്കുവാൻ പ്രത്യേകനടപടികൾ സ്വീകരിക്കേണ്ടതാണ്.

വേണ്ടത്ര പഠനമോ മുന്നൊരുക്കമോ ദീർഘവീക്ഷണമോ കൂടാതെ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏറ്റെടുത്തതുമൂലം ചെലവാക്കിയ ഭീമമായ തുക വൃഥാവിലായി. ഇത്തരം പദ്ധതികളുമായി മുന്നോട്ട് പോകാതെ ബദൽ മാർഗ്ഗങ്ങൾ ആരായാവുന്നതും സർക്കാരിലേയ്ക്ക് അടവാക്കിയ തുക തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വൈദ്യുതി വിഭാഗത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുമ്പോൾ (സർക്കാർ ഉത്തരവ് നമ്പർ 28 (അച്ചടി)/2016ഫിൻ. തീയതി :26.02.2016) സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിക്കുന്നില്ല. മാത്രമല്ല പുതുക്കിയ വേതന വർദ്ധനവ് ഈ വിഭാഗം ജീവനക്കാർക്ക് മേൽ ഉത്തരവ് പാലിക്കാതെ നിയമിക്കപ്പെട്ടിട്ടുപോലും നടപ്പിലാക്കുകയും ചെയ്തിരിക്കുന്നു എന്നത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

റെയിൽവെ മേൽപ്പാല നിർമ്മാണത്തിനായി 2015ൽ നൽകിയ 6,19,29,108/-രൂപയിൽ (വൗച്ചർ5/ 01.06.2015)നിലവിൽ 4,69,29,108/-രൂപ ഇനിയും തിരികെ ലഭിച്ചിട്ടില്ല.അപാകതകൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടിൾ സ്വീകരിക്കേണ്ടതാണ്.

## 1-2 ബജറ്റ്

തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന്റെ 2019-2020 വർഷത്തെ ബഡ്ജറ്റ് 25.02.2019 ലെ 02ാം നമ്പർ തീരുമാനപ്രകാരം കോർപ്പറേഷൻ കൗൺസിൽ അംഗീകരിക്കുകയുണ്ടായി. വിശദവിവരം താഴെ ചേർക്കുന്നു.

| വർഷം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|

| | മുന്നിരിപ്പുൾപ്പെടെ | | |
|---|---|---|---|
| 2019-2020 | 2,54,39,22,946 | 199,12,40,693 | 55,26,82,253 |

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം തൻവർഷത്തെ വരവ്-ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 2018-2019 | ആകെ വരവ് | 153,75,58,214.32 |
| | ആകെ ചെലവ് | 158,00,08,271.09 |

## 1-3 2019-20 വാർഷികക്കണക്ക് -അപാകതകൾ

*ടാലി സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കുന്ന റസീപ്റ്റ് &പെയ്മെന്റ് അക്കൗണ്ട്, ഇൻകം & എക്സ്പെൻഡിക്ചർ അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ലെഡ്ജേഴ്സ് എന്നിവയാണ് ഓഡിറ്റിന് ഹാജരാക്കിയിരുന്നത്. ടാലിയിൽ മുഴുവനായും ഓൺലൈനായിട്ടല്ല വാർഷികക്കണക്ക് തയ്യാറാക്കുന്നത്.വൈദ്യുതിചാർജ്ജിനത്തിൽ കൌണ്ടറിൽ അടവാക്കുന്ന തുക ഒഴികെ മറ്റുള്ള വരവ് ചെലവ് കണക്കുകൾ മാന്വൽ ആയി ടാലിയിലേക്ക് ചേർക്കപ്പെടുന്നു.ഇങ്ങനെ ചേർക്കപ്പെടുന്ന തുകകളുടെ ആധികാരികത ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും പരിശോധനാവേളയിൽ ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതുമാണ്. മാത്രവുമല്ല വൈദ്യുതി വിഭാഗത്തിലെ കമ്പ്യൂട്ടർവൽക്കരണ പ്രവർത്തനങ്ങൾ പൂർണ്ണമാക്കേണ്ടതാണ്.

*2019-20 വാർഷികക്കണക്കിലെ എസ്.ബി.ഐ.ജി.എസ്.ടി.അക്കൗണ്ട്, എസ്.ബി.ഐ.ഇ ടെണ്ടർ അക്കൗണ്ട്, എന്നിവയിലെ മുന്നിരിപ്പ് 2018-19 വാർഷികക്കണക്കിലെ നീക്കിയിരിപ്പുമായി ഒത്തുപോകുന്നില്ല.

* ജീവനക്കാരിൽ നിന്നും സി.പി.എഫി.ലേയ്ക്ക് അടവാക്കുന്ന തുകയും നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ലഭിക്കുന്ന തുകയും വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല. 2019-20ൽ വരവായി 3,61,27,,949 രൂപയും ചെലവായി 4,24,32,421 രൂപയും ഉണ്ട്. ഭാഗം 4ൽ വിശദവിവരം ഉണ്ട്.

* വാർഷിക കണക്കിൽ വില്പന നികുതിയിനത്തിൽ വരവായി 8,586 രൂപയും ചെലവായി1,20,176 രൂപയും ചേർത്തിട്ടുണ്ട്. 1.7.2017 മുതൽ വില്പന നികുതിക്കുപകരം ജി.എസ്.ടി. നിലവിൽ വന്നിട്ടുണ്ടെന്നിരിക്കെ വാർഷിക കണക്കിൽ ഈയിനത്തിൽ തുക ഉൾപ്പെടുത്തിയതിൽ അപാകതയുണ്ട്.

* വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയെങ്കിലും ആയതിലെ ക്യാഷ് ഫ്ലോ സമ്മറി, റസീറ്റ് & പേമെന്റ് അക്കൗണ്ട്സ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നീ സ്റ്റേറ്റുമെന്റുകളിലെ ഇനങ്ങളിലെ തുകകളുടെ കൃത്യത തെളിയിക്കുന്ന രജിസ്റ്ററുകളോ മറ്റു രേഖകളോ പൂർണ്ണമായും ഹാജരാക്കുന്നതിൽ വൈദ്യുതി വിഭാഗത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്.അതിനാൽ ചില തുകകളുടെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിക്കാതെ വന്നിട്ടുണ്ട്.ഏതാനും വിവരങ്ങൾ തുടർഖണ്ഡികയിൽ ചേർത്തിട്ടുണ്ട്.

## 1-4 സൺഡ്രി ഡെബ്റ്റേഴ്സ്-തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

2019-20 വർഷത്തെ വാർഷിക കണക്കിന്റെ ഭാഗമായ ബാലൻസ് ഷീറ്റിലെ അസറ്റ് സൈഡിൽ സൺഡ്രി ഡെബ്റ്റേഴ്സ് ഹെഡ്ഡിൽ 6,59,24,440/- കാണുന്നു. ഇതുസംബന്ധിച്ച ഓരോ സെക്ഷനുകളുടെയും രജിസ്റ്ററുകളും രേഖകളും

ഹാജരാക്കിയതിൽ ഡിമാന്റ്, കളക്ഷൻ എന്നിവ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.ബാലൻസ് രേഖപ്പെടുത്തിയിട്ടില്ല. ഹാജരാക്കിയ ഫയലുകളിൽ കുടിശ്ശിക വരുത്തിയ ഗുണഭോക്താക്കൾക്ക് ഡിമാന്റ് നോട്ടീസ് നല്കിയതായി കാണുന്നു.എന്നാൽ മാസാന്ത്യം ഇനിയും ലഭിയ്ക്കാനുള്ള തുകയുടെ വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.ഓരോ വർഷവും തൻവർഷത്തെയും മുൻവർഷങ്ങളിലെയും കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തയ്യാറാക്കാതെ എപ്രകാരമാണ് ബാലൻസ്ഷീറ്റിലെ തുക ലഭ്യമായത് എന്നതിനു വിശദീകരണവും തുകയ്ക്ക് ആധാരമായ രേഖകൾ ക്ഷമതയുള്ള അധികാരി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കാനുമാവശ്യപ്പെട്ട് 14.02.2022നു നൽകിയ 39/2022-ാം നമ്പർ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ ഡിമാന്റ് ,കളക്ഷൻ,ബാലൻസ് എന്നിവ തയ്യാറാക്കി നൽകുന്നുണ്ടെന്നും 2021-2022 മുതൽ ഓപ്പണിംഗ് ബാലൻസ് ചേർത്ത് ഡി സി ബി ഉൾപ്പെടുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.എന്നാൽ കൃത്യമായ കുടിശ്ശികയും,വരവും,ബാക്കിയും മുൻവർഷങ്ങളിൽ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ 21-22 വർഷത്തെ മുൻബാക്കി എപ്രകാരം കൃത്യമായിരിയ്ക്കുമെന്നതും വ്യക്തമല്ല. വാർഷിക കണക്കിൽ അസറ്റ് ആയി രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിയ്ക്കുന്നതിനു ഉപോൽബലകമായ രേഖകൾ ഹാജരാക്കാത്തതിനാൽ വാർഷിക കണക്കിലെ തുക ഉറപ്പാക്കുന്നതിന് സാധിക്കുന്നില്ല.

## 1-5 Current Liabilities Schedule ൽ ഉൾപ്പെട്ട തുകകൾ പരിശോധിക്കാനായില്ല.

തൃശ്ശൂർ കോർപ്പറഷൻ വൈദ്യുതി വിഭാഗത്തിന്റെ 2019-2020 വർഷത്തെ അക്കൗണ്ട്സിൽ Current Liabilities Schedule ൽ താഴെ പറയും പ്രകാരം വൻ തുകകൾ ഉൾപ്പെട്ടിരിക്കുന്നു.

| Sl. No | Particulars | Debit | Credit |
|---|---|---|---|
| 1 | Rent Payable on Office Building & Substation | | 22,36,44,499 |
| 2 | R&M Street light | 3,02,71,080 | |
| 3 | Secretary Energy Charge | 3,68,64,295 | |
| 4 | Store Building | 26,32,687 | |
| 5 | Street Light (Energy) | 7,14,02,864.15 | |
| 6 | Street Light (Material) | 1,65,51,200.30 | |

വൈദ്യുതി വിഭാഗത്തിൽ നിന്നും കോർപ്പറേഷന് വാടക ഇനത്തിൽ നൽകേണ്ട തുകയാണ് ക്രമനമ്പർ 1ആയി കാണിച്ചിരിക്കുന്നത്. റവന്യൂ സെക്ഷനിൽ നിന്നുള്ള നിർദ്ദേശ പ്രകാരമാണ് വാടക ഇനത്തിൽ കോർപ്പറേഷന് അടയ്ക്കേണ്ടതായ തുകകൾ കണക്കാക്കുന്നതെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും കാലാകാലങ്ങളായി റവന്യൂ സെക്ഷനിൽ നിന്ന് ലഭിക്കുന്ന ഡിമാന്റ് നോട്ടിസ്, കത്ത്, രേഖകൾ, ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.കോർപ്പറേഷനിൽ നിന്നും വൈദ്യുതി വിഭാഗത്തിന് ലഭിക്കേണ്ട തുകകളാണ് ക്രമനമ്പർ 2,3,4,5,6 ആയി ഉൾപ്പെടുത്തിയിരിക്കുന്നത് എന്നാൽ ഈ തുക കണക്കാക്കിയതെങ്ങനെയെന്നോ ഇത് പരിശോധിക്കാനാവശ്യമായ ഫയലുകളോ രേഖകളോ ലഭ്യമാക്കുകയുണ്ടായില്ല.

അക്കൗണ്ട്സ് പ്രകാരം ബുക്ക് ചെയ്തിട്ടുള്ള തുകകൾ പരിശോധിക്കാനാവശ്യമായ രേഖകളുടെ അഭാവത്തിൽ ഈ തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിന് ഓഡിറ്റിനാകുന്നില്ല.

## 1-6 ഫ്യൂവൽ സർചാർജ് തുക -- വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല

ഫയൽ നം.- E4(B)285/19

ഈ ഫയൽ പ്രകാരം 1200581രൂപ ഫ്യൂവൽ സർചാർജ് (03/2019ലെ ബില്ലിൽ ഡിമാന്റ് ചെയ്ത ) അടവാക്കിയിട്ടുണ്ട്.

വൗച്ചർ നം.-- 45/14.05.2019

ചെക്ക് നം.-- 891907

ഡിഡി നം.-- 987706/16.05.2019

KSERC യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ KSEBL ലഭ്യമാക്കിയ കത്തുപ്രകാരമാണ് (GOR/Cu/Fuel Surcharge /2018-19/07.01.2019)

ഉപഭോഗത്തിന്റെ യൂണിറ്റിന് 0.15 പൈസ വീതം അടവാക്കിയത്. തെരുവുവിളക്കുകളുടെ തുക ഉൾപ്പെടാതെയാണ് മേൽപ്രകാരം തുക കണക്കാക്കിയത്.

ഫയലിൽ കണ്ടെത്തിയ ചുവടെ ചേർത്തിട്ടുള്ള അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖേന അസിസ്റ്റന്റ് സെക്രട്ടറിയെ അറിയിച്ചിരുന്നു.

1. ഈയിനത്തിൽ 03/2019 ന് എത്ര തുക പിരിച്ചെടുത്തുവെന്ന് ഫയലിൽ

വ്യക്തമല്ല. 03/2019 ൽ ഡിമാന്റ് ചെയ്ത തുക എന്നുമാത്രമാണ് ഫയലിൽ ഉള്ളത്.

2. 2019-20 ലെ വാർഷികകണക്കിൽ ബാലൻസ്ഷീറ്റ് പ്രകാരം 1668209രൂപ തെർമൽ സർചാർജ് ഇനത്തിൽ അടവാക്കാൻ ബാക്കിയുള്ളതായി ചേർത്തിട്ടുണ്ട്.ഈയിനത്തിൽ എത്ര തുക പിരിച്ചെടുത്തു, അടവാക്കി എന്ന വിവരങ്ങൾ ലഭ്യമല്ല

3.The Kerala State Electricity Regulatory Commission (Fuel Surcharge Formula)Regulations 2009 ൽ റഗുലേഷൻ 7 ൽ ഓരോ വിതരണലൈസൻസിയും ഓരോ ത്രൈമാസത്തിന്റെ അവസാനവും ഉപഭോക്താക്കൾക്ക് നൽകേണ്ട ഫ്യൂവൽ കോസ്റ്റ് റിക്കവറി റേറ്റ് കണക്കാക്കുന്നതിനുള്ള വിവരങ്ങൾ കമ്മീഷന് കൈമാറേണ്ടതാണ്.അപ്രകാരം വിവരങ്ങൾ കൈമാറിയതിന്റെ വിവരം ലഭ്യമല്ല.

4.റഗുലേഷൻ 10പ്രകാരം വിതരണലൈസൻസി ഓരോ മാസവും 7ാം തീയതിക്കകം ഊർജ്ജത്തിന്റെ മാസവിതരണക്കണക്കുകൾ ഫ്യൂവൽ കോസ്റ്റ് റിക്കവറി റേറ്റ് കണക്കാക്കുന്നതിന് കമ്മീഷനെയും ബോർഡിനെയും അറിയിക്കേണ്ടതാണ്. അപ്രകാരം കണക്കുകൾ തയ്യാറാക്കി അറിയിച്ചതായി കാണുന്നില്ല.

5.റഗുലേഷൻ 13 പ്രകാരം അടുത്തസാമ്പത്തികവർഷത്തിന്റെ രണ്ടാം പാദവർഷം മുതൽ സർചാർജ് റിക്കവറി

ആരംഭിക്കേണ്ടതാണ്.

6. റഗുലേഷൻ 14 പ്രകാരം The licensee who purchase electricity in bulk from the board shall promptly remit to the board on a monthly basis ,the amount of fuel cost recovered from their consumers for the quantity of energy bought from the board. ഇപ്രകാരം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്ന ഫ്യൂവൽ കോസ്റ്റ് മാസം തോറും ബോർഡിലേക്ക് അടവാക്കുന്നുണ്ടോ ,ഉണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽക്കാര്യങ്ങൾ കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/03.01.2022)തെർമൽ സർചാർജ് കൂടി ഉൾപ്പെടുത്തിയാണ് ബില്ലുകൾ ഡിമാന്റ് ചെയ്യുന്നത് എന്നറിയിച്ചിട്ടുണ്ട്.വൈദ്യുതി ബോർഡിനും കണക്കുകൾ യഥാസമയം നൽകുന്നുണ്ട് എന്നും KSERC ഉത്തരവ് ഇറക്കുമ്പോൾ മാത്രമാണ് സർചാർജ് റിക്കവറി നടത്തുന്നത് എന്നും അറിയിച്ചിട്ടുണ്ട്.

തെർമൽസർചാർജ് ഇനത്തിൽ 1200581 രൂപ ഓപ്പണിംഗ് ബാലൻസായി ഉണ്ടായിരുന്നത് 15.05.2019 ന് അടവാക്കിയിട്ടുണ്ട് എന്നും ബാക്കി പിരിച്ചെടുത്ത 467628 രൂപ അടുത്ത സാമ്പത്തികവർഷം അടവാക്കിയിട്ടുണ്ട് എന്നും അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ആയതിന്റെ ലെഡ്ജർ ഹാജരാക്കിയിട്ടുണ്ട്. ഹാജരാക്കിയ ലെഡ്ജർ പ്രകാരം 467628 രൂപയാണ് അടവാക്കുവാൻ ബാക്കിയുള്ളത്.എന്നാൽ 2019- 2020 ലെ ബാലൻസ് ഷീറ്റ് പ്രകാരം 1668209 രൂപ(1200581+467628) അടവാക്കുവാൻ ബാക്കിയുള്ളതായി കാണുന്നു. ഇപ്രകാരം അടവാക്കിയ തുക കൂടി ഉൾപ്പെടുത്തി ബാലൻസ് ഷീറ്റിൽ തെറ്റായ വിവരങ്ങൾ ചേർത്ത് ആകെ തുക ബാധ്യതയായി കാണിച്ചത് ശരിയല്ല. ഇപ്രകാരം തെറ്റായ വിവരങ്ങൾ ഉൾപ്പെടുത്തിയത് തിരുത്തി വാർഷികകണക്കുകൾ കൃത്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 പെനൽറ്റി ശീർഷകത്തിലെ വരവ്/ ചെലവ് രേഖകൾ ഹാജരാക്കിയില്ല.

വൈദ്യുതി വിഭാഗത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ അക്കൗണ്ട്സിലെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ഇലക്ട്രിസിറ്റി ആക്ട് 2003 ലെ വിവിധ സെക്ഷനുകൾ പ്രകാരം ചുമത്തിയ പെനൽറ്റി ശീർഷകത്തിൽ വരവ്/ ചെലവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| പെനൽറ്റി ശീർഷകം | തുക | പെനൽറ്റി ശീർഷകം | തുക |
| Section-127 (Appeal to Appellate Authority) | 500 | S-126 | 207616 |
| Section-134 (payment of compensation | 13294 | | |

| | | | |
|---|---|---|---|
| or damages on transfer) | | | |
| Section-126 (Assessment) | 6146771 | | |
| ആകെ | 6160565 | ആകെ | 207616 |

വൗച്ചർ പരിശോധനയിൽ S-126 ,ഇനത്തിലെ 61,46,771 രൂപ വരവുമായി ബന്ധപ്പെട്ട രേഖകൾ മാത്രമാണ് ലഭ്യമായത്. 20.11.2021 ലെ 15- ാം നമ്പർ ഓഡിറ്റ് റിക്വിസിഷൻ ക്രമ നം. 7 പ്രകാരം പെനൽറ്റി ശീർഷകത്തിൽ വരവ്/ ചെലവ് അനുബന്ധ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.

22.02.222 ലെ ഓഡിറ്റ് അന്വേഷണം 47 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സെക്ഷൻ126പെനൽറ്റി ശീർഷകത്തിലെ ചെലവ് തുകയായ 2,07,616 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.സെക്ഷൻ 127,134 പ്രകാരമുള്ള 13,794 രൂപയുടെ വരവിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-8 ക്യാഷ്ബുക്ക് പരിപാലനം-അപാകതകൾ

2019-20 വർഷത്തെ ക്യാഷ്ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. എസ്ബിഐ ജിഎസ്ടി അക്കൗണ്ട്,എസ്ബിഐ കറൻറ് അക്കൗണ്ട്, എസ്ബിഐ ഇ-ടെണ്ടർ അക്കൗണ്ട്, ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് 7759 എന്നീ അക്കൗണ്ടുകളിലെ വരവ് ചെലവുകൾ ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2. വാർഷിക കണക്കിൽ കാണുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് പാസ്ബുക്കുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) റൂൾസ് ചട്ടം 54 പ്രകാരം ക്യാഷ്ബുക്ക് എല്ലാ ദിവസവും ക്ലോസ് ചെയ്യുകയും ക്യാഷ് ബാലൻസും ക്യാഷ് ബുക്ക് ബാലൻസും എല്ലാ ദിവസവും ഭൗതിക പരിശോധന നടത്തുകയും ചെയ്യേണ്ടതാണ്.കേരള ട്രഷറി കോഡ് വോള്യം1 റൂൾ 92(എ) (4) പ്രകാരം ഓരോ മാസാവസാനവും ഓഫീസ് മേലധികാരി ക്യാഷ് ബുക്ക് പ്രകാരമുള്ള ബാലൻസ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ഇപ്രകാരം ക്യാഷ്ബുക്ക് ക്ലോസ് ചെയ്യുകയോ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.ഓഡിറ്റ് പരിശോധന സമയത്ത് നിർദ്ദേശം നൽകിയതിനെ തുടർന്ന് മാത്രമാണ് ഓരോ മാസത്തിലേയും റീകൺസിലിയേഷൻ സ്റ്റേറ്റ്മെൻറ് സാക്ഷ്യപ്പെടുത്തിയത്.

4. 2019-20 വർഷത്തെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെൻറിൽ അൺക്യാഷ്ഡ് ചെക്ക് എക്സ്പെൻഡിച്ചർ ആയി 2016മുതലുള്ള ചെക്കുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഒരു ചെക്കിന്റെ കാലാവധി 3 മാസമാണെന്നിരിക്കേ ടി ചെക്കുകൾ പ്രകാരമുള്ള തുകകൾ അതത് സാമ്പത്തിക വർഷങ്ങളിലെ തന്നെ കാലാവധിക്കുള്ളിൽ മാറിയിട്ടില്ല എങ്കിൽ തീയതി നീട്ടി നൽകുകയോ,പുതിയ ചെക്ക് നൽകുകയോ ചെയ്യേണ്ടതാണ്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5. 03/2020ലെ എസ്ബിഐ റീകൺസിലിയേഷൻ സ്റ്റേറ്റ്മെൻറിൽ wrong creditആയി 495190/-രൂപയും wrong debit ആയി 22412.28/-രൂപയും remitted in excessആയി 1354/-രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. ഫെഡറൽ ബാങ്ക് ഓൺലൈൻ അക്കൗണ്ട് റീകൺസിലിയേഷൻ സ്റ്റേറ്റ്മെൻറിൽ payment received but not credited in bank before

31.03.2020 ആയി 247755/-രൂപയും excess amount credited but not refunded ആയി 25967/-രൂപയും രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.20/30.12.2021) മറുപടി ലഭ്യമാക്കിയെങ്കിലും ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് ബാങ്ക് പാസ്ബുക്കുകൾ, രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

### 1-9 സോളാർ റീഫണ്ട് - അധിക തുക ചെലവഴിച്ചു

2019-20 സാമ്പത്തികവർഷം വൈദ്യുതി വിഭാഗം ഉപയോക്താക്കളിൽ നിന്ന് യൂണിറ്റിന് 3.14 രൂപക്കാണ് സോളാർ എനർജി വാങ്ങിയിട്ടുള്ളത്. എന്നാൽ വാർഷികകണക്കുകളുടെ ട്രൂയിംഗ് അപ് പെറ്റീഷൻ പ്രകാരം 2.94 രൂപക്ക് സോളാർ എനർജി വാങ്ങിയതായാണ് കാണിച്ചിട്ടുള്ളത്.

ഇതുമായി ബന്ധപ്പെട്ട് ട്രൂയിംഗ് അപ് പെറ്റീഷൻ സംബന്ധിച്ച ഉത്തരവിലെ KSERC യുടെ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

Paragraph 17. In the true up petition, the licensee has shown the power purchase as Rs.110,35.30 lakhs for 1619.57 lakhs units. The Commission in the ARR Orderfor the year 2019-20 approved the power purchase of Rs. 11,231.08 lakhs for purchasing 1664.70 lakhs units. The details of power purchase cost as per the petition is given below:-

Table 4

Details of Power Purchase Cost for the year 2019-20

| Source | Quantity purchased | Fixed charges | Energy charges | Other charges (PF penalty) | Total cost | Average Cost |
|---|---|---|---|---|---|---|
| | (lakh units) | (Rs.lakh) | (Rs.lakh) | (Rs.lakh) | (Rs.lakh) | (Rs,/kWh |
| KSEB Ltd | 1,618.30 | 1,328.14 | 9,693.64 | 9.80 | 11,031.58 | 6.82 |
| Solar energy from prosumers | 1.30 | | 3.72 | | 3.72 | 2.94 |

| | | | | | | |
|---|---|---|---|---|---|---|
| Total | 1,619.50 | 1,328.<br>14 | 9,697.36 | 9.80 | 11,035.<br>30 | 6.81 |

18. The Commission has examined the above table. The total energy purchased includes the power purchased from KSEB Ltd and solar energy purchased from 6consumers. The average power purchase cost including the purchase of energy from prosumers is Rs.6.81/kWh. The solar energy purchased from consumers is 1.30 lakh units @2.94 per unit, costing Rs.3.72 lakh. The Commission further notes that the rate of Rs.2.94 per unit has not been approved by the Commission for TCED and hence the amount paid is treated as provisional only. The licensee may furnish the rationale for paying Rs.2.94 per unit in the purchase of energy from solar PV installations of the consumers.

1.30 ലക്ഷം യൂണിറ്റിന് 3.14രൂപ നിരക്കിൽ 4.082 ലക്ഷം രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. 2.94 രൂപ നിരക്കിൽ ആണെങ്കിൽ 3.822ലക്ഷം രൂപയാണ് ചെലവ്.

2019-20 സാമ്പത്തികവർഷം 3.14 രൂപ നിരക്കിൽ സോളാർ എനർജി വാങ്ങിയെങ്കിലും 2.94 രൂപ നിരക്കിൽ വാങ്ങിയതായി കമ്മീഷന് നൽകിയ കണക്കിൽ അറിയിച്ചതിന് കാരണം വ്യക്തമല്ല. 3.14രൂപ നിരക്കിൽ വാങ്ങുന്നതിന് പ്രത്യേകഉത്തരവ് ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾ ഓഡിറ്റ് എൻക്വയറി നം.41/16.02.2022 പ്രകാരം അസിസ്റ്റന്റ് സെക്രട്ടറിയുടെ ശ്രദ്ധയിൽ പെടുത്തിയിരുന്നു.ആയതിന് 2018-19 സാമ്പത്തികവർഷം വൈദ്യുതിവിഭാഗം ഗ്രിഡിലേക്ക് വൈദ്യുതി നൽകിയതിന്റെ തുകയാണ് 2019-20 ൽ ഉപഭോക്താക്കൾക്ക് നൽകിയിട്ടുള്ളതെന്നും 2018-19 ൽ കെ എസ് ഇ ആർ സി 3.14 രൂപയാണ് നിശ്ചയിച്ച നിരക്കെന്നും ആണ് മറുപടി നൽകിയത്. 2019 -20 വർഷം പ്രത്യേക നിരക്ക് നിശ്ചയിച്ചിട്ടില്ല എന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ ഈയിനത്തിൽ ചെലവഴിച്ച തുകയേക്കാൾ കുറവ് തുകയാണ് കമ്മീഷന് മുമ്പിൽ ഹാജരാക്കിയ കണക്കുകളിൽ ചേർത്തിട്ടുള്ളത്. ഇപ്രകാരം തെറ്റായ കണക്കുകൾ ഹാജരാക്കിയതിന്റെ കാരണം വ്യക്തമാക്കി ഓഡിറ്റിന് രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-10 സ്ഥാപനത്തിന്റെ വളർച്ചാനിരക്ക് കുറയുന്നു-അടിയന്തിരശ്രദ്ധ പതിയേണ്ടതാണ്.

വൈദ്യുതി വിഭാഗത്തിന്റെ വരവ്-ചെലവ് കണക്കുകൾ പ്രകാരം കഴിഞ്ഞ അഞ്ചു വർഷത്തെ സ്ഥിതി വിലയിരുത്തുമ്പോൾ 2015-16 വർഷം മുതൽ സ്ഥാപനത്തിന്റെ സാമ്പത്തിക പുരോഗതിയിൽ സ്ഥിരതയില്ലാത്തതായി കാണുന്നു.ചില വർഷങ്ങളിൽ വരവിനേക്കാൾ അധികം ചെലവ് തുകയാണ് വന്നിട്ടുള്ളത്.2018-19ൽ നാമമാത്രമായ തുകയാണ് ലാഭം കാണിച്ചിട്ടുള്ളത്.2019-20ൽ വലിയൊരു തുക നഷ്ടത്തിലെത്തി നിൽക്കുന്നു.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർഷം | വരവ് | ചെലവ് | ലാഭം/നഷ്ടം |
|---|---|---|---|
| 2015-16 | 110,59,34,598.71 | 117,39,24,281.88 | -6,79,89,683.17 |

| | | | |
|---|---|---|---|
| 2016-17 | 196,28,92,683.09 | 193,90,49,516.5 | 238,43,166.55 |
| 2017-18 | 153,29,25,456 | 156,61,54,178 | -332,28,722 |
| 2018-19 | 149,87,53,903.26 | 149,87,44,086.76 | 9816.5 |
| 2019-20 | 153,75,58,214.32 | 158,00,08,271.09 | -4,24,50,056.77 |

മുകളിൽ ചേർത്ത പട്ടികപ്രകാരം 2019-20 വർഷത്തിൽ 4,24,50,056.77/-രൂപ നഷ്ടം സംഭവിച്ചിരിക്കുന്നു. സ്ഥാപനത്തിനെ ലാഭകരമായ അവസ്ഥയിലേക്കെത്തിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.ഇക്കാര്യത്തിൽ ഭരണകർത്താക്കളുടെ ഗൌരവതരമായ ഇടപെടലുകൾ ഉണ്ടാവേണ്ടതാണ്.

## 1-11 സ്ഥിരനിക്ഷേപത്തിൽ കുറവ് കാണുന്നു

2019-20 സാമ്പത്തികവർഷത്തെ സ്ഥിരനിക്ഷേപം പരിശോധിച്ചതിൽ, സ്ഥിരം നിക്ഷേപമായി ആകെ 55,13,69,090 രൂപയാണ് ഉള്ളത്. എന്നാൽ 2018-19 സാമ്പത്തികവർഷത്തെ റിപ്പോർട്ട് പ്രകാരം സ്ഥിരനിക്ഷേപം 58,24,66,901 രൂപയാണ്. 3,10,97,811രൂപ കുറവായി കാണുന്നു.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.59 തീയതി: 16.3.2022നുള്ള മറുപടിയായി, 1.4.2019ൽ ഫിക്സഡ് ഡെപ്പോസിറ്റായി ഉണ്ടായിരുന്നത് 58,24,66,901 രൂപയാണ്. ആയതിന് Interest ഇനത്തിൽ Fixed Deposit നോട് ചേർത്ത തുക 3,16,61,917/- രൂപ ആകെ തുക 61,41,28,818/- രൂപയാണ്. ടി വർഷത്തിൽ (2019-20) 6,27,59,728/- രൂപ ബൾക്ക് സപ്ലൈ അടവാക്കുന്നതിനും, പെൻഷൻ നൽകുന്നതിനും,ഡ്യൂട്ടി 3, ഡ്യൂട്ടി 4 എന്നിവ അടവാക്കുന്നതിനായി premature closing നടത്തിയിട്ടുള്ളതാണ്.ആയതിനുശേഷം 55,13,69,090/-രൂപ സ്ഥിരനിക്ഷേപമായി 31.03.2020ന് ഉള്ളത് എന്നാണ് നൽകിയിരിക്കുന്നത്.ഇതിൽ നിന്നും സ്ഥാപനത്തിന്റെ വരുമാനത്തിൽ വളരെയധികം കുറവ് വരുന്നതായും സ്ഥിരനിക്ഷേപമായി സൂക്ഷിച്ച തുകയിൽ നിന്നും സ്ഥാപനത്തിന്റെ നടത്തിപ്പിന് വേണ്ടി ചെലവ് ചെയ്യുതായും കാണുന്നു. വരുമാനം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടികൾ നഗരസഭാ വൈദ്യുതി വിഭാഗത്തിൽ നിന്നും ഉണ്ടാവേണ്ടതാണ്.

## 1-12 വൌച്ചർ സൂക്ഷിക്കുന്നതിലെ അപാകതകൾ

2019-20 വർഷത്തെ വൈദ്യുതി വിഭാഗം ഓഡിറ്റുമായി ബന്ധപ്പെട്ട് ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയ ചില വൗച്ചറുകൾ പരിശോധനക്കായി ഹാജരാക്കാത്തത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം 8 തീയതി 07.12.2021) നൽകിയിരുന്നു.ഇതിൽ എസ്റ്റാബ്ലിഷ് മെന്റുമായി ബന്ധപ്പെട്ട വൌച്ചറുകൾ വെവ്വേറെയായി കെട്ടിവച്ചിരുന്നത് പിന്നീട് ഹാജരാക്കുകയുണ്ടായി.ചിലത് ബന്ധപ്പെട്ട ഫയലിനോടൊപ്പമാണ് സൂക്ഷിക്കുന്നത്.ഈ രീതി ആശ്വാസ്യകരമല്ല.ഒരു വർഷം ഇടപാട് നടന്ന എല്ലാ വൌച്ചറുകളും ഒരുമിച്ച് സൂക്ഷിക്കേണ്ടതും അപ്രകാരം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.ഓരോ മാസത്തിലും ഒന്നു മുതൽ നമ്പരിട്ട് വൌച്ചറുകൾ സൂക്ഷിക്കുന്ന നിലവിലെ നടപടി ശരിയല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. പകരം സാമ്പത്തികവർഷാദ്യം മുതൽ അവസാനം വരെ തുടർച്ചയായി നമ്പരിട്ട് വൌച്ചറുകൾ സൂക്ഷിക്കേണ്ടതാണ്.

## 1-13 ഇഎംഡി/എസ്ഡി ( vendors) രജിസ്റ്റർ - അപാകതകൾ

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിലെ ഇഎംഡി/എസ്ഡി (vendors) രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2019-20 വാർഷിക കണക്കുപ്രകാരം ഇഎംഡി/എസ്ഡി (vendors) എന്നയിനത്തിലുള്ള വരവ് ചെലവുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| മുൻ ബാക്കി | 10190488 |
| വരവ് (റെസീപ്റ്റ് & പേമെന്റ് പ്രകാരം) | 722576 |
| ആകെ | 10913064 |
| ചെലവ് (റെസീപ്റ്റ് & പേമെന്റ് പ്രകാരം) | 664495 |
| നീക്കിയിരുപ്പ് (ബാലൻസ് ഷീറ്റ് പ്രകാരം) | 10248569 |

കേരള പബ്ലിക്ക് വർക്ക് അക്കൗണ്ട് കോഡ് സെക്ഷൻ 15.5.1ൽ ഓരോ മാസാവസാനത്തിലും വർഷാവസാനത്തിലും ഡെപ്പോസിറ്റുകളുടെ മുന്നിരിപ്പ്, വരവ്, ആകെ തുക, അഡ്ജസ്റ്റ്മെന്റ് എന്നിവയുടെ സംഗ്രഹം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രജിസ്റ്ററിൽ അപ്രകാരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കിലെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല. മാത്രവുമല്ല 2018-19 വർഷത്തെ വാർഷിക കണക്കിൽ ബാലൻസ് ഷീറ്റ് പ്രകാരം നീക്കിയിരുപ്പിൽ (യഥാർത്ഥ നീക്കിയിരുപ്പിനേക്കാൾ) 267503/- രൂപ വ്യത്യാസം ഉള്ളതായുള്ള ആ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം നാളിതുവരെ പരിഹരിച്ചിട്ടില്ല.

2. ഡെപ്പോസിറ്റ് തിരികെ നൽകിയതിന്റെ വിശദാംശങ്ങൾ (ചെക്ക് നം., വൗച്ചർ നം, തീയതി, ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ ഒപ്പ് എന്നിവ) രജിസ്റ്ററിൽ ചേർക്കുകയോ, തിരികെ നല്കിയ ഡെപ്പോസിറ്റുകൾ റൗണ്ട് ചെയ്ത് അധികാരികൾ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| റീഫണ്ട് വൗച്ചർ നം. & തീയതി | തുക | രജിസ്റ്റർ ക്രമനമ്പർ |
|---|---|---|
| 61/18.05.2019 | 9935/- | 284, 321a |
| 46/11.11.2019 | 40000/- | 601 |
| 54/20.01.2020 | 2800/- | 532a |
| 93/22.10.2019 | 9500/- | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 40/14.01.2020 | 19000/- | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |
| 41/14.01.2020 | 33595/- | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല |

3. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഡെപ്പോസിറ്റുകളുടെ വിവരം ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റ് നം./തീയതി,പ്രവൃത്തിയുടെ പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം1 ആർട്ടിക്കിൾ 282(1) പ്രകാരം 3 വർഷത്തിനു ശേഷം കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റുകൾ ലാപ്സ്ഡ് ഡെപ്പോസിറ്റായി കണക്കാക്കി നഗരസഭ ഫണ്ടിൽ അടവാക്കേണ്ടതാണ്. എന്നാൽ കാലഹരണപ്പെട്ട തുകകളുടെ വിവരം ലഭ്യമല്ല.

മേൽ അപാകതകൾ സംബന്ധിച്ച ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/03.12.2021) അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് പരിഹരിച്ച് രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി യഥാവിധി സൂക്ഷിക്കേണ്ടതാണ്.

## 1-14 ഔദ്യോഗികാവശ്യത്തിന് വാഹനം ലീസിനെടുത്തത്-സർക്കാർ അനുമതി വാങ്ങിയില്ല

ഫയൽ നം.E2(1) - 4257/18

വാഹനങ്ങൾ ലീസിനെടുക്കുന്നതിന് ധനകാര്യ വകുപ്പിന്റെ (എക്സ്പെൻഡിച്ചർ -B) 15.09.2018ലെ 85/2018 /ഫിൻ നമ്പർ സർക്കുലർ പ്രകാരം സർക്കാർ അനുമതി ആവശ്യമാണ്.എന്നാൽ സർക്കാർ അംഗീകാരം വാങ്ങിക്കുന്നതിനു മുൻപ് തന്നെ മേയറുടെ മുൻകൂർ അനുമതിയോടെ അസി.സെക്രട്ടറിയുടെ ഔദ്യോഗികാവശ്യങ്ങൾക്കായി വാഹനം ലീസിനെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ആയതിനുള്ള ടെണ്ടർ ക്ഷണിച്ച് ശ്രീ.ഡിനിൻ.വി.ദിനേഷ് എന്നയാളിൽ നിന്നും വാഹനം ലീസിനെടുക്കുകയും ചെയ്തു (KL08 BS 1314-ഇന്നോവ ക്രിസ്റ്റ). ലീസിനെടുത്തതുമായി ബന്ധപ്പെട്ട് 2019-20 സാമ്പത്തിക വർഷം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ചെക്ക് നം., തീയതി | വൗച്ചർ നം. | തുക |
|---|---|---|
| 891862/26.04.2019 | 91 | 118599/- |
| 891912/16.05.2019 | 50 | 57998/- |
| 728354/30.07.2019 | 111 | 79100/- |
| ആകെ | | 255697/ |

15.09.2018ലെ 85/2018/ഫിൻ നമ്പർ സർക്കുലർ പ്രകാരം സർക്കാരിന്റെ അനുമതിയോടെ മാത്രമാണ് വാഹനങ്ങൾ ലീസിനെടുക്കാവുന്നത്. ഈ വിഷയത്തിൽ വാഹനം ലീസിനെടുക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.3/03.12.2021) മറുപടി നൽകിയിട്ടില്ല. ആയതിനാൽ 2019-20 വർഷം വാഹനം ലീസിനെടുത്തയിനത്തിൽ ചെലവഴിച്ച 255697/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 വാഹനങ്ങളുടെ ഉപയോഗം - സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിൽ നിലവിൽ 4 വാഹനങ്ങളാണ് ഉപയോഗത്തിലുള്ളത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

i.ബൊലേറോ (KL-08-BB 8876)

ii.ബൊലേറോ ക്യാമ്പർ (KL-08-AY 9458)

iii.ടാറ്റ ലോറി ടെലസ്കോപിക് സ്കൈ ലിഫ്റ്റ് (KL-08-AZ 7929)

iv.ടി.വി.എസ്.ജൂപിറ്റർ (KL-08-BG-3516)

മേൽ വാഹനങ്ങളുടെ ലോഗ്ബുക്കുകൾ പരിശോധിച്ചതിൽ സ.ഉ.(എം.എസ്) നം.170/07/ ത.സ്വ.ഭ.വ തീയതി 30.06.2007, സർക്കുലർ നം.41/2008/ധനം.02/08/2008 എന്നീ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല.

1. ഓരോ മാസത്തിലേയും ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള മാസാന്ത്യ സംക്ഷിപ്തം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

2. ഓരോ വാഹനത്തിന്റേയും ഇന്ധന ക്ഷമതാ ടെസ്റ്റ് ആറു മാസത്തിലൊരിക്കൽ മോട്ടോർ വാഹന വകുപ്പിലെ അർഹതയുള്ള ഉദ്യോഗസ്ഥനേക്കൊണ്ട് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്. എന്നാൽ 23.10.2018 ന് ശേഷം ഇന്ധന ക്ഷമതാ ടെസ്റ്റ് 05.03.2020ലാണ് നടത്തിയിട്ടുള്ളത്.ആയതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ വാഹനങ്ങളുടെ ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്തിയിട്ടില്ല.

ടി അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/08.12.2021) പരിഹരിക്കാമെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും മേൽ അപാകതകൾ നിലനിൽക്കുന്നു. വാഹനങ്ങളുടെ ഇന്ധന ക്ഷമതാ ടെസ്റ്റ് യഥാസമയം നടത്തി ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതും ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചുള്ള മാസാന്ത്യ സംക്ഷിപ്തം എഴുതി ലോഗ്ബുക്ക് കാലികമാക്കേണ്ടതുമാണ്. വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കേണ്ടതാണ്.

## 1-16 ശമ്പള ബിൽ രജിസ്റ്റർ പരിപാലിക്കുന്നതിലെ അപാകതകൾ

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗം ജീവനക്കാരുടെ 2019-20 സാമ്പത്തിക വർഷത്തെ ശമ്പള ബിൽ രജിസ്ററർ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ശമ്പള ബിൽ രജിസ്റ്ററിൽ ജീവനക്കാരുടെ പേരും തസ്തികയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ശമ്പള സ്കെയിൽ, ഇൻക്രിമെന്റ് തിയതി, ജി.പി.എഫ് അക്കൗണ്ട് നമ്പർ, മുൻകൂറുകൾ അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം തുടങ്ങിയ വിവരങ്ങളൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

2.പ്രമോഷൻ കിട്ടിയ ജീവനക്കാർക്ക് ആയതിന്റെ വിവരമോ ഏത് തസ്തികയിലേക്കാണ് പ്രമോഷനായത് തുടങ്ങിയ വിവരങ്ങളൊന്നും ചേർക്കാതെ ശമ്പളത്തിലുള്ള വർദ്ധനവ് മാത്രമാണ് രേഖപ്പെടുത്തി കാണുന്നത്.

3. ഓരോ മാസത്തെയും ശമ്പളം അനുവദിച്ചതിന്റെയും തിരിച്ചടവ് നടത്തിയതിന്റെയും വിവരങ്ങൾ അധികാരപ്പെട്ട മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

ശമ്പള ബിൽ രജിസ്റ്ററിൽ പൂർണ്ണമായും വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 പ്രൊവിഡന്റ് ഫണ്ട് - ട്രഷറി അക്കൗണ്ടിൽ നിന്നും പിൻവലിച്ച തുക തിരികെ ലഭിച്ചിട്ടില്ല.

ഇ3 525/01 ഫയൽ പരിശോധിച്ചതിൽ സ.ഉ.(കൈ) നം. 51/2018/ധന തിയതി. 28.03.2018 ലെ സർക്കാർ ഉത്തരവിനാൽ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിലുണ്ടായിരുന്ന പണം സർക്കാർ പിൻവലിച്ചതിന്റെ

ഭാഗമായി 2,22,35,864/- രൂപ തൃശ്ശൂർ നഗരസഭയുടെ (വൈദ്യുതി വിഭാഗം) സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ (TPA 713030200000001) നിന്നും 29.03.2018 ൽ സർക്കാർ പിൻവലിച്ചിട്ടുണ്ട്. ഈ അക്കൗണ്ട് വൈദ്യുതി വിഭാഗത്തിലെ പ്രോവിഡന്റ് ഫണ്ട് ആവശ്യങ്ങൾക്കായി തൃശ്ശൂർ അഡീഷണൽ സബ് ട്രഷറിയിൽ തുടങ്ങിയിട്ടുള്ളതാണ്. ടി തുക നാളിതുവരെ തിരികെ ലഭിച്ചിട്ടില്ലാത്തതാണ്. ഇത് മുൻ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ആയത് തിരികെ ലഭിക്കുന്നതിനായി വൈദ്യുതി വിഭാഗത്തിൽ നിന്നും 17.05.18, 08.10.18, 16.11.18, 24.06.19, 30.07.19, 19.11.19, 10.06.20, 23.09.20, 20.11.20, 12.07.21, 04.08.21, 10.09.21 തിയതികളിൽ വൈദ്യുതി വിഭാഗത്തിൽ നിന്നും ബഹുമാനപ്പെട്ട നഗരകാര്യ ഡയറക്ടർക്ക് കത്ത് നൽകിയതായാണ് ഓഡിറ്റ് എൻക്വയറി 14 തിയതി 20.12.21 ന് നൽകിയ മറുപടിയിൽ അറിയിച്ചിരിക്കുന്നത്. തുക തിരികെ ലഭിക്കുവാൻ നഗരസഭാതലത്തിൽ നടപടി കൈകൊള്ളേണ്ടതാണ്.

### 1-18 മീറ്റർ ടെസ്റ്റിംഗ്-കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ നിർദ്ദേശം പാലിച്ച് കാലികമായി നടപ്പാക്കുന്നില്ല.

കേരളാ ഇലക്ട്രിസിറ്റി സപ്ളൈ കോഡ് 2014 സെക്ഷൻ 113(6) പ്രകാരം ലൈസൻസി കാലികമായി മീറ്റർ ടെസ്റ്റിംഗ് താഴെപ്പറയുന്ന ഷെഡ്യൂൾ പ്രകാരം നടത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

*സിംഗിൾ ഫേസ് മീറ്റർ വർഷത്തിലൊരിക്കൽ

*LT3ഫേസ് മീറ്റർ വർഷത്തിലൊരിക്കൽ

*MD1ഉൾപ്പെട്ടHT/EHT മീറ്റർ വർഷത്തിലൊരിക്കൽ

അതോടൊപ്പം കറന്റ് ട്രാൻസ്ഫോർമർ പൊട്ടൻഷ്യൽ ട്രാൻസ്ഫോർമർ,വയറിംഗ് കണക്ഷൻ ടെസ്റ്റിംഗ് എന്നിവയും മീറ്റർ ടെസ്റ്റിംഗിനോടൊപ്പം നടത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്.എന്നാൽ കോർപ്പറേഷൻ വൈദ്യുതി വിഭാഗം കമ്മീഷൻ നിർദ്ദേശപ്രകാരമുള്ള മീറ്റർ ടെസ്റ്റിംഗ് കാലികമായി നടപ്പാക്കുന്നില്ല.

പൊതുജന സമ്പർക്ക കേന്ദ്രങ്ങളായ ആശുപത്രികൾ തുടർച്ചയായി പ്രവർത്തനം നടത്തുന്ന വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയവയിൽ മീറ്റർ ടെസ്റ്റിംഗ് കാലികമായി നടത്തുന്നതിനെക്കുറിച്ച് സപ്ലൈ കോഡ് 2014സെക്ഷൻ 114 ൽ പറയുന്നുണ്ട് . അത്തരം ഉപഭോക്താക്കളുടെ ഡാറ്റാബാങ്ക് സൂക്ഷിക്കേണ്ടതും അവ കാലികമാക്കേണ്ടതുമാണ്. ടെസ്റ്റ് റിസൾട്ട് അനക്സർ 14 പ്രകാരമുള്ള ഫോർമാറ്റിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. മേൽ പ്രകാരമുള്ള മീറ്റർ ടെസ്റ്റിംഗ് നടത്തുകയോ ഡാറ്റാബാങ്ക് സൂക്ഷിക്കുകയോ ചെയ്യുന്നില്ല. ഓഡിറ്റ് എൻക്വയറി 48/23.02.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞവയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-19 പെൻഷൻ കോൺട്രിബ്യൂഷൻ നഗരകാര്യ ഡയറക്ടറേറ്റിലേക്ക് അടയ്ക്കുന്നില്ല.

1996 ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കംറിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരന്റെയും പ്രതിമാസ മൊത്ത വേതനത്തിന്റെ 15% പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്.

എന്നാൽ തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ 05/12 മുതൽ

നഗരകാര്യ ഡയറക്ടറേറ്റിലേക്ക് അടയ്ക്കുന്നില്ല. 05/2012 മുതൽ വൈദ്യുതി വിഭാഗത്തിൽ നിന്നുള്ള പെൻഷൻ കോൺട്രിബ്യൂഷൻ, പെൻഷൻ വിതരണത്തിനായി ചെലവഴിച്ച തുകയിൽ നിന്നും തട്ടിക്കിഴിച്ച് അയച്ചതിന്റെ പട്ടിക നഗരകാര്യ ഡയറക്ടർക്ക് അതാത് മാസങ്ങളിൽ അയച്ചു നൽകുകയാണ് പതിവ് എന്നും പെൻഷൻ വിതരണത്തിനുള്ള ഫണ്ട് യഥാസമയം ലഭിക്കാത്തതു മൂലമാണ് പെൻഷൻ കോൺട്രിബ്യൂഷൻ അടക്കുന്നതിന് സാങ്കേതിക തടസ്സമുള്ളത് എന്നുമാണ് ഓഡിറ്റ് എൻക്വയറി 17 തിയതി 28.12.21 ന് ലഭിച്ച മറുപടി. എന്നാൽ ചെക്കോ, ഡി.ഡി.യോ മറ്റേതെങ്കിലും വിധത്തിലോ തുക പിൻവലിച്ച് പെൻഷൻ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നില്ല. അതിനു പകരം വൈദ്യുതി വിഭാഗത്തിന്റെ ജനറൽ അക്കൗണ്ടിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ തുക, പെൻഷൻ അലോട്ട്മെന്റിലേക്ക് ക്രമീകരിക്കുന്നു എന്നു രേഖപ്പെടുത്തുക മാത്രമാണ് ചെയ്തിരിക്കുന്നത്. അതായത് നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ലഭിക്കേണ്ട പെൻഷൻ അലോട്ട്മെന്റിൽ നിന്നും ബുക്ക് അഡ്ജസ്റ്റ്മെന്റ് ആയി ക്രമീകരിച്ച് പെൻഷൻ കോൺട്രിബ്യൂഷൻ കുറയ്ക്കുന്നു. ഈ അപാകത മുൻ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശിച്ചിട്ടുള്ളതാണ്.

2019-20 വർഷത്തിൽ 4,82,72,119/- രൂപ നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും നഗരസഭ വൈദ്യുതി വിഭാഗത്തിന് അനുവദിച്ചിട്ടുള്ളത്. എന്നാൽ റെഗുലർ വിഭാഗം സർവ്വീസ് പെൻഷൻകാർക്കും ഫാമിലി പെൻഷൻകാർക്കും പെൻഷൻ വിതരണത്തിനായി 6,74,05,268/- രൂപ ചെലവഴിച്ചതായും കാണുന്നു.

പെൻഷൻ വിതരണത്തിന് ആവശ്യമായ തുക അനുവദിച്ചു കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉചിതമാചയ നടപടികൾ സ്വീകരിക്കാനായി വിഷയം നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. നഗരകാര്യ വകുപ്പിൽ നിന്നും പെൻഷൻ വിഹിതം യഥാസമയം ലഭ്യമായില്ലെങ്കിൽ ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

### 1-20 മുൻകൂർ രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നതിൽ വീഴ്ച

2019-20 വർഷത്തെ വൈദ്യുതി വിഭാഗം ഓഡിറ്റുമായി ബന്ധപ്പെട്ട് മുൻകൂർ രജിസ്റ്റർ പരിശോധിച്ചപ്പോൾ ചില മുൻകൂർ വിവരങ്ങൾ താഴെപ്പറയുന്ന രീതിയിൽ രേഖപ്പെടുത്തിയിരുന്നു.

| മുൻകൂർ ലഭിച്ച ഉദ്യോഗസ്ഥന്റെ പേര് | വൗച്ചർ നം/തീയതി | അനുവദിച്ച തുക | മുൻകൂർ രജിസ്റ്ററിൽ ചേർത്ത തീയതി | ക്രമപ്പെടുത്തിയതിന്റെ വിവരം |
|---|---|---|---|---|
| ശ്രീ.ടി.എസ്.ജോസ് | 85/28.03.2019 | 40000/- | 06.07.2019 | 02.07.2019 ൽ ക്രമപ്പെടുത്തിയിട്ടുണ്ട്. |
| ശ്രീ.പി.പ്രസാദ് | 45/14.07.2017 | 25000/- | 28.10.2019 | 14.01.2020ൽ ക്രമപ്പെടുത്തിയിട്ടുണ്ട്. |

വൗച്ചർ പ്രകാരം മുൻകൂർ അനുവദിച്ചതിന് ശേഷം രജിസ്റ്ററിൽ ചേർക്കാൻ വളരെയധികം കാലതാമസം നേരിട്ടിരിക്കുന്നതായും14.07.2017 ന് അനുവദിച്ച മുൻകൂർ കാലാവധിക്കുള്ളിൽ ക്രമപ്പെടുത്തിയിട്ടില്ലാത്തതായും കണ്ടെത്തി.

ജി(ഒ.പി)419/2011/ധന.04.10.2011 ഉത്തരവനുസരിച്ച് കൈപ്പറ്റി മൂന്നു മാസത്തിനകം കെ.എഫ്.സി അനുച്ഛേദം99പ്രകാരം അനുവദിക്കുന്ന താല്ക്കാലിക അഡ്വാൻസുകൾ ഫൈനൽ ബിൽ സമർപ്പിച്ച് ക്രമീകരിക്കേണ്ടതാണ്.നിശ്ചിത സമയപരിധിക്കുള്ളിൽ അഡ്ജസ്റ്റ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും അടിയന്തിരമായി തിരിച്ചു പിടിക്കണം.ഇങ്ങനെ തിരിച്ചു പിടിക്കുമ്പോൾ തുക പിൻവലിച്ച ദിവസം മുതൽ തിരിച്ചു പിടിച്ച ദിവസം വരെ 18% നിരക്കിൽ പലിശ ഈടാക്കുകയും വേണം.മേൽ വിഷയത്തിൽ ഇപ്രകാരം ചെയ്തിട്ടുമില്ല. വൈദ്യുതി വിഭാഗത്തിൽ നിന്നും ഇപ്രകാരം മുൻകൂർ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുന്നതിലും മുൻകൂർ ക്രമപ്പെടുത്തുന്നതിലും കാലതാമസം നേരിടുമ്പോൾ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നത് ഒട്ടും ആശ്യാസകരമല്ലയെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.മേൽക്കാര്യം ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി (നം.29/15.01.2022) ക്ക് 23.02.22ന് ലഭ്യമാക്കിയ മറുപടിയിൽ അടിയന്തിരഘട്ടത്തിൽ ഇംപ്രസ്റ്റ് ആയി കൊടുക്കുകയും പിന്നീട് അഡ്വാൻസായി പരിഗണിക്കുകയും ചെയ്ത തുകകൾക്കാണ് ഇപ്രകാരം അപാകത സംഭവിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്.ഇത്തരത്തിലുള്ള നടപടികൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 ഇംപ്രസ്റ്റ് അഡ്വാൻസുകൾ യഥാസമയം ക്രമീകരിയ്ക്കുന്നില്ല.

വൈദ്യുതി വിഭാഗത്തിന്റെ 2019-20 ലെ ഇംപ്രസ്റ്റ് അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ പല മുൻകൂറുകളും യഥാസമയം ക്രമീകരിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു. ധനകാര്യ വകുപ്പിന്റെ 04.10.2011 ലെ സ.ഉ(അച്ചടി) നം. 419/2011-നമ്പർ ഉത്തരവിൽ മുൻകൂറുകൾ ക്രമീകരിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.മുൻകൂർ അനുവദിച്ച് മൂന്നു മാസത്തിനുള്ളിൽ അവസാന ബിൽ ഹാജരാക്കി ക്രമീകരിക്കേണ്ടതും സമയപരിധി കഴിഞ്ഞ് കൈവശം വച്ച തുക തിരിച്ചടക്കുന്നതു വരെ 18%നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചില്ലെങ്കിൽ മുൻകൂർ തുക ഒറ്റത്തവണയായി 18% പലിശയോടെ തിരിച്ചടക്കാനും വ്യവസ്ഥയുണ്ട്. 23.10.2019 ലെ 87/2019/ധന നം. സർക്കുലർ പ്രകാരം മുൻകൂർ ക്രമീകരിയ്ക്കുന്നത് സംബന്ധിച്ച് കർശന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ വൈദ്യുതി വിഭാഗത്തിൽ മുൻകൂറുകൾ അനുവദിക്കുകയും ക്രമീകരിയ്ക്കുകയും ചെയ്യുന്നതിൽ മേൽ ഉത്തരവ്/ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതായി കാണുന്നില്ല. ക്രമീകരിക്കാത്ത മുൻകൂറുകൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | വൗച്ചർ നം. & തീയതി | ചെക്ക് നം. | തുക | അഡ്വാൻസ് കൈപറ്റിയ ഉദ്യോഗസ്ഥൻ | ആവശ്യം |
|---|---|---|---|---|---|---|
| 1 | PDS6885/18 | 79/27.02.2020 | 499180 | 17000 /- | ശ്രീ.കെ.പി.മധു | സോളാർ അനുബന്ധ ജോലികൾ |
| 2 | PDS2152/14 | 90/31.12.19 | 499038 | 20000 /- | ശ്രീ.കെ.പി.മധു | ഹൈഡൽ പ്രൊജക്റ്റ് സൈറ്റ് സന്ദർശിക്കുന്നതിന് |

22.02.2022 ലെ ഓഡിറ്റ് അന്വേഷണം. 46 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മുൻകൂറുകൾ അനുവദിക്കുന്നതിനും ക്രമീകരിക്കുന്നതിനും സർക്കാർ ഉത്തരവുകൾ/ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-22 പ്രിന്റിംഗ് & സ്റ്റേഷനറി രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത പരിഹരിക്കേണ്ടതാണ്

പ്രിന്റിംഗ് & സ്റ്റേഷനറി വിഭാഗത്തിൽ നിന്നുള്ള വൌച്ചറുകളിലൂടെ വാങ്ങിയ ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിൽ താഴെപ്പറയുന്ന അപാതകൾ സംഭവിച്ചിട്ടുണ്ട്.

| വൌച്ചർനം തീയതി | ഫയൽ നം | വാങ്ങിയ സാധനത്തിന്റെ വിവരം/എണ്ണം | ഇൻവോയിസ് നം/തീയതി | ചെലവഴിച്ച തുക | സ്റ്റോക്ക് രജിസ്റ്ററിലെ അപാകത |
|---|---|---|---|---|---|
| 81<br>26.04.19 | R&MM9/19 | KYCഫോംസ്<br>30000എണ്ണം | 29<br>05.04.19 | 11510/- | സെക്ഷൻI , സെക്ഷൻII, സെക്ഷനIII,സെക്ഷൻV എന്നിവർക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.<br>എന്നാൽ എത്രയെണ്ണം കൊടുത്തെന്നോ കോടുത്ത തീയതിയോ കൈപ്പറ്റിയ ആളുടെ ഒപ്പോ എത്ര ബാക്കിയുണ്ടെന്നോ രേഖപ്പെടുത്തിയിട്ടില്ല.സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പ് പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 72/<br>14.08.19 | E5-1350/19 | എ4 സൈസ് പേപ്പർ<br>400 പാക്കറ്റ് | GB2894&<br>GB2899<br>24.07.19 | 84000/- | *സ്റ്റോക്ക് രജിസ്റ്ററിൽ ബില്ലിലെ മുഴുവൻ വിവരങ്ങളും (ഇൻവോയിസ് നമ്പർ,തീയതി,വാങ്ങിയ സ്ഥാപനത്തിന്റെ പേര് തുടങ്ങിയവ)ചേർത്തിട്ടില്ല.<br>*വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പാക്കറ്റുകളുടെ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടില്ല.സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പ് ചേർത്ത്S ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

| | | | | | |
|---|---|---|---|---|---|
| 84<br>22.08.19 | E5-<br>5861/18 | 5*10*2pp70Gsmഡബിൾ<br>സൈഡ് പ്രിന്റിംഗ്<br>&5*12*2സിംഗിൾസൈഡ്<br>പ്രിന്റിംഗ്കമ്പ്യൂട്ടർ ഫോംസ്<br>(300+100പാക്കറ്റ്) | 306<br>14.06.19 | 450500/- | ക്യാഷ് സെക്ഷനിലേക്ക് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും എത്രയെണ്ണം കൊടുത്തെന്നോ കൊടുത്ത തീയതിയോ കൈപ്പറ്റിയ ആളുടെ ഒപ്പോ എത്ര ബാക്കിയുണ്ടെന്നോ രേഖപ്പെടുത്തിയിട്ടില്ല.സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 85<br>22.08.19 | do | 9*12*1 കമ്പ്യൂട്ടർ ഫോംസ്<br>&<br>15*12*1കമ്പ്യൂട്ടർ ഫോംസ്<br>(150+100പാക്കറ്റ്) | 263<br>14.06.19 | 99800/- | ആർക്കെങ്കിലും വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പ്ചേർത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻസാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 73<br>19.12.19 | E5-<br>3150/19 | ട്രാൻസ്ഫോമർ രജിസ്റ്റർ<br>40 എണ്ണം | 053<br>25.11.19 | 9800/- | ആർക്കെങ്കിലും വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല.സാമ്പത്തിക വർഷാവസാനം നീക്കിയിരിപ്പ്ചേർത്ത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം: 31/15.01.2022) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.കേരളാ ഫിനാൻഷ്യൽ കോഡിൽ വിവരിക്കുന്ന വ്യവസ്ഥയ്ക്കനുസരിച്ച് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ബോധ്യപ്പെടുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരാജയപ്പെട്ടതായി ഓഡിറ്റ് വിലയിരുത്തുന്നു.മാത്രമല്ല സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നതിൽ സ്റ്റോർകീപ്പറിൽ നിന്നും രേഖകൾ ശേഖരിച്ച് സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതും അപാകത പരിഹരിച്ച രജിസ്റ്ററുകൾ അടുത്ത ഓഡിറ്റ് പരിശോധനാവേളയിൽ ഹാജരാക്കേണ്ടതുമാണ്.

## 1-23 പ്രവർത്തന രഹിതമായ മീറ്ററുകൾ യഥാസമയം മാറ്റി സ്ഥാപിച്ചില്ല

കേരള ഇലക്ട്രിസിറ്റി സപ്ലൈകോഡ് 2014 സെക്ഷൻ 118 അനുസരിച്ച് പ്രവർത്തനരഹിതമായ മീറ്റർ മൂന്ന് മാസത്തിനകം വൈദ്യുതി വിഭാഗത്തിൽ നിന്നും മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. എന്നാൽ 2019-2020 വർഷത്തെ സെക്ഷൻ C മീറ്റർ റീഡർ രജിസ്റ്റർ പരിശോധിച്ചതിൽ വർഷം മുഴുവൻ പ്രവർത്തനരഹിതമായി കിടക്കുന്ന മീറ്ററുകൾ ഉള്ളതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| സെക്ഷൻ | ഹൗസ് നമ്പർ | കൺസ്യൂമർ നം. | താരിഫ് | മീറ്റർ ഫാൾട്ട് | |
|---|---|---|---|---|---|
| | | | | മുതൽ | വരെ |

| | | | | | |
|---|---|---|---|---|---|
| C1 | 33 | 11797 | VIIA | 04/19 | 02/20 |
| CI | 101 | I/786 | VIIA | 04/19 | 02/20 |
| CI | 109 | 90001/B | VIIA | 04/19 | 02/20 |
| CI | 109 | 8999/B | VIIB | 04/19 | 02/20 |
| CI | 132/5/17 | 17712/B | VIIA | 04/19 | 02/20 |
| CI | 188 | 8211/B | VIIA | 04/19 | 02/20 |
| C1 | 400 | 13811 | VIIB | 04/19 | 02/20 |
| CI | 267 | 8511/B | VIIB | 04/19 | 02/20 |
| CI | 286 | 17353 | VIIB | 04/19 | 02/20 |
| C1 | 288 | 17355 | VIIB | 04/19 | 02/20 |
| C1 | 310 | 17377 | VIIA | 04/19 | 02/20 |
| C1 | 469/15/16 | 11127/B | VIC | 04/19 | 02/20 |
| C1 | 469/17 | 16221/B | VIC | 04/19 | 02/20 |
| C2 | 464/7 | 14401/B | IA | 04/19 | 02/20 |
| C2 | MB/15 | 9946/B | VII A | 4/19 | 02/20 |
| C2 | UAC 702 | 1729/B | IC | 4/19 | 02/20 |
| C2 | UAC 702/29 | 17328/B | IC | 4/19 | 02/20 |

വർഷം മുഴുവൻ പ്രവർത്തനരഹിതമായ മീറ്റർ യഥാസമയം മാറ്റി സ്ഥാപിക്കാതെ റീഡിംഗ് ബിൽ തയ്യാറാക്കിയതായി മീറ്റർ റീഡർ രജിസ്റ്ററിൽ നിന്നും വ്യക്തമാണ്. യഥാസമയം മീറ്റർ മാറ്റി സ്ഥാപിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.43/21.02.2022) മറുപടി ലഭ്യമാക്കിയില്ല. സപ്ലൈകോഡ് 2014 സെക്ഷൻ 125 പ്രകാരം മീറ്റർ പ്രവർത്തന രഹിതമാവുന്നതിനു മുമ്പുള്ള 3 മാസ കാലയളവിലെ വൈദ്യുതി ഉപയോഗത്തിന്റെ ശരാശരി കണക്കാക്കിയ തുകയാണ് ഉപഭോക്താവിൽ നിന്നും മീറ്റർ പ്രവർത്തന രഹിതമാകുമ്പോൾ ഈടാക്കേണ്ടതെന്നും ശരാശരി ഉപഭോഗം അടിസ്ഥാനമാക്കിയുള്ള തുക പരമാവധി രണ്ട് ബില്ലിംഗ് സൈക്കിളിനു മാത്രമേ ഉപഭോക്താവിൽ നിന്ന് ഈടാക്കാവൂ എന്നിരിക്കെ വർഷം മുഴുവൻ പ്രവർത്തനരഹിതമായ മീറ്റർ മാറ്റി സ്ഥാപിക്കാതെ ബിൽ തുക കണക്കാക്കിയത് ഉചിതമായില്ല. യഥാസമയം മീറ്റർ മാറ്റി സ്ഥാപിക്കാത്തതിനാൽ ഉപഭോക്താക്കളിൽ നിന്നും യഥാർത്ഥ തുക ഈടാക്കാത്തതിനാൽ വൈദ്യുതി വിഭാഗത്തിന് വരവിനത്തിൽ നഷ്ടം സംഭവിക്കുന്നു. വൈദ്യുതി വിഭാഗം A മുതൽ H സെക്ഷനുകളിൽ ഉൾപ്പെടുന്ന എല്ലാ ഉപഭോക്താക്കളുടെയും മീറ്ററുകൾ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുവാൻ നടപടികൾ എടുക്കുകയും പ്രവർത്തനരഹിതമായ മീറ്റർ യഥാസമയം മാറ്റി സ്ഥാപിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. വൈദ്യുതി വിഭാഗത്തിന്റെ ഭൂരിഭാഗം വരുമാനവും ഉപഭോക്താക്കളിൽ നിന്നുമാണ് എന്നതിനാൽ ആയത് ഈടാക്കുന്നതിൽ അതീവജാഗ്രത പുലർത്തേണ്ടതുണ്ട് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

### 1-24 ലോക്ഡ് പ്രിമൈസ് ആയി രേഖപ്പെടുത്തിയിരിക്കുന്ന കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ്ജ് ഈടാക്കിയ വിവരം

2019-2020 സാമ്പത്തിക വർഷത്തെ മീറ്റർ റീഡർ രജിസ്റ്റർ പരിശോധിച്ചതിൽ സെക്ഷൻ സി കൺസ്യൂമർ നമ്പറുകളുടേയും റീഡിംഗ് Locked Premises ആയി രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| സെക്ഷൻ | ഹൗസ് നമ്പർ | കൺസ്യൂമർ നം. | താരിഫ് | മീറ്റർ ഫാൾട്ട് | |
|---|---|---|---|---|---|
| | | | | മുതൽ | വരെ |
| C1 | 70/2 | 11061/B | VIF | 04/19 | 02/20 |
| CI | 76 | 4225 | VIIA | 04/19 | 02/20 |
| CI | 76 | 5806 | VIIA | 04/19 | 02/20 |
| CI | 86 | 9150 | VIIA | 04/19 | 02/20 |
| CI | 88 | 9394 | VIIA | 04/19 | 02/20 |
| CI | 196 | AEH 216 | IA | 04/19 | 02/20 |
| C1 | 199/1 | 9834/B | VIIA | 04/19 | 02/20 |
| CI | 219 | 10088 | VIIA | 04/19 | 02/20 |
| CI | 227 | 3865 | IA | 04/19 | 02/20 |
| C1 | 233 | 5193 | VIIB | 04/19 | 02/20 |
| C1 | 343 | 452 | IA | 04/19 | 02/20 |
| C2 | 433 | 4195 | IA | 04/19 | 02/20 |
| C2 | 704/A1,A2 | 16809/B | VIIA | 04/19 | 02/20 |
| C2 | 704A | 17590/B | VIIA | 04/19 | 02/20 |
| C2 | 704 A1 | 17589/B | VIIA | 04/19 | 02/20 |
| C2 | 704 C | 17588/B | VIIA | 04/19 | 02/20 |

കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ചട്ടം 111 പ്രകാരം തുടർച്ചയായ രണ്ട് ബില്ലിംഗ് തീയതികളിൽ മീറ്റർ റീഡിംഗ് വേളയിൽ, വീട് / സ്ഥാപനം പൂട്ടിക്കിടക്കുന്നതു കാരണം മീറ്റർ റീഡിംഗ് എടുക്കാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ കൺസ്യൂമർക്ക് നോട്ടീസ് നൽകുകയും ഒരു നിശ്ചിത തീയതിയിൽ നിശ്ചിത സമയത്ത് വീട്/ സ്ഥാപനം തുറന്ന് മീറ്റർ റീഡിംഗ് എടുക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യപ്പെടുകയും ചെയ്യേണ്ടതാണ്. മേൽ ഉപഭോക്താക്കൾക്ക് ഇപ്രകാരം നോട്ടീസ് നൽകി ചട്ടപ്രകാരം നടപടി സ്വീകരിച്ചതിന്റെ വിവരം, ഫയലുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 44/21.02.2022) മറുപടി ലഭ്യമാക്കിയില്ല.

സപ്ലൈകോഡ് 2014 സെക്ഷൻ 124 പ്രകാരം 2 തവണ മാത്രമാണ് അവസാന 3 റീഡിംഗുകളുടെ ശരാശരി കണക്കാക്കി വൈദ്യുതി വിഭാഗത്തിന്റെ അടിസ്ഥാനത്തിൽ പ്രൊവിഷണൽ ബില്ല് നൽകാവുന്നത്. അതിന് ശേഷവും കെട്ടിടം പൂട്ടികിടക്കുകയാണെങ്കിൽ സെക്ഷൻ 111 പ്രകാരം നടപടി സ്വീകരിക്കേണ്ടതുമാണ്. മീറ്റർ റീഡർ രജിസ്റ്ററിൽ മേൽ കെട്ടിടങ്ങൾ വർഷം മുഴുവൻ ലോക്ക്ഡ് പ്രീമൈസായി രേഖപ്പെടുത്തിയിരിക്കുന്നു. വൈദ്യുതി വിഭാഗത്തിലെ A മുതൽ H സെക്ഷനുകളിൽ ലോക്ക്ഡ് പ്രിമൈസായി കാണുന്ന മുഴുവൻ കെട്ടിടങ്ങളിലും ചട്ട പ്രകാരം നടപടി സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-25 യാത്രാപ്പടി ബിൽ - തുക അനുവദിച്ചത് ക്രമപ്രകാരമല്ല

2019-20 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന യാത്രാപ്പടി ബില്ലുകൾ പ്രാകാരം അനുവദിച്ച തുകകൾ നിർണ്ണയിച്ചപ്പോൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ / തിയ്യതി | ആകെ അനുവദിച്ച തുക | യാത്ര ചെയ്തത് സംബന്ധിച്ച വിവരം | കുറിപ്പ് | ട്രെയിൻ യാത്രയ്ക്ക് അധികമായി അനുവദിച്ച തുക<br>(രൂപ) |
|---|---|---|---|---|---|
| 1 | 71/<br>24-02-2020 | 2890 | 03-12-2019ന് തിരുവനന്തപുരത്ത് നിയമ സഭാ സമിതി മീറ്റിംഗിൽ പങ്കെടുക്കാൻ പോയതിന് ശ്രീ. ജോമോൻ സി.ജെ അസിസ്റ്റന്റ് സെക്രട്ടറിക്ക് അനുവദിച്ച യാത്രാപ്പടി തുക<br>(അടിസ്ഥാന ശമ്പളം - 99280 രൂപ)<br>മടക്കം - 05-12-2019 | 20-01-2016 ലെ ജി.ഒ (പി) നം.7/2016/Fin ഉത്തരവ് പ്രകാരം 50400/-രൂപയോ അതിലധികമോ അടിസ്ഥാന ശമ്പളമുള്ള ജീവനക്കാർക്ക് (Grade I ) ട്രെയിൻ യാത്രക്ക് അനുവദിനീയമായ ക്ലാസ്സ് II AC യാണ്. അതു പ്രകാരം തൃശ്ശൂർ മുതൽ തിരുവനന്തപുരം വരെയുള്ള ട്രെയിൻ യാത്രക്ക് അനുവദിക്കാവുന്ന ഫെയർ 745 രൂപയാണ്. എന്നാൽ 1215 രൂപ വീതം 2 യാത്രകൾക്ക് യാത്രാ -ബത്ത അനുവദിച്ചിട്ടുണ്ട്. | ട്രെയിൻ യാത്രയ്ക്ക് അനുവദിക്കാവുന്ന തുക -<br>745*2 =1490/-<br>അനുവദിച്ച തുക – 1215*2 = 2430/-<br>അധികമായി അനുവദിച്ച തുക – 2430-1490 = 940/-<br>ക്രമ നമ്പർ 1 മുതൽ 7 വരെയുള്ള വൗച്ചർ പ്രകാരം അധികമായി അനുവദിച്ച ആകെ തുക<br>7*940 = 6580/- |
| 2 | 72/<br>24-02-2020 | 2890 | 03-12-2019ന് തിരുവനന്തപുരത്ത് നിയമ സഭാ സമിതി മീറ്റിംഗിൽ പങ്കെടുക്കാൻ പോയതിന് ശ്രീ. മധുസൂദനൻ.കെ.ബി, സീനിയർ സൂപ്രണ്ട്(ഇൻചാർജ്)ന് അനുവദിച്ച യാത്രാപ്പടി തുക<br>(അടിസ്ഥാന ശമ്പളം - 72110 രൂപ)<br>മടക്കം - 05-12-2019 | | |

| | | | |
|---|---|---|---|
| 3 | 73/<br>24-02-2020 | 2890 | 03-12-2019ന് തിരുവനന്തപുരത്ത് നിയമ സഭാ സമിതി മീറ്റിംഗിൽ പങ്കെടുക്കാൻ പോയതിന് ശ്രീ.രാമനുണ്ണി.കെ.എൻ, സീനിയർ അസിസ്റ്റന്റിന് അനുവദിച്ച യാത്രാപ്പടി തുക<br>(അടിസ്ഥാന ശമ്പളം - 69730 രൂപ)<br>മടക്കം - 05-12-2019 |
| 4 | 67/22-11-2019 | 2890 | 02-10-2019ന് തിരുവനന്തപുരത്ത് നഗരകാര്യ ഡയറക്ടറേറ്റിലും സെക്രട്ടേറിയേറ്റിലും പോയതിന് ശ്രീ.സതീഷ് കുമാർ, =സീനിയർ സൂപ്രണ്ട് (ഇൻചാർജ്)ന് അനുവദിച്ച യാത്രാപ്പടി തുക<br>(അടിസ്ഥാന ശമ്പളം - 76870 രൂപ)<br>മടക്കം - 04-10-2019 |
| 5 | 54/11-07-2019 | 2870 | 07-05-2019ന് തിരുവനന്തപുരം ടാക്സ് കമ്മിഷണറേറ്റ് ഓഫീസിൽ പോയതിന് ശ്രീ.ജോമോൻ സി.ജെ, സീനിയർ സൂപ്രണ്ടിന് അനുവദിച്ച യാത്രാപ്പടി തുക |

| | | | | | |
|---|---|---|---|---|---|
| | | | (അടിസ്ഥാന ശമ്പളം - 96735 രൂപ)<br><br>മടക്കം - 09-05-2019 | | |
| 6 | 86/22-08-2019 | 2870 | 19-07-2019 ന് തിരുവനന്തപുരം നഗരകാര്യ ഡയറക്ടറേറ്റിൽ പോയതിന് ശ്രീ.ജോമോൻ സി.ജെ, സീനിയർ സൂപ്രണ്ടിന് അനുവദിച്ച യാത്രാപ്പടി തുക<br><br>(അടിസ്ഥാന ശമ്പളം - 99280 രൂപ)<br><br>മടക്കം - 21-07-2019 | | |
| 7 | 66/22-11-2019 | 2890 | 02-10-2019ന് തിരുവനന്തപുരത്ത് നഗരകാര്യ ഡയറക്ടറേറ്റിലും എൽ.എസ്.ജി.ഡി ഓഫീസിലും പോയതിന് ശ്രീ. ജോമോൻ സി.ജെ അസിസ്റ്റന്റ് സെക്രട്ടറിക്ക് അനുവദിച്ച യാത്രാപ്പടി തുക<br><br>(അടിസ്ഥാന ശമ്പളം - 99280 രൂപ)<br><br>മടക്കം - 04-10-2019 | | |
| 8 | 53/11-07-2019 | 1790 | 07-05-2019ന് തിരുവനന്തപുരം ടാക്സ് കമ്മിഷണറേറ്റ് ഓഫീസിൽ പോയതിന് | III AC യിലാണ് ട്രെയിൻ യാത്ര നടത്തിയതെന്ന് യാത്രാപ്പടി ബില്ലിൽ | ട്രെയിൻ യാത്രയ്ക്ക് അനുവദിക്കാവുന്ന തുക - |

| | | | | | |
|---|---|---|---|---|---|
| | | | ശ്രീ.ജിമ്മി സെബാസ്റ്റ്യൻ, ജൂനിയർ അസിസ്റ്റന്റിന് അനുവദിച്ച യാത്രാപ്പടി തുക<br><br>(അടിസ്ഥാന ശമ്പളം - 34555 രൂപ)<br><br>മടക്കം - 09-05-2019 | രേഖപ്പെടുത്തിയിട്ടുണ്ട്. 20-01-2016 ലെ ജി.ഒ (പി) നം.7/2016/Fin ഉത്തരവ് പ്രകാരം 27800/- രൂപയോ അതിലധികമോ എന്നാൽ 42500/- രൂപയിൽ താഴെ ശമ്പളം വാങ്ങുന്ന Grade II (b) ജീവനക്കാർക്ക് ട്രെയിൻ യാത്രക്ക് അനുവദിനീയമായ ക്ലാസ്സ് III AC യാണ്. അതു പ്രകാരം തൃശ്ശൂർ മുതൽ തിരുവനന്തപുരം വരെയുള്ള ട്രെയിൻ യാത്രക്ക് അനുവദിക്കാവുന്ന ഫെയർ 540 രൂപയാണ്. എന്നാൽ 675 രൂപ വീതം 2 യാത്രകൾക്ക് യാത്രാ ബത്ത അനുവദിച്ചിട്ടുണ്ട്. | 540*2 =1080/-<br><br>അനുവദിച്ച തുക – 675*2 = 1350/-<br><br>അധികമായി അനുവദിച്ച തുക –<br><br>1350-1080 = 270/- |
| 9 | 22/09-10-2019 | 3800 | 21-05-2018 ന് തിരുവനന്തപുരത്ത് കെ.എസ്.ഇ.ബി(പട്ടം) ഓഫീസിൽ പോയതിന് ശ്രീ.എം.സുഗധകുമാർ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് II ന് അനുവദിച്ച യാത്രാപ്പടി തുക<br><br>(അടിസ്ഥാന ശമ്പളം | 20-01-2016 ലെ ജി.ഒ (പി) നം.7/2016/Fin ഉത്തരവ് പ്രകാരം 40500/-രൂപ അടിസ്ഥാന ശമ്പളമുള്ള ജീവനക്കാർക്ക് ( Grade II (b) ) | ട്രെയിൻ യാത്രയ്ക്ക് അനുവദിക്കാവുന്ന തുക -<br><br>540*2 =1080/-<br><br>അനുവദിച്ച തുക – 1520*2 = 3040/-<br><br>അധികമായി |

| | | | | | |
|---|---|---|---|---|---|
| | | | -40500 രൂപ)<br><br>മടക്കം - 23-05-2018 | | |
| 10 | 23/09-10-2019 | 3800 | 10-10-2018 ന് തിരുവനന്തപുരത്ത് സെക്രട്ടേറിയേറ്റ് ഓഫീസിൽ പോയതിന് ശ്രീ.എം.സുഗധകുമാർ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് II ന് അനുവദിച്ച യാത്രാപ്പടി തുക<br><br>(അടിസ്ഥാന ശമ്പളം -40500 രൂപ)<br><br>മടക്കം - 12-10-2018 | ട്രെയിൻ യാത്രക്ക് അനുവദിനീയമായ ക്ലാസ്സ് III AC യാണ്. അതു പ്രകാരം തൃശ്ശൂർ മുതൽ തിരുവനന്തപുരം വരെയുള്ള ട്രെയിൻ യാത്രക്ക് അനുവദിക്കാവുന്ന ഫെയർ 540 രൂപയാണ്. എന്നാൽ ജീവനക്കാരൻ II AC യിലാണ് ട്രെയിൻ യാത്ര നടത്തിയതെന്ന് യാത്രാപ്പടി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് 1520 രൂപ വീതം 2 യാത്രകൾക്ക് യാത്രാ ബത്ത അനുവദിച്ചിട്ടുണ്ട്. | അനുവദിച്ച തുക – 3040-1080 = 1960/-<br><br>ക്രമ നമ്പർ 9 മുതൽ 11 വരെയുള്ള വൗച്ചർ പ്രകാരം അധികമായി അനുവദിച്ച ആകെ തുക<br><br>3*1960 = 5880/- |
| 11 | 25/09-10-2019 | 3800 | 27-01-2019 ന് തിരുവനന്തപുരത്ത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ഓഫീസിൽ പോയതിന് ശ്രീ.എം.സുഗധകുമാർ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് II ന് അനുവദിച്ച യാത്രാപ്പടി തുക<br><br>(അടിസ്ഥാന ശമ്പളം -40500 രൂപ)<br><br>മടക്കം - 29-01-2019 | | |
| ആകെ | | | | | 12730/- |

പ്രസ്തുത വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (37/ 04-02-2022) നൽകിയതിന് വൈദ്യുതി വിഭാഗത്തിന്റെ വിവിധ അടിയന്തിരാവശ്യങ്ങൾക്കായി തിരുവനന്തപുരത്തേക്കുള്ള യാത്രയ്ക്ക് ജീവനക്കാർക്ക് അറിയിപ്പ് ലഭിക്കുന്നത് മിക്കവാറും യാത്ര പോകുന്നതിന്റെ തലേ ദിവസമായിരിക്കും എന്നും ഇപ്രകാരമുള്ള അവസരങ്ങളിൽ ബർത്ത് ലഭിച്ച് യാത്ര പോകുന്നതിന് തൽക്കാൽ റിസർവേഷനെ ആശ്രയിക്കുകയാണ് ഏക പോംവഴി, കൂടാതെ ഇപ്രകാരം അടിയന്തിരമായി യാത്ര ചെയ്യേണ്ട അവസരങ്ങളിൽ ഒരു ജീവനക്കാരൻ ഏകദേശം 3 ദിവസങ്ങളോളം ഉപയോഗപ്പെടുത്തുന്നുണ്ട്, ഈ സാഹചര്യത്തിലാണ് വർദ്ധിച്ച ദിനബത്ത അനുവദിക്കാനിടയായത് എന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്.

മറുപടി തൃപ്തികരമല്ല. ഇതേ വിഷയം മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്. എന്നിട്ടും യാത്ര ബില്ലുകൾ

അനുവദിക്കുന്നതിന് അതുമായി ബന്ധപ്പെട്ട കേരള സർവീസ് ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവ പാലിക്കാതെ തുക അനുവദിക്കുന്ന രീതി തുടർന്ന് പോകുന്നത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. മേൽ സൂചിപ്പിച്ച വൗച്ചറുകൾ പ്രകാരം ട്രെയിൻ യാത്രയ്ക്ക് അധികമായി അനുവദിച്ച തുക 12730/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-26 ഫെസ്ററിവൽ അഡ്വാൻസ് - തുക തിരികെ ഈടാക്കിയിട്ടില്ല

2019-20 സാമ്പത്തിക വർഷത്തെ തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന്റെ വാർഷിക കണക്ക്, ഫെസ്റ്റിവൽ അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് എന്നിവ പരിശോധിച്ചതിൽ 01-04-2019 തിയതിയിൽ 15000/- രൂപ മുൻബാക്കിയുള്ളതായി കാണുന്നു. ആയതിൽ 01-07-2019 തിയതിയിൽ 3000/- രൂപ തിരികെ ഈടാക്കിയിട്ടുണ്ട്. 31-03-2020 തിയതിയിൽ ഈ ഇനത്തിൽ 12000/- രൂപ തിരികെ ഈടാക്കാൻ ബാക്കി നിൽക്കുന്നുണ്ട്.

കെ.എഫ്.സി വോള്യം 1,ആർട്ടിക്കിൾ 250 പ്രകാരം ഫോം നം.53 മാതൃകയിൽ ഫെസ്ററിവൽ അഡ്വാൻസ് അനുവദിച്ചതിന്റെയും തിരികെ ഈടാക്കിയതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തി ഡ്രോയിംഗ് ഓഫീസർ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ഫെസ്റ്റിവൽ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷത്തിൽ 65 ജീവനക്കാർക്ക് 15000/- രൂപ വീതം ആകെ 975000/- രൂപ അനുവദിച്ചതിന്റെയും ആയത് 5 തവണകളായി തിരികെ ഈടാക്കിയതിന്റെയും വിവരം മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ ഇനത്തിൽ ഈടാക്കുവാനുള്ള മുൻബാക്കി തുക 15000/- രൂപയുടെ വിശദാംശങ്ങളോ സാമ്പത്തിക വർഷാവസാനത്തിലുള്ള നീക്കിയിരുപ്പ് 12000/- രൂപ ഈടാക്കാനുള്ളതിന്റെയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.രജിസ്റ്ററിൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥർ ആരും തന്നെ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

നിശ്ചിത മാതൃകയിൽ ഫെസ്ററിവൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കാത്തതിനും മേൽ സൂചിപ്പിച്ച വിവരങ്ങൾ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനും 31-03-2020 തിയതിയിൽ ഈ ഇനത്തിൽ ഈടാക്കുവാൻ ബാക്കിയുള്ള 12000/- രൂപ ഏതൊക്കെ ജീവനക്കാരുടെ പക്കൽ നിന്നാണ് ഈടാക്കുവാനുള്ളത് തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 38/10-02-2022) മറുപടി ലഭ്യമാക്കിയെങ്കിലും എൻക്വയറിൽ ആവശ്യപ്പെട്ട മുഴുവൻ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല. . ഫെസ്ററിവൽ അഡ്വാൻസ് ഇനത്തിൽ ഈടാക്കുവാൻ ബാക്കിയുള്ള 12000/- രൂപ ഈടാക്കി ആയതിന്റെ വിവരവും പരാമർശത്തിൽ സൂചിപ്പിച്ച മറ്റ് അപാകതകൾ പരിഹരിച്ച് ആയതിന്റെ വിവരവും രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-27 താൽകാലിക ജീവനക്കാരെ നിയമിച്ചതിലെ അപാകതകൾ

2019-20ൽ ദിവസന വേതന അടിസ്ഥാനത്തിൽ ജൂനിയർ അസിസ്റ്റന്റ്, ഓഫീസ് അറ്റന്റന്റ്, ലൈൻമാൻ, ഡ്രൈവർ, സെക്യൂരിറ്റി ഗാർഡുകൾ എന്നീ തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് സർക്കാർ നിശ്ചയിച്ച ദിനവേതനം താഴെ ചേർത്ത നിരക്കിൽ അനുവദിച്ചിട്ടുണ്ട്.

| | |
|---|---|
| ജൂനിയർ അസിസ്റ്റന്റ് | 710/ദിവസം |
| ഓഫീസ് അറ്റന്റന്റ് | 630/ദിവസം |
| ഡ്രൈവർ | 685/ദിവസം |

| | |
|---|---|
| സെക്യൂരിറ്റി | 710/ദിവസം |
| ലൈൻമാൻ | 685/ദിവസം |

2019-20ൽ ദിവസവേതനക്കാർക്ക് നൽകിയ ശമ്പളം

| മാസം | ജീവനക്കാർ-<br>എണ്ണം | തുക | വൗച്ചർ | ഇപിഎഫ്/<br>വൗച്ചർ |
|---|---|---|---|---|
| 4/2019 | 39 | 648025 | 17/3.4.19 | 76247<br>+69579<br>21/3.4.19 |
| 5/2019 | 38 | 596330 | 11/3.5.19 | 63865+69985<br>22/8.5.19 |
| 6/2019 | 38 | 586030<br>17415 | 7/3.6.19<br>25/11.6.19 | 69246+63190<br>8/3.6.19 |
| 7/2019 | 38 | 622040 | 5/1.7.19 | 73977+67507<br>10/2.7.19 |
| 8/2019 | 39 | 654640 | 10/2.8.19 | 75547+68940<br>11/2.8.19 |
| 9/2019 | 37 | 605820 | 15/3.9.19 | 71024+64813<br>18/3.9.19 |
| 10/2019 | 37 | 562940 | 5/4.10.19 | 67876+61940<br>6/4.10.19 |
| 11/2019 | 36 | 607555 | 5/2.11.19 | 69432+63360<br>45/11.11.19 |
| 12/2019 | 34 | 575240 | 14/6.12.19 | 66181+60394<br>16/6.12.19 |
| 1/2020 | 31 | 514250<br>17020 | 4/4.1.20<br>82/31.1.20 | 57609+52571<br>16/13.1.20 |
| 2/2020 | 30 | 311660 | 5/4.2.20 | 18273+35590 |

| | | | | |
|---|---|---|---|---|
| | | | | 6/4.2.20 |
| 3/2020 | 6 | 105375 | 9/5.3.20 | 10742+11638<br><br>10/5.3.20 |
| | ആകെ | 6424340 | | 1409526 |

അപാകതകൾ

ദിവസ വേതനത്തിന് ജീവനക്കാരെ നിയമിക്കുന്നതിന് സർക്കാരിന്റെ നം.28/2016/ഫിൻ.26.2.16 എന്ന ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.

വകുപ്പിൽ ഒഴിവുകൾ വരുന്ന മുറയ്ക്ക് കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനെ ഒഴിവുകളുടെ എണ്ണം റിപ്പോർട്ട് ചെയ്തിട്ടില്ല. കൂടാതെ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുകൾ നികത്തുന്നതിന് പ്രാരംഭ നടപടികൾ പോലും സ്വീകരിച്ചിട്ടില്ല. ദിവസവേതനത്തിന് ജീവനക്കാരെ നിയമിക്കുന്നതിനുള്ള പരമാവധി 179 ദിവസം മാത്രം അനുവദനീയമെന്നിരിക്കെ, സർക്കാർ ഉത്തരവ് മുഖവിലക്കെടുക്കാതെ 2016മുതൽ തുടർച്ചയായി ദിവസ വേതനത്തിന് മാത്രം ജീവനക്കാരെ നിയമിച്ചത് സേവനചട്ടങ്ങൾക്ക് വിരുദ്ധമാണ്. പലപ്പോഴും 179 ദിവസത്തിന് ശേഷം അതേ ജീവനക്കാർ തന്നെ തുടരുകയും ചെയ്യുന്നു. സർക്കാർ മാനദണ്ഡങ്ങൾ പാലിക്കാതെ നിയമിക്കപ്പെട്ട, 179ദിവസം കഴിഞ്ഞും സേവനത്തിൽ തുടരുന്ന ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ച വേതനവർദ്ധനവിന് അർഹതയുണ്ടായിരി ക്കുന്നതല്ല എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.അധിക വേതനം നൽകിയതിന് സർക്കാരിന്റെ ചെലവനുവാദം വാങ്ങുകയോ താൽക്കാലിക നിയമനം സർക്കാർ സാധൂകരിക്കുകയോ ചെയ്തിട്ടില്ല.

സ.ഉ(അച്ചടി) നം.81/2019/ധന/9.7.2019 ഉത്തരവ് പ്രകാരം, 26.2.2016ലെ ഉത്തരവ് പാലിച്ച് കൊണ്ട് നിയമിക്കപ്പെട്ട ജീവനക്കാർക്ക് മാത്രമേ ഉത്തരവ് പ്രകാരമുള്ള വേതന വർദ്ധനവിന് അർഹതയുള്ളൂ എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.കരാർ അടിസ്ഥാനത്തിലുള്ള നിയമനം സർക്കാരിന്റെ മുൻകൂർ അനുമതിയോട് കൂടി നടത്താവുന്നതാണെന്നും സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ മുൻകൂർ അനുമതി ലഭ്യമാക്കിയതിന് ശേഷം മാത്രം നിയമനം നടത്താനാകൂ എന്നും സർക്കാർ നിഷ്കർച്ചിട്ടുണ്ട്. അംഗീകൃത തസ്തികയാണെങ്കിൽ കൂടി 90ദിവസത്തേക്ക് മാത്രമാണ് വകുപ്പ് മേധാവിക്ക് നിയമനം നടത്തുവാൻ അധികാരമുള്ളുവെന്നും 90ദിവസത്തിൽ കവിഞ്ഞ് നിയമിക്കുന്നതിന്, അംഗീകൃത തസ്തികയാണെങ്കിൽ പോലും സർക്കാരിന്റെ അനുമതി ലഭ്യമാക്കിയതിന് ശേഷം മാത്രം നിയമനം നടത്താനുമാണ് സർക്കാർ നിഷ്കർച്ചിട്ടുള്ളത്. മേൽ പറഞ്ഞ വ്യവസ്ഥകളൊന്നും തന്നെ വൈദ്യുതി വിഭാഗം താത്ക്കാലിക നിയമന പ്രക്രിയയിൽ പാലിച്ചിട്ടില്ല. എന്നാൽ, പുതുക്കിയ വേതന വർദ്ധനവ് 1.7.2019മുതൽ ഈ വിഭാഗം ജീവനക്കാർക്ക് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

വിരമിച്ച ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും വ്യക്തമായ മാനദണ്ഡങ്ങൾ നിഷ്കർച്ചിട്ടുണ്ട്. വിരമിച്ച ജീവനക്കാരെ നിയമിക്കേണ്ടി വരുന്ന സാഹചര്യത്തിൽ, ടിയാൻ അവസാനം വാങ്ങിയ അടിസ്ഥാന ശമ്പളത്തിൽ നിന്നും,ടിയാന്റെ പെൻഷൻ കുറച്ച തുക/ അതാത് കാലത്തുള്ള കരാർ വേതനം/ദിവസവേതനം എന്നിവയുടെ മാസകണക്കിൽ ഏതാണോ കുറവ് വരുന്നത്, ആ തുകയാണ് വിരമിച്ച ജീവനക്കാരന് നൽകാവുന്നത്. കെഎസ്ആർ ഭാഗം1ലെ ചട്ടം8 പ്രകാരം ഈ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമച്ചതിന് ശേഷമേ നിയമനം നൽകുവാൻ വ്യവസ്ഥയുള്ളൂ.

എന്നാൽ ശ്രീ ഡി സ്വാമിദാസ് മുതലായ വിരമിച്ച ജീവനക്കാരെ വീണ്ടും നിയമിച്ചപ്പോൾ ഇത്തരം ഉപാധികൾ പാലിച്ചതായോ പ്രത്യേകമായ അഗ്രിമെന്റ് ഒപ്പു വച്ചതായ രേഖകളോ ഫയലിൽ ലഭ്യമല്ല. ഇവർക്കും 1.7.19മുതൽ വേതന കുടിശ്ശിക നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ, താൽകാലിക നിയമനത്തിന് വന്ന ചെലവ് തുക (6424340+1409526) 7833866 രൂപ ചെലവനുവാദത്തിന്റെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

## 1-28 ഇപിഎഫ് അടവാക്കുന്നതിന് സ്വകാര്യ ഏജൻസിയെ ഏർപ്പെടുത്തിയത് അനുവദനീയമല്ല.

2019-20ൽ ദിവസവേതനക്കാർക്ക് നൽകിയ ശമ്പളത്തോടൊപ്പം ഇപിഎഫ് വിഹിതവും കൂടി അനുവദിച്ചതിലെ അപാകത കൂടാതെ, ടി തുക അടവാക്കുന്നതിന് ഒരു സ്വകാര്യ ഏജൻസിയെ ഏർപ്പെടുത്തുക വഴി സർവ്വീസ് ചാർജ്ജ് ഇനത്തിലും വൈദ്യുതി വിഭാഗത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. 'നോംസ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് ദിവസവേതനക്കാർക്ക് നൽകിയ ഇപിഎഫ് അടയ്ക്കുന്നതിന് ഏൽപ്പിച്ചത്. തുക ഫയൽ ചെയ്യുന്നതിന് പ്രതിമാസം 1500രൂപയും ജിഎസ് ടിയുമാണ് അവർക്ക് നൽകിയ സർവ്വീസ് ചാർജ്ജ്. 4/2019 മുതൽ 3/2020വരെ ഒരു വർഷത്തേക്ക് 18000രൂപയും ജിഎസ് ടി ഇനത്തിൽ 3240രൂപയും ചേർത്ത് 21240 രൂപ ഈയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. 1409526/-രൂപയാണ് ഇപിഎഫ് ഇനത്തിൽ ടി ഏജൻസി വഴി അടച്ചത്.

2019-20ൽ സ്ഥാപനത്തിന് നൽകിയ തുകയുടെ വിവരം

| വൗച്ചർ നം. | തുക |
|---|---|
| 68/13.8.19 | 10620 |
| കുടിശ്ശിക | 56190 |
| 57/13.2.20 | 10620 |
| ആകെ | 77430/- |

ദിവസ വേതനക്കാർക്ക് ഇപിഎഫ് ഈടാക്കുവാൻ വ്യവസ്ഥ ഇല്ലാതിരിക്കെ, ഇത്തരത്തിൽ സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ച് തുക അടവാക്കുവാനായി ചെലവ് ചെയ്ത 77430/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല.

## 1-29 മീറ്റർ റീഡർ - അനുമതിയില്ലാത്ത തസ്തികയ്ക്ക് താൽക്കാലിക നിയമനം, ക്രമ വിരുദ്ധം

2019-20 സാമ്പത്തിക വർഷത്തിൽ സിജോ ജോസ് എന്ന കരാറുകാരൻ വൈദ്യുതി വിഭാഗത്തിന് ആവശ്യമായ മീറ്റർ റീഡർമാരെ സപ്ലൈ ചെയ്യാമെന്ന് കരാർ ഏറ്റെടുത്തു. 10/2019 വരെ ഒരു മീറ്റർ റീഡിംഗിന് 4.80പൈസ + 18% ജിഎസ് ടി എന്നായിരുന്നു വേതനത്തിന്റെ നിരക്ക്. 11/2019 മുതൽ അത് ഒരു മീറ്റർ റീഡിംഗിന് 4.95രൂപ + 18% ജിഎസ് ടി നിരക്കിന് മെ. ഈവേ എന്ന സ്ഥാപനം കരാർ ഏറ്റെടുത്തു.

മീറ്റർ റീഡർമാർക്ക് 2019-20ൽ നൽകിയ വേതനം

| മാസം | ബിൽ എണ്ണം | വേതനം + 18%ജിഎസ് ടി | വൗച്ചർ/തീയതി |
|---|---|---|---|
| 4/2019 | 18654 | 105656 | 25/5.4.19 |
| 5/2019 | 19123 | 108312 | 20/7.5.19 |
| 6/2019 | 18746 | 106176 | 24/11.6.19 |
| 7/2019 | 19044 | 107865 | 65/11.7.19 |
| 8/2019 | 18674 | 105679 | 78/19.8.19 |
| 9/2019 | 19044 | 107865 | 29/6.9.19 |
| 10/2019 | 18714 | 105996 | 15/11.11.19 |
| 11/2019 | 19070 | 111388 | 62/21.11.19 |
| 12/2019 | 18754 | 109542 | 83/27.12.19 |
| 1/2020 | 19077 | 111429 | 44/17.1.20 |
| 2/2020 | 18801 | 109817 | 60/19.2.20 |
| 3/2020 | 19106 | 111598 | 32/13.3.20 |
| | ആകെ | 1301323 | |

വൈദ്യുതി വിഭാഗം ഹാജരാക്കിയ 2019-20ലെ അംഗീകൃത തസ്തികളുടെ പട്ടികയിൽ 'മീറ്റർ റീഡർ' എന്ന തസ്തിക ഉൾപ്പെടുന്നില്ല. അംഗീകൃതമല്ലാത്ത ഏതൊരു തസ്തികയിലും താത്ക്കാലിക നിയമനം നടത്താൻ വ്യവസ്ഥയില്ല. വൈദ്യുതി വിഭാഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടതും ഒരേയൊരു വരുമാന സ്രോതസ്സുമായ വൈദ്യുതി ബിൽ തയ്യാറാക്കൽ ഏറ്റവും സൂക്ഷമതയോടെയും കൃത്യമായ ഇടവേളകളിലും അവിഘ്നം ചെയ്യേണ്ടതുണ്ട്. വൈദ്യുതി വിഭാഗം നിലവിൽ വന്ന അന്ന് മുതൽ മീറ്റർ റീഡിംഗ് എന്ന പ്രക്രിയയും നടക്കേണ്ടതുണ്ട്. ഫയൽ പ്രകാരം 2004ൽ ആണ് ഈ തസ്തികയിൽ താൽകാലിക ജീവനക്കാരെ നിയമിച്ച് തുടങ്ങിയിട്ടുള്ളത്.

മീറ്റർ റീഡർമാരുടെ സപ്ലൈ കോൺട്രാക്ട് 30.4.19ന് അവസാനിക്കുകയാണെന്നും പുതിയ കരാറുകാരെ കണ്ടെത്തണമെന്നും, കണ്ടെത്തുന്നത് വരെ പഴയ ജീവനക്കാരെ തുടരാൻ അനുവദിക്കണമെന്നും 7.1.19ന് സീനിയർ സൂപ്രണ്ട് നോട്ട് സമർപ്പിക്കുകയും ആയത് അനുവദിച്ച് കൊണ്ട് മേയർ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. നാല് മാസത്തിന് ശേഷം, കൗൺസിലിന്റെ 133/28.5.19ലെ തീരുമാനപ്രകാരം പുതിയ കരാറുകാരെ കണ്ടെത്തുവാൻ ടെണ്ടർ ക്ഷണിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾക്ക് ശേഷം മെ. ഇ-വേ എന്ന സ്ഥാപനം കരാർ സ്വീകരിച്ചിട്ടുള്ളത് 30.9.19നാണ്. 7.1.19ന് തുടങ്ങിയ നടപടിക്രമങ്ങൾ ലക്ഷ്യം കാണുന്നതിന് 9മാസം വേണ്ടിവന്നു എന്നത് തന്നെ പരിശോധിക്കപ്പെടേണ്ട ഒരു കാലവിളംബം തന്നെയാണ്. ഇക്കാലയളവിൽ ഒരിക്കൽ പോലും തസ്തിക നിലവിലില്ലാത്ത വിവരം കൗൺസിലിനെയോ നഗരകാര്യ ഡയറക്ടറെയോ സർക്കാരിനെയോ അറിയിച്ചിട്ടുമില്ല എന്നത് ഗൗരവമായി കാണേണ്ടതുണ്ട്. തസ്തിക നിലവിലില്ലാത്തത് കൊണ്ട് തന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ പിഎസ് സി മുഖാന്തിരമോ നിയമനം നടത്തുവാൻ വൈദ്യുതി വിഭാഗം ശ്രമിച്ചിട്ടുമില്ല. എന്ത് കൊണ്ടാണ് തസ്തികയ്ക്ക് നിയമപരമായി അനുവാദം തേടാതിരുന്നത് എന്നും, ഒരേ കരാറുകാരി തന്നെ തുടർച്ചയായി തൊഴിലാളികളെ സപ്ലൈ ചെയ്യുവാൻ കരാർ നേടിയതും, അതേ കരാറുകാരി തന്നെ വൈദ്യുതിവിഭാഗം വകുപ്പുതലത്തിൽ ചെയ്യേണ്ട വൈദ്യുതി പ്രവൃത്തികളുടെ കരാർ

ഏറ്റെടുത്ത് നടത്തിയതും എങ്ങനെയെന്ന് പഠനവിധേമാക്കി ക്രമപ്രകാരമല്ലാത്ത നടപടികൾ റദ്ദാക്കുവാൻ ഭരണകർത്താക്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

മീറ്റർ റീഡർ എന്ന തസ്തികയിൽ താത്ക്കാലിക നിയമനം തുടങ്ങുന്നതിന് മുൻപ്, ജോലി വിഭജന രേഖകൾ പ്രകാരം വൈദ്യുതി വിഭാഗത്തിൽ മീറ്റർ റീഡിംഗ് ജോലികൾ ഏത് തസ്തികയിലെ ജീവനക്കാരാണ് ചെയ്ത് കൊണ്ടിരുന്നത് എന്ന ആരാഞ്ഞതിന് വൈദ്യുതി വിഭാഗം നൽകിയ മറുപടിയിൽ യോഗ്യതയുള്ള ലൈൻമാൻമാരാണ് മീറ്റർ റീഡിംഗ് ജോലി നിർവ്വഹിച്ചിരുന്നത് എന്നും സ്പോട്ട് ബില്ലിംഗ് നിലവിൽ വന്ന1.4.2001 മുതൽ, പുതിയ സമ്പ്രദായമായതിനാൽ ജീവനക്കാരുടെ അഭാവം നിമിത്തം 8 മീറ്റർ റീഡർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച എന്നും ആയതിന് നഗരസഭാ കൗൺസിലിന്റെ 60/24.6.06 തീരുമാന പ്രകാരം അനുവാദം നൽകുകയും തസ്തിക ലഭിക്കുവാൻ സർക്കാരിലേക്ക് കത്തയക്കുകയും ചെയ്തിട്ടുണ്ട് എന്നുമാണ് (ഓഡിറ്റ് അന്വേഷണം- നം.54/ 24.2.22) മറുപടി ലഭിച്ചത്. സർക്കാരിലേക്കയച്ച കത്തിന്റെ പകർപ്പ് മറുപടിയുടെ കൂടെ ലഭ്യമാക്കിയിട്ടില്ല.

2006ൽ തസ്തിക ആവശ്യപ്പെട്ടു കൊണ്ട് നൽകിയ കത്തിന് നാളിതുവരെ അനുവാദം ലഭിച്ചിട്ടില്ലെന്നാണ് മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. മാത്രമല്ല, 16 വർഷങ്ങൾക്ക് ശേഷമാണ് വീണ്ടും തസ്തിക ആവശ്യപ്പെട്ട് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർക്ക് ഇ2(1)4795/16/17.2.2022 കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത് എന്നും മറുപടിയിൽ നിന്നും വ്യക്തമാവുന്നു. ഇല്ലാത്ത തസ്തികയിലേക്ക് നിയമനം നടത്തിയത് ക്രമ വിരുദ്ധമാണെന്നാണ് ഓഡിറ്റിന്റെ നിരീക്ഷണം.

തൊഴിലാളികളെ സപ്ലൈ ചെയ്യുന്ന രീതി സ്വീകരിക്കുക വഴി, അത്തരത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ യോഗ്യതയോ കാര്യക്ഷമതയോ പരിചയസമ്പന്നതയോ വിലയിരുത്തുവാനോ പരിഗണിക്കുവാനോ തൊഴിൽദാതാവായ വൈദ്യുതി വിഭാഗത്തിന് കഴിയാതെ വരുന്നു.

ഓരോ ദിവസത്തെയും വോക്ക് ഓർഡർ ലഭിക്കുന്ന മീറ്റർ റീഡർമാർ അവരുടെ പ്രവൃത്തി, അന്നേ ദിവസം മൂന്ന് മണിക്ക് മുൻപ് പൂർത്തിയാക്കി ഫൈനൽ റീഡിംഗ് രേഖപ്പെടുത്തിയ ബില്ലുകൾ ബില്ലിംഗ് സെക്ഷനിൽ ഏല്പിക്കണമെന്നാണ് വ്യവസ്ഥ. ബില്ലുകളിലെ വിവരങ്ങൾ അതത് ദിവസം മീറ്റർ റീഡിംഗ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട ജോലിയും മീറ്റർ റീഡർമാരുടേതാണ്. എന്നാൽ ഈ രജിസ്റ്റർ പലപ്പോഴും പൂർണ്ണമായും കൃത്യമായും രേഖപ്പെടുത്തുന്നില്ല. കരാർ കാലാവധി കഴിഞ്ഞ്, പലയാവർത്തി ആവശ്യപ്പെട്ടതിന് ശേഷമാണ് മീറ്റർ റീഡർമാർ രജിസ്റ്റർ എഴുതി നൽകുന്നത് എന്ന് ഫയൽ പരിശോധനയിൽ വ്യക്തമാവുന്നു. പലപ്പോഴും പല സെക്ഷനുകളിലും ഇത് പൂർണ്ണവുമല്ല. സപ്ലൈ ചെയ്യപ്പെട്ട മീറ്റർ റീഡർമാരുടെ മേൽ തൊഴിൽദാതാവിന് പൂർണ്ണമായ നിയന്ത്രണാധികാരം ലഭ്യമാവുന്നില്ല എന്ന് തന്നെയാണ് ഇത് കാണിക്കുന്നത്.

നഗര (അർബൻ) പ്രദേശങ്ങളിൽ ഒരു തൊഴിലാളിക്ക് ഒരു ദിവസം 105 മീറ്റർറീഡിംഗ് എടുക്കുവാനാണ് വോക്കിംഗ് ഓർഡർ നൽകേണ്ടത്. അങ്ങനെയെങ്കിൽ പ്രതിമാസം 8 മീറ്റർ റീഡർമാർ ചേർന്ന് (105x8x30) 25200 ബില്ലുകളിൽ ഫൈനൽ റീഡിംഗ് എടുക്കേണ്ടതുണ്ട്. കരാറുകാരിക്ക് നൽകിയ പ്രതിമാസവേതന വിവരങ്ങളിൽ നിന്നും, ശരാശരി 18900മീറ്റർ റീഡിംഗ് മാത്രമാണ് ഒരു മാസം എടുക്കുന്നത് എന്ന് കണക്കാക്കാവുന്നതാണ്. പൂർത്തിയാക്കിയ റീഡിംഗുകൾക്ക് മാത്രമാണ് വേതനം നൽകുന്നത് എന്ന ന്യായവാദം ഉണ്ടാകുമെങ്കിൽ തന്നെയും നിശ്ചിത കാലയളവിൽ എടുക്കേണ്ടുന്ന റീഡിംഗുകൾക്ക് കാലതാമസം നേരിടുന്നതിനും മീറ്റർ ഫോൾട്ട് അറിയാതെ പോകുന്നതിനും മറ്റ് ക്രമരഹിത ഇടപാടുകൾക്കും ഇത് കാരണമാകാം എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. മാത്രമല്ല, മീറ്റർറീഡർമാരുടെ കാര്യക്ഷമത

പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്.

വൈദ്യുതി ബിൽ തയ്യാറാക്കൽ ഉത്തരവാദിത്തമുള്ള ജോലിയാകയാലും നാളിതുവരെയും സർക്കാരിൽ നിന്നും അനുമതി ലഭിക്കാത്ത സാഹചര്യത്തിലും, നിയമനമാനദണ്ഡങ്ങളൊന്നും കൃത്യതപ്പെടുത്താതെയുള്ള രീതി ആശാസ്യമല്ലാത്തതിനാലും, ഇല്ലാത്ത തസ്തികയിൽ ജീവനക്കാരെ നിയമിച്ചതിന് ചെലവായ തുക അംഗീകരിക്കുവാൻ നിർവ്വാഹമില്ല. ഈയിനത്തിൽ 19-20ൽ ചെലവ് ചെയ്ത 1301323രൂപ നിരാകരിക്കുന്നു.

1-30 വകുപ്പ് തലത്തിൽ പ്രവൃത്തികൾ ഏറ്റെടുത്ത് ചെയ്യുന്നില്ല.

ഫയൽ ഇ2(1)-360/16

ഇ2(1)-3071/13

ഇ2(1)-9372/04

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിൽ നിലവിൽ 200ൽ അധികം ജീവനക്കാർ പ്രവൃത്തിയെടുക്കുന്നുണ്ട്. സ്ഥിരം ജീവനക്കാർക്ക് പുറമെ താൽക്കാലികമായും ദിവസവേതനത്തിലും കരാർ അടിസ്ഥാനത്തിലുമുള്ള ജീവനക്കാരുൾപ്പെടെ യാണിത്. പിഎസ് സി വഴി തെരഞ്ഞെടുക്കുന്ന സ്ഥിരം ജീവനക്കാരുടെയും താത്കാലിക ജീവനക്കാരുടെയും പട്ടിക താഴെ ചേർക്കുന്നു

| ക്രമ നം. | തസ്തിക (മിനിസ്റ്റീരിയൽ) | അനുവദിക്കപ്പെട്ട എണ്ണം | സ്ഥിരം | താത്കാലികം |
|---|---|---|---|---|
| 1 | സീനിയർ സൂപ്രണ്ട് | 5 | 1 | 0 |
| 2 | സീനിയർ അസിസ്റ്റന്റ് | 23 | 18 | 0 |
| 3 | ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ | 23 | 9 | 4 |
| 4 | എൽ ഡി ടൈപ്പിസ്റ്റ് | 2 | 2 | 0 |
| 5 | ഒ എ/ വാച്ച്മാൻ | 10 | 7 | 1 |
| 6 | ഡ്രൈവർ | 5 | 1 | 3 |
| സാങ്കേതിക വിഭാഗം | | | | |
| 7 | ഇലക്ട്രിക്കൽ എഞ്ചിനീയർ | 1 | 1 | 0 |
| 8 | അസിസ്റ്റന്റ് എഞ്ചിനീയർ/ ഷിഫ്റ്റ് ഓപ്പറേറ്റർ | 9 | 9 | 8 |
| 9 | സബ് എഞ്ചിനീയർ/ ഷിഫ്റ്റ് അസിസ്റ്റന്റ് | 17 | 7 | 14 |

| | | | | |
|---|---|---|---|---|
| 10 | ഓവർസിയർ | 27 | 22 | 0 |
| 11 | മീറ്റർ മെക്കാനിക്ക് | 1 | 0 | 0 |
| 12 | ലൈൻമാൻ ഗ്രേഡ് 1 | 36 | 5 | 27 |
| 13 | ലൈൻമാൻ ഗ്രേഡ് 11 | 15 | 12 | 0 |
| 14 | ഇലക്ട്രിസിറ്റി വർക്കർ | 50 | 7 | 30 |
| 15 | മീറ്റർ റീഡർ | 0 | 0 | 8 |
| 16 | അപ്രന്റീസ് ട്രെയിനി | | | 9 |
| | ആകെ | 225 | 101 | 86 |

ലഭ്യമായ ഫയലുകൾ, വൈദ്യുതി വിഭാഗം നൽകിയ വിവരങ്ങൾ, വർക്ക് ഫയലുകൾ, എം ബുക്കുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ലഭിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. താൽക്കാലിക മീറ്റർ റീഡർമാർ - 8 പേർ

2019-20 സാമ്പത്തിക വർഷത്തിൽ ശ്രീമതി. സിജോ ജോസ് എന്ന കരാറുകാരി വൈദ്യുതി വിഭാഗത്തിന് ആവശ്യമായ മീറ്റർ റീഡർമാരെ സപ്ലൈ ചെയ്യാമെന്ന് കരാർ ഏറ്റെടുക്കുകയും, 10/2019 വരെ ഒരു മീറ്റർ റീഡിംഗിന് 4.80പൈസ + 18% ജിഎസ് ടി എന്നായിരുന്നു വേതനത്തിന്റെ നിരക്ക്. 11/2019 മുതൽ അത് ഒരു മീറ്റർ റീഡിംഗിന് 4.95രൂപ + 18% ജിഎസ് ടി നിരക്കിന് മെ. ഈവേ എന്ന സ്ഥാപനം കരാർ ഏറ്റെടുത്തു.

| മാസം | ബിൽ എണ്ണം | തുക | വൗച്ചർ/തീയതി |
|---|---|---|---|
| 4/2019 | 18654 | 105656 | 25/5.4.19 |
| 5/2019 | 19123 | 108312 | 20/7.5.19 |
| 6/2019 | 18746 | 106176 | 24/11.6.19 |
| 7/2019 | 19044 | 107865 | 65/11.7.19 |
| 8/2019 | 18674 | 105679 | 78/19.8.19 |
| 9/2019 | 19044 | 107865 | 29/6.9.19 |
| 10/2019 | 18714 | 105996 | 15/11.11.19 |
| 11/2019 | 19070 | 111388 | 62/21.11.19 |
| 12/2019 | 18754 | 109542 | 83/27.12.19 |
| 1/2020 | 19077 | 111429 | 44/17.1.20 |
| 2/2020 | 18801 | 109817 | 60/19.2.20 |
| 3/2020 | 19106 | 111598 | 32/13.3.20 |
| | ആകെ | 13,01,323 | |

ജിഎസ് ടി 2%, ഐടി 2%, ക്ഷേമനിധി വിഹിതം 1% എന്നിവ യഥാവിധി കുറവ് ചെയ്താണ് കരാറുകാരന് വൗച്ചർ

പ്രകാരം തുക നൽകിയിട്ടുള്ളത്.

2. സബ് സ്റ്റേഷനുകളിലെ താൽകാലിക നിയമനം

| 110കെവി - വേതനം | 33കെവി - വേതനം |
|---|---|
| ഷിഫ്റ്റ് അസിസ്റ്റന്റ് 810/-ദിവസം | ഷിഫ്റ്റ് ഓപ്പറേറ്റർ - 810/ദിവസം |
| ഷിഫ്റ്റ് ഓപ്പറേറ്റർ - 810/ദിവസം | ഷിഫ്റ്റ് അസിസ്റ്റന്റ്- 610/ദിവസം |
| സബ് എഞ്ചിനീയർ- 1025/ദിവസം | സബ് എഞ്ചിനീയർ- 810/ദിവസം |

| മാസം | ഡ്യൂട്ടി എണ്ണം | വേതനം | ജിഎസ് ടി | വൗച്ചർ/ തീയതി |
|---|---|---|---|---|
| 4/2019 | 110കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 54<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 93<br>33കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 93<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 93<br>സബ് എഞ്ചിനീയർ- 103 | 346170 | 62311 | 26/8.4.19 |
| 5/19 | 110കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 55<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 90<br>33കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ-90<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 90<br>സബ് എഞ്ചിനീയർ- 117 | 351845 | 63332 | 21/7.5.19 |
| 6/19 | 110കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ-55<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 93<br>33കെവി93<br>ഷിഫ്റ്റ് ഓപ്പറേറ്റർ-93 | 366635 | 65994 | 22./11.6.19 |

| | | | | |
|---|---|---|---|---|
| | ഷിഫ്റ്റ് അസിസ്റ്റന്റ്- 93<br>സബ് എഞ്ചിനീയർ- 127 | | | |
| 7/19 | 110കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 52<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 90<br>33കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 90<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 90<br>സബ് എഞ്ചിനീയർ- 122 | 358820 | 63508 | 63/11.07.19 |
| 8/19 | 110കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 48<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 93<br>33കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 93<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 93<br>സബ് എഞ്ചിനീയർ- 131 | 362700 | 65286 | 30/07.08.19 |
| 9/19 | 110കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 59<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 93<br>33കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 93<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 93<br>സബ് എഞ്ചിനീയർ- 122 | 366685 | 66003 | 30/06.09.19 |
| 10/19 | 110കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 45 | 335115 | 60321 | 53/11.10.19 |

| | | | | |
|---|---|---|---|---|
| | ഷിഫ്റ്റ് അസിസ്റ്റന്റ്- 90<br>33കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 90<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 90<br>സബ് എഞ്ചിനീയർ- 109 | | | |
| 11/19 | 110കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 40<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 93<br>33കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 93<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 93<br>സബ് എഞ്ചിനീയർ- 130 | 353690 | 63664 | 16/11.11.19 |
| 12/19 | 110കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 33<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 90<br>33കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 90<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 90<br>സബ് എഞ്ചിനീയർ- 131 | 340635 | 61314 | 21/12.12.19 |
| 1/20 | 110കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 32<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 93<br>33കെവി<br>ഷിഫ്റ്റ് ഓപ്പറേറ്റർ- 93<br>ഷിഫ്റ്റ് അസിസ്റ്റന്റ്- 93 | 344680 | 62042 | 15/13.01.20 |

| | | | | |
|---|---|---|---|---|
| | സബ് എഞ്ചിനീയർ- 129 | | | |
| 2/20 | 110കെവി<br><br>ഷിഫ്റ്റ് ഓപ്പറേറ്റർ- 30<br><br>ഷിഫ്റ്റ് അസിസ്റ്റന്റ്- 93<br><br>33കെവി<br><br>ഷിഫ്റ്റ് ഓപ്പറേറ്റർ- 93<br><br>ഷിഫ്റ്റ് അസിസ്റ്റന്റ്- 93<br><br>സബ് എഞ്ചിനീയർ- 134 | 346680 | 62402 | 35/11.02.20 |
| 3/20 | 110കെവി<br><br>ഷിഫ്റ്റ് ഓപ്പറേറ്റർ- 32<br><br>ഷിഫ്റ്റ് അസിസ്റ്റന്റ്- 87<br><br>33കെവി<br><br>ഷിഫ്റ്റ് ഓപ്പറേറ്റർ- 87<br><br>ഷിഫ്റ്റ് അസിസ്റ്റന്റ്- 87<br><br>സബ് എഞ്ചിനീയർ- 128 | 330490 | 59488 | 30/12.03.20 |
| | ആകെ തുക | 4204145 | 755665 | 4959810 |

കരാറുകാരൻ - ശ്രീമതി.സിജി ജോസ്

ജിഎസ് ടി 2%, ഐടി 2%, ക്ഷേമനിധി വിഹിതം 1% എന്നിവ യഥാവിധി കുറവ് ചെയ്താണ് കരാറുകാരന് വൗച്ചർ പ്രകാരം തുക നൽകിയിട്ടുള്ളത്.

3. 2019-20ൽ ദിവസവേതനക്കാർക്ക് നൽകിയ ശമ്പളം

തസ്തിക ശമ്പള നിരക്ക്

ജൂനിയർ അസിസ്റ്റന്റ് - 710/ദിവസം

ഓഫീസ് അറ്റന്റന്റ് - 630/ദിവസം

ഡ്രൈവർ - 685/ദിവസം

സെക്യൂരിറ്റി - 710/ദിവസം

ലൈൻമാൻ - 685/ദിവസം

ജിഎസ് ടി 2%, ഐടി 2%, ക്ഷേമനിധി വിഹിതം 1% എന്നിവ യഥാവിധി കുറവ് ചെയ്താണ് കരാറുകാരന് വൗച്ചർ പ്രകാരം തുക നൽകിയിട്ടുള്ളത്

| മാസം | ജീവനക്കാർ എണ്ണം | തുക | വൗച്ചർ/തീയതി | ഇപിഎഫ് |
|---|---|---|---|---|
| 4/2019 | 39 | 648025<br>145826 | 17/3.4.19<br>21/3.4.19 | 76247 +<br>69579 |
| 5/2019 | 38 | 596330<br>133850 | 11/3.5.19<br>22/8.5.19 | 63865<br>69985 |
| 6/2019 | 38 | 586030<br>132436<br>17415 | 7/3.6.19<br>8/3.6.19<br>25/11.6.19 | 69246<br>63190 |
| 7/2019 | 38 | 622040<br>141484 | 5/1.7.19<br>10/2.7.19 | 73977<br>67507 |
| 8/2019 | 39 | 654640<br>144487 | 10/2.8.19<br>11/2.8.19 | 75547<br>68940 |
| 9/2019 | 37 | 605820<br>135837 | 15/3.9.19<br>18/3.9.19 | 71024<br>64813 |
| 10/2019 | 37 | 562940<br>129816 | 5/4.10.19<br>6/4.10.19 | 67876<br>61940 |
| 11/2019 | 36 | 607555<br>132792 | 5/2.11.19<br>45/11.11.19 | 69432<br>63360 |
| 7/19-9/19<br>കുടിശ്ശിക | 36 | 40770 | 77/22.11.19 | ---- |
| 12/2019 | 34 | 575240<br>126575 | 14/6.12.19<br>16/6.12.19 | 66181<br>60394 |
| 1/2020 | 31 | 514250<br>110180 | 4/4.1.20<br>16/13.1.20 | 57609<br>52571 |

| | | | | |
|---|---|---|---|---|
| | | 17020 | 82/31.1.20 | |
| 2/2020 | 30 | 311660<br><br>53863 | 5/4.2.20<br><br>6/4.2.20 | 18273<br><br>35590 |
| 3/2020 | 6 | 105375<br><br>22380 | 9/5.3.20<br><br>10/5.3.20 | 10742<br><br>11638 |
| | ആകെ | 7833866 | | |

1. താൽക്കാലിക മീറ്റർ റീഡർമാർ - 8 പേർ - 13,01,323

2. താൽകാലിക ലൈൻമാൻമാരുടെ നിയമനം - 27പേർ 6,29,29,52

3. 2019-20ൽ ദിവസവേതനക്കാർക്ക് നൽകിയ ശമ്പളം - 7833866

4. സബ് സ്റ്റേഷനുകളിലെ താൽകാലിക നിയമനം -4959810

ആകെ - 20387951/-

4. സ്ഥിരം ജീവനക്കാരുടെ വേതനം - 82252486

ഡിഎ അരിയർ - 3282450

ഗ്രേഡ് പ്രമോഷൻ അരിയർ - 2279136

ആകെ - 87814072/-

2019-20 വർഷം ശമ്പളയിനത്തിലെ ചെലവ്

(20387951 + 87814072) = 108202023/-

2019-20 വർഷം കരാറുകാർക്ക് ഏല്പിച്ച പ്രവൃത്തികൾ

| ഫയൽ | പ്രവൃത്തി വിവരം | കരാറുകാരൻ | തുക/<br><br>വൗച്ചർ |
|---|---|---|---|
| ഇഡബ്ല്യ-1<br>4557/16 | പോസ്റ്റ് മാറ്റൽ മനോരമ ജംഗ്ഷൻ | എംജി ഹരിഹരൻ | 235244/-<br><br>92/24.2.18 |
| ഇഡബ്ല്യ-2<br>5898/19 | ജനറൽ സെക്ഷൻ | സിജി ജോസ് | 217409<br><br>21904834/<br><br>26.2.20 |
| ഇഡബ്ല്യ-2 | കേബിൾ വർക്ക്സ് | സിജി ജോസ് | 13898/- |

| | | | |
|---|---|---|---|
| 4699/16 | | | 56/16.3.20 |
| ഇഡബ്ല്യു-3<br>4248/18 | പോൾ സ്ഥാപിക്കൽ<br>ദിവാൻജി മൂല | ജിതിൻ സി<br>ജോസ് | 17570/-<br>82/27.6.19 |
| ഇഡബ്ല്യു-3<br>5968/18 | ഫാൻ സ്ഥാപിക്കൽ<br>സീനിയർ കൗണ്ടർ | പോണി<br>ഇലക്ട്രിക്കൽ | 7607/-<br>79/19.8.19 |
| ഇഡി-1<br>2150/19 | യുപിഎസ്<br>സ്ഥാപിക്കൽ | പോണി<br>ഇലക്ട്രിക്കൽ | 35000/-<br>80/19.8.19 |
| ഇഡബ്ല്യു-3<br>5512/18 | ലൈൻ വലിക്കൽ<br>ചക്കാമുക്ക് | സിജി ജോസ് | 22585/-<br>17/11.1.19 |
| ഇഡബ്ല്യു-3<br>5513/18 | പുതിയ എബി സ്വിച്ച്<br>സ്ഥാപിക്കൽ | സിജി ജോസ് | 22600/-<br>69/19.12.19 |
| ഇഡബ്ല്യു-3<br>6040/18 | കേട് വന്ന പോസ്റ്റ്<br>മാറ്റൽ, കോട്ടപുറം | സിജി ജോസ് | 18151/-<br>17/11.1.19 |
| ഇ10<br>5838/19 | ഹെൽത്ത്<br>ഇൻസ്പെക്ടറുടെ<br>ഓഫീസ് റീവയറിംഗ് | പോണി<br>ഇലക്ട്രിക്കൽ | 63800/-<br>21904742<br>/ 11.1.2020 |
| ഇഡബ്ല്യു-4<br>6738/18 | എൽടി ലൈൻ<br>വലിക്കൽ | സിജി ജോസ് | 23590/-<br>76/21.5.19 |
| ഇഡബ്ല്യു-4<br>3121/16 | ആർഎംയു<br>സ്ഥാപിക്കൽ | ജെയിംസ്<br>അസോസിയേറ്റ്സ് | 94690/-<br>79/22.7.19 |
| ഇഡബ്ല്യു-4<br>1329/19 | 11കെവി കണ്ടക്ടർ<br>മാറ്റൽ | സിജി ജോസ് | 78586/-<br>101/29.3.19 |
| ഇഡബ്ല്യു-4<br>8029/18 | ഡിപി സ്ട്രക്ചർ മാറ്റൽ | സിജി ജോസ് | 29555/-<br>61/13.8.19 |
| ഇഡബ്ല്യു-4<br>3880/16 | കണ്ടക്ടർ മാറ്റൽ, ലാലൂർ | ബിനോജ് ടികെ | 79316/-<br>74/30.9.19 |
| ഇഡി-1 | കണ്ടക്ടർ<br>മാറ്റൽ,11-14വാർഡുകൾ | എം കെ<br>കേബിൾസ്. | 638167/- |

| | | | |
|---|---|---|---|
| 3433/17 | | | 77/21.6.19 |
| ഇഡബ്ല്യൂ-2<br>234/19 | കേബിൾ വർക്ക്സ്<br>പഴയ നടക്കാവ് | രേഖപ്പെടുത്തി<br>-യിട്ടില്ല | 14662/-<br>102/29.3.19 |
| ഇഡി-1<br>3433/17 | എൽടി കണ്ടക്ടർ മാറ്റൽ | എം കെ<br>കേബിൾസ്. | 782930/-<br>78/21.5.19 |
| ഇഡബ്ല്യൂ-2<br>1680/19 | എൽടി കേബിൾ<br>വർക്ക്സ് | ജെയിംസ്<br>അസോസിയേറ്റ്സ് | 181406/<br>80/22.7.19 |
| ഇഡബ്ല്യൂ-2<br>4314/18 | യുജി കേബിളിടൽ<br>മാരാർ റോഡ് | ജെയിംസ്<br>അസോസിയേറ്റ്സ് | 1317827/<br>75/30.9.19 |
| ഇഡബ്ല്യൂ-2<br>967/19 | യുജി കേബിളിടൽ<br>എംഒ റോഡ് സബ് വേ | സിജി ജോസ് | 40238/<br>108/26.10.19 |
| ഇഡി-1<br>3433/17 | എൽടി കണ്ടക്ടർ മാറ്റൽ | എം കെ<br>കേബിൾസ്. | 787610/<br>89/31.1.19 |
| ഇഡി-1<br>3433/17 | എൽടി കണ്ടക്ടർ മാറ്റൽ | എം കെ<br>കേബിൾസ്. | 624890/<br>88/31.1.19 |
| ഇഡി-1<br>3433/17 | എൽടി കണ്ടക്ടർ മാറ്റൽ | എം കെ<br>കേബിൾസ്. | 1412500/<br>59/12.4.19 |
| ഇഡി-1<br>3433/17 | എൽടി കണ്ടക്ടർ മാറ്റൽ | എം കെ<br>കേബിൾസ്. | 1412499/<br>77-79/21.5.19 |
| ഇഡി-1<br>3433/17 | എൽടി കണ്ടക്ടർ മാറ്റൽ | എം കെ<br>കേബിൾസ്. | 217525/<br>48/13.12.19 |
| ഇഡി-1<br>3433/17 | എൽടി കണ്ടക്ടർ മാറ്റൽ | എം കെ<br>കേബിൾസ്. | 1194890/<br>8-9/2.7.19 |
| ഇഡബ്ല്യൂ-2<br>7964/18 | ജയ്ഹിന്ദ് മാർക്കറ്റ്<br>എബിസി സ്ഥാപിക്കൽ | എം കെ<br>കേബിൾസ്. | 87352/<br>83/27.11.19 |
| | | ആകെ തുക | 96,72,097/- |

2019-20 സാമ്പത്തിക വർഷം വിവിധ വൈദ്യുതി പ്രവർത്തികൾ കരാറുകാരെ കൊണ്ട് എടുപ്പിച്ചതിന് 96,72,097/-രൂപ

ചെലവ് വന്നിട്ടുണ്ട്.ഇതേ സാമ്പത്തിക വർഷം താൽകാലിക/സ്ഥിര ജീവനക്കാരുടെ ശമ്പളാനുകൂല്യ ചെലവുകൾക്ക് 108202023/-രൂപ ചെലവ് ചെയ്തിട്ടുണ്ട്. ആവശ്യത്തിന് ജീവനക്കാർ ഉണ്ടായിട്ടും ഡിപ്പാർട്ട്മെന്റ് തലത്തിൽ പ്രവൃത്തി ചെയ്യിപ്പിക്കാത്തതിനാൽ സൂപ്പർവിഷൻ ചാർജ്ജ്, ലേബർ ചാർജ്ജ് എന്നിവയിൽ വലിയ നഷ്ടം വകുപ്പിന് ഉണ്ടാകുന്നു. വൈദ്യുതി സ്റ്റോറിൽ നിന്നും വൈദ്യുതോപകരണങ്ങൾ ഉപയോഗപ്പെടുത്തി ആയാസമുള്ള ജോലികൾ എല്ലാം തന്നെ കരാറുകാരെ കൊണ്ട് ചെയ്യിക്കുന്നതായാണ് ഫയൽ പരിശോധനയിൽ കണ്ടെത്തിയത്. ചില അവസരങ്ങളിൽ പോസ്റ്റ് മാറ്റൽ പോലെയുള്ള ചെറിയ ജോലികളും കരാറുകാരെ വച്ച് ചെയ്യിച്ചതായി കണ്ടു. എല്ലാ വിഭാഗം ജീവനക്കാരെയും കാര്യക്ഷമമായി ഉപയോഗപ്പെടുത്തി വൈദ്യുത പ്രവൃത്തികൾ ചെയ്യിക്കാതിരിക്കുമ്പോൾ ശമ്പള ഇനത്തിലും കരാറുകാരുടെ ചെലവിനത്തിലുമായി ഇരട്ടി തുക വൈദ്യുതി വിഭാഗത്തിന് ചെലവു ചെയ്യേണ്ടി വരുന്നു എന്നത് സ്ഥാപനത്തിന്റെ സാമ്പത്തികസ്ഥിതിയുടെ ഉത്തമ താത്പര്യം ഹനിക്കുന്നതാണ്. വ്യക്തമായ മറുപടി ലഭിക്കുംവരെ കരാറുകാർക്ക് നൽകിയ 9672097രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 പോൾ റെന്റ് ചാർജ്ജ് ഈടാക്കിയതിലെ അപാകങ്ങൾ

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന്റെ വൈദ്യുതി പോസ്റ്റുകൾ കേബിൾ ടി.വി സർവ്വീസ് നടത്തുന്നതിനായി വിവിധ കേബിൾ ടി.വി സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. ഇതു വഴി വൈദ്യുതി വിഭാഗത്തിന് പോൾ റെന്റിനത്തിൽ നല്ലൊരു തുക വരവായി ലഭിക്കുന്നുണ്ട്. 2019-2020 വർഷം പോൾ റെന്റ് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ സാക്ഷ്യപത്രം ഉറപ്പാക്കുന്നില്ല.

2019-20 സാമ്പത്തിക വർഷം 5 കേബിൾ ടി.വി സ്ഥാപനങ്ങൾക്ക് വൈദ്യുതി പോസ്റ്റുകൾ കേബിൾ ടി.വി സർവ്വീസ് നടത്തുന്നതിനായി നൽകിയിരുന്നു. GO(MS) No.5/2000/PD dt. 27.03.2000 സർക്കാർ ഉത്തരവിൽ കേബിൾ ഓപ്പറേറ്റിംഗ് സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ പരിശോധനയും സാക്ഷ്യപത്രവും മാനദണ്ഡമായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള പ്രവർത്തനാനുമതി സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ കേരളവിഷൻ, ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ,കോമറ്റ് സാറ്റ് വിഷൻ, പൂങ്കുന്നം കേബിൾ നെറ്റ് വർക്ക്സ് എന്നീ 4 സ്ഥാപനങ്ങൾക്ക് വൈദ്യുതി വിഭാഗം അനുമതി നൽകിയിരിക്കുന്നു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള പ്രവർത്തനാനുമതി സാക്ഷ്യപത്രം ഉള്ളത് അയ്യന്തോൾ സാറ്റലൈറ്റ് കേബിൾ നെറ്റ് വർക്കിന്റെ ഫയലിൽ മാത്രമാണ്. ഏഷ്യാനെറ്റ്, കേരള വിഷൻ , പൂങ്കുന്നം കേബിൾ എന്നീ സ്ഥാപനങ്ങൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി പത്രം സമർപ്പിച്ചിട്ടുണ്ട് എന്ന് ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 24/11.01.2022) നൽകിയ മറുപടിയിൽ പറയുന്നുണ്ടെങ്കിലും ആയത് ഫയലില്ല. കോമറ്റ് സാറ്റ് വിഷൻ എന്ന സ്ഥാപനത്തിന്റെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള പ്രവർത്തനാനുമതി നഗരസഭ വൈദ്യുതി വിഭാഗം ഉറപ്പാക്കിയിട്ടില്ലാ എന്നത് മറുപടിയിൽ വ്യക്തമാണ്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള പ്രവർത്തനാനുമതി സാക്ഷ്യപത്രം ഉറപ്പാക്കി സ്ഥാപനങ്ങൾക്ക് അനുമതി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ഡിമാന്റ് തുകയിൽ നിന്നും കുറവായി തുക അടവാക്കി- 17,128/- രൂപ നഷ്ടം

2019-2020 സാമ്പത്തിക വർഷത്തിൽ 1704 ഇലക്ട്രിക്കൽ പോസ്റ്റിലൂടെ കേബിൾ വലിച്ച് കേബിൾ ടി.വി സർവ്വീസ്

നടത്തുന്നതിനുള്ള അനുമതിയ്ക്കായി 4.01.2019 ന് കേരളവിഷൻ സമർപ്പിച്ച അപേക്ഷയിൽ പോസ്റ്റ് ഒന്നിന് 425.92+GST എന്ന നിരക്കിൽ തുക ഈടാക്കുവാൻ 23.02.2019 ലെ 77-ാം നമ്പർ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതും തുടർന്ന് ED1-152/19 തി. 19.03.2019 കത്ത് പ്രകാരം 8,56,406 രൂപ (425.92x1704+18% GST) ഡിമാന്റ് ചെയ്തിട്ടുള്ളതുമാണ്. 1.04.2019 ലെ 1703 നമ്പർ ചലാൻ പ്രകാരം 2019-20 ലേയ്ക്ക് കേരളവിഷൻ അടവാക്കിയിരിക്കുന്നത് 8,39,278 രൂപ (711253 + 18% GST) മാത്രമാണ്. സ്ഥാപനം ടി.ഡി.എസ് കഴിച്ചിട്ടുള്ള തുകയാണ് ഒടുക്കിയിട്ടുള്ളത് എന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കുകയുണ്ടായി. കൗൺസിൽ അംഗീകരിച്ചിട്ടുള്ളതും ഡിമാന്റ് ചെയ്തിട്ടുള്ളതുമായ തുകയിൽ നിന്നും കുറവ് തുക ഈടാക്കിയതുവഴി 17,128/- രൂപ വൈദ്യുതി വിഭാഗം നഷ്ടമാക്കി. ഡിമാന്റ് തുകയേക്കാൾ തുക കുറവായി അടവാക്കിയത് , ടി.ഡി.എസ് കുറവ് ചെയ്ത വിവരം എന്നിവ ഫയലിൽ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതും ടി.ഡി.എസ് അടച്ചതായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതുമാണ്. 2017ലെ CGST/SGST ആക്ടിലെ സെക്ഷൻ 51(1) പ്രകാരം സർക്കാർ സ്ഥാപനങ്ങളോ, സർക്കാർ വിജ്ഞാപനം ചെയ്യുന്ന സ്ഥാപനങ്ങളോ ആണ് ടി.ഡി.എസ്. നടത്തുവാൻ ബാധ്യസ്ഥരായിരിക്കുന്നത് എന്നിരിക്കെ ഒരു സ്വകാര്യ സ്ഥാപനം ടി.ഡി.എസ്. കുറവ് ചെയ്തു എന്ന മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ട തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ഫയലുകൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കാത്തത് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഫയലുകൾ കൃത്യതയോടെ പരിപാലിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3.വൈദ്യുതി പോസ്റ്റുകളുടെ സംയുക്തപരിശോധന- സെക്ഷൻവൈസ് പോളുകളുടെ വിവരം ഇല്ലാതെ തന്നെ ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷന്റെ പോസ്റ്റുകളുടെ എണ്ണം തിട്ടപ്പെടുത്തി.

2019-2020 സാമ്പത്തിക വർഷം 5653 പോസ്റ്റുകളിലൂടെ കേബിൾ വലിക്കുന്നതിനായി ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ അപേക്ഷ സമർപ്പിച്ചു. 2018-19 സാമ്പത്തിക വർഷം 7600 പോസ്റ്റുകൾക്കാണ് നഗരസഭ വൈദ്യുതി വിഭാഗത്തിൽ നിന്നും അനുമതി നൽകിയിരുന്നത് എന്നതിനാൽ, ഏഷ്യാനെറ്റ് നൽകിയ ലിസ്റ്റ് പ്രകാരം പോസ്റ്റുകളിൽ പരിശോധന നടത്തുന്നതിന് 4 സെക്ഷനുകളെ ചുമതലപ്പെടുത്തുകയും സെക്ഷനുകൾ നൽകിയ റിപ്പോർട്ട് പ്രകാരം 6772 പോസ്റ്റുകൾ തിട്ടപ്പെടുത്തുകയും ചെയ്തു.

ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷൻ പ്രതിനിധികളുമായി നടത്തിയ 9.04.2019 ലെ യോഗത്തെ തുടർന്ന് വൈദ്യുതി പോസ്റ്റുകളുടെ എണ്ണം ഏഷ്യാനെറ്റ് പ്രതിനിധികളുടെ സാന്നിധ്യത്തിൽ എണ്ണി തിട്ടപ്പെടുത്തുന്നതിന് ഓരോ സെക്ഷനിൽ നിന്നും ഓരോ ഓവർസിയർമാരേയും ഓരോ ലൈൻമാരേയും പ്രവർത്തിയ്ക്കായി ചുമതലപ്പെടുത്തി ED1-8571/18 തി.3.06.2019 നമ്പർ ഉത്തരവായിരുന്നു. ഏഷ്യാനെറ്റും വൈദ്യുതി വിഭാഗവുമായി ചേർന്ന് നടത്തിയ സംയുക്തപരിശോധനയിൽ ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡിന്റെ പോസ്റ്റുകളുടെ എണ്ണവുമായി ഒത്തുപോകുന്നുവെന്ന് 18.7.2019 ലെ നോട്ട് ഫയലിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ സംയുക്തപരിശോധന റിപ്പോർട്ട്, സെക്ഷൻവൈസ് തയ്യാറാക്കിയ പോളുകളുടെ വിവരം എന്നിവ ഫയലിലില്ല. സെക്ഷൻവൈസ് പോളുകളുടെ വിവരം , സംയുക്ത പരിശോധനാ റിപ്പോർട്ട് എന്നിവ തയ്യാറാക്കാതെ തന്നെ ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡിന്റെ പോസ്റ്റുകളുടെ എണ്ണവുമായി ഒത്തുപോകുന്നുവെന്ന് വൈദ്യുതി വിഭാഗം ഉറപ്പാക്കിയതിൽ വ്യക്തതയില്ല. എല്ലാ നടപടി ക്രമങ്ങളും സുതാര്യമാകേണ്ടതും സ്ഥാപനത്തിന് വരുമാന നഷ്ടമുണ്ടാകുന്നില്ല എന്നത് ഉറപ്പാക്കേണ്ടതുമാണ്.

4.ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്ന് ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡിൽ നിന്നും ഡിമാന്റ് തുക ഈടാക്കാനായിട്ടില്ല.

പോൾ റെന്റ് നിശ്ചയിച്ച് ഈടാക്കുന്നത് സംബന്ധിച്ച് തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗവും ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡും തമ്മിൽ ബഹു. ഹൈക്കോടതിയിൽ W.P.(C) 29878/2018 (H) നമ്പർ കേസ് നിലനിൽക്കുന്നുണ്ട്. ആയതിനാൽ വൈദ്യുതി വിഭാഗം ഡിമാന്റ് ചെയ്യുന്ന തുകയിൽ നിന്നും കുറവായി ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവനുസരിച്ചാണ് ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് തുക അടവാക്കി വരുന്നത്.

2019-2020 സാമ്പത്തിക വർഷം 5653 പോളുകളുടെ വാടക , GST, Cess, പിഴപലിശ എന്നിവ ഉൾപ്പെടെ 29,48,059/- രൂപ നിശ്ചയിച്ച് ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷന് ഇ.ഡി1-857/18 തി.21.11.2019 നമ്പറായി ഡിമാന്റ് നോട്ടീസ് നൽകിയെങ്കിലും റിട്ട് പെറ്റിഷൻ തീർപ്പാക്കുന്നതുവരെ 24,95,743/- രൂപ അടവാക്കാനുള്ള ബഹു.കേരള ഹൈക്കോടതിയുടെ WPC No.35892/2019 തി. 27.12.2019 ലെ ഉത്തരവിനെ തുടർന്ന് 24,95,743/- രൂപ മാത്രമാണ് ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് അടവാക്കിയിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷവും WPC 29878/2018(H) തി.25.09.2018 ഇടക്കാല ഉത്തരവ് പ്രകാരം ഏഷ്യാനെറ്റിന് നൽകിയ ഡിമാന്റ് നോട്ടീസിന്മേലുള്ള നടപടികൾ താൽക്കാലികമായി നിർത്തിവച്ചിരുന്നു. ഡിമാന്റ് തുകയിൽ നിന്നും കുറവായി തുക അടവാക്കുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് കൗൺസിൽ നിശ്ചയിച്ച തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-32 ഫയലുകൾ ഹാജരാക്കിയില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

വൈദ്യുതി വിഭാഗത്തിന്റെ 2019-2020 സാമ്പത്തികവർഷത്തെ ഓഡിറ്റിനായി ഓഡിറ്റ് റിക്വിസിഷൻ 03/11.11.2021 പ്രകാരം ആവശ്യപ്പെട്ട ചുവടെ ചേർത്തിട്ടുള്ള ഫയലുകൾ ഹാജരാക്കിയിട്ടില്ല.

| ഫയൽ നം. | വൗച്ചർ നം | ചെലവ് തുക | ചെക്ക് നം | വിഷയം |
|---|---|---|---|---|
| E(4)B-1698/ /2019 | 76/17.4.2019 | 999 | 891847 | ശ്രീമതി.രേണുക രാമചന്ദ്രൻ--സോളാർ റീഫണ്ട് |
| | 75/17.4.2019 | 1319 | 891846 | ശ്രീ.ജയിംസ് നിലയാറ്റി ങ്ങൽ--സോളാർ റീഫണ്ട് |
| | 74/17.4.2019 | 1495 | 891845 | ശ്രീമതി.തെയ്യാമ്മ--സോളാർ റീഫണ്ട് |
| | 73/17.4.2019 | 2273 | 891844 | ശ്രീ.പോൾ ജോസഫ്-സോളാർ റീഫണ്ട് |
| | 77/17.4.2019 | 6007 | 891848 | ശ്രീ.സുനിൽ-സോളാർ റീഫണ്ട് |
| | 57/18.5.2019 | 1941 | 891919 | ശ്രീ.ബാബു ചിറിയങ്കണ്ടത്ത്- |

| | | | | |
|---|---|---|---|---|
| | | | | സോളാർ റീഫണ്ട് |
| E4(B)-3987/19 | 15/4.10.2019 | 3049 | 498808 | ചീഫ് വെറ്ററിനറി ഓഫീസർക്ക് തെറ്റായി ട്രാൻസ്ഫർ ചെയ്ത വൈദ്യുതി ചാർജ്നൽകുന്നത് |
| E4(B)-7162/16 | 48/16.032020 | 6908 | 499226 | അസീസി കോൺവെന്റ് മദർ സുപ്പീരിയറിന് സോളാർ റീഫണ്ട് |
| | 47/16.3.2020 | 490 | 499225 | ശ്രീ.സുരേഷ് കുമാറിന് സോളാർറീഫണ്ട് |
| | 46/16.3.2020 | 28342 | 499224 | ഔർലേഡിസെന്റർമദർസുപ്പീരിയറിന് സോളാർറീഫണ്ട് |
| | 45/16.3.2020 | 32530 | 499223 | ശ്രീ.ഇ വി പോൾ സോളാർ റീഫണ്ട് |
| ആകെ | | 85353 | | |

മേൽഫയലുകൾ 08/12/2021നകം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.07/06/12/2021 നൽകിയെങ്കിലും ആയത് നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സെക്ഷൻ നവീകരണത്തിന്റെ ഭാഗമായി പറവട്ടാനി സ്റ്റോറിലേക്ക് ഫയലുകൾ മാറ്റിയപ്പോൾ E(4)B-1698/2019, E4(B)-7162/16 ഫയലുകൾ കാണാതായത് ആണെന്നും കണ്ടുകിട്ടുമ്പോൾ ഹാജരാക്കാമെന്നും എൻക്വയറിക്ക് മറുപടി ആയി അറിയിച്ചിട്ടുണ്ട്.ഫയൽ ഹാജരാക്കുന്നത് വരെ ചെലവ് തുക 85353 രൂപ തടസ്സപ്പെടുത്തുന്നു.

## 1-33 കോപ്പർ കണ്ടക്ടറുകൾ മാറ്റുന്നത് - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

ഫയൽ ഇ.ഡി 1/3433/17

തൃശ്ശൂർ നഗരസഭയുടെ വൈദ്യുതി വിതരണത്തിനായി ഉപയോഗിച്ചു വരുന്ന പഴയ കോപ്പർ കണ്ടക്ടറുകൾ മാറ്റി പകരം ACSR (അലുമിനിയം കണ്ടക്ടർ സ്റ്റീൽ റെയിൻഫോഴ്സസ്ഡ്) റാബിറ്റ് കണ്ടക്ടറുകൾ ആക്കുന്നതിന്റെ ഭാഗമായി തയ്യാറാക്കിയ ടി പ്രവൃത്തിയിൽ വൈദ്യുതി വിഭാഗത്തിന്റെ 4 സെക്ഷനുകളിലായി 20 KM കോപ്പർ കണ്ടക്ടറുകൾ മാറ്റി ACSR റാബിറ്റ് കണ്ടക്ടർ സ്ഥാപിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. 60,16,392/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ ടി പ്രവൃത്തിയ്ക്ക് 25.01.2018 തീരുമാനം 60 പ്രകാരം നഗരസഭ കൗൺസിൽ അംഗീകാരം നൽകുകയും മെറ്റീരിയൽ ഉൾപ്പെടെ കരാറുകാരിൽ നിന്ന് ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറവ് തുക (59,00,000/-) രേഖപ്പെടുത്തിയ M/S M.K Cable എന്ന സ്ഥാപനത്തിന് കരാർ നൽകി പ്രവൃത്തി നടപ്പിലാക്കുകയാണുണ്ടായിട്ടുള്ളത്. പദ്ധതിയുടെ ചെല് വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം. | വൗച്ചർ നമ്പർ/തീയതി | തുക (ടി.ഡി.എസ്. ഉൾപ്പെടെ) |
|---|---|---|
| 1 | 89/31.01.2019 | 8,22,460/- |

| | | |
|---|---|---|
| 2 | 88/31.01.2019 | 6,52,540/- |
| 3 | 59/12.04.2019 | 14,75,000/- |
| 4 | 77 മുതൽ 79 വരെ/21.05.2019 | 25,665/-<br>7,82,930/-<br>6,66,405/- |
| 5 | 8 മുതൽ 9 വരെ/02.07.2019 | 50,150/-<br>11,97,612/- |
| 6 | 48/13.12.2019 | 2,27,150/- |
| | ആകെ | 58,99,912 |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1. വൈദ്യുതി വിഭാഗം ജീവനക്കാർ പ്രവൃത്തി നടപ്പിലാക്കുന്നതിന് പകരം പ്രവൃത്തി കരാറുകാരനു നൽകുകയാണുണ്ടായിട്ടുള്ളത്.

2.മേൽ പ്രവൃത്തിയിൽ ടെണ്ടർ പരസ്യത്തിനായി ദേശാഭിമാനി പത്രത്തിന് നൽകിയ 6048/- രൂപയ്ക്ക് ചെലവാനുവാദം നൽകി കാണുന്നു. കേരള പൊതുമരാമത്ത് ചട്ടങ്ങൾ (ചട്ടം9) പ്രകാരം 50 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ രണ്ട് മലയാള പത്രത്തിലും ,ദേശീയ പ്രചാരമുള്ള ഇംഗ്ലീഷ് ദിനപത്രത്തിലും പ്രസിദ്ധപ്പെടുത്തേണ്ടതാണ്. എന്നാൽ ചട്ടപ്രകാരം മേൽ പ്രവൃത്തി പരസ്യപ്പെടുത്തിയതായ മറ്റ് രേഖകൾ ഫയലിൽ കാണുന്നില്ല.

3. GO(MS)No.5/2016/PWD dt. 03.02.2016 പ്രകാരം കാറ്റഗറി A യിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കരാറുകാർക്ക് മാത്രമേ 25 ലക്ഷത്തിനു മുകളിലുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ ഏറ്റെടുക്കുവാനാകൂ എന്നിരിക്കെ ക്ലാസ് B ലൈസൻസിയായ M.K Cable എന്ന സ്ഥാപനത്തിന് കരാർ നൽകിയിരിക്കുന്നു.

4. പൊതു മരാമത്ത് മാന്വൽ അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതിനുശേഷം സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതും അതുകഴിഞ്ഞ് 10 ദിവസത്തിനകം കരാറുടമ്പടി വച്ചില്ലെങ്കിൽ കരാർ തുകയുടെ 1% PAC ഈടാക്കുന്നതിനും വ്യവസ്ഥയുണ്ട്. പിഴയോട് കൂടിയ കാലാവധി കഴിഞ്ഞും കരാർ ചമയ്ക്കാത്ത പക്ഷം കരാർ റദ്ദ് ചെയ്യേണ്ടതാണ്. ടി പ്രവൃത്തിയ്ക്കായി സെലക്ഷൻ മെമ്മോ നൽകിയിരിക്കുന്നത് 25.06.2018 നും കരാറിൽ ഏർപ്പെട്ടിരിക്കുന്നത് 8.10.2018 നുമാണ്.

5. കരാറുകാരൻ കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപേപ്പറിലാണ് സ്ഥാപനവുമായി കരാർ ചമയ്ക്കേണ്ടത് എന്നിരിക്കെ 500 രൂപയുടെ മുദ്രപത്രത്തിലാണ് കരാർ ചമച്ച് കാണുന്നത്.

6. 8.10.2018 ൽ ചമച്ച കരാറുപ്രകാരം 6 മാസമാണ് പ്രവൃത്തി പൂർത്തീകരണ കാലാവധി.എന്നാൽ യഥാസമയം പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

7. പഴയ കോപ്പർ കണ്ടക്ടറുകൾ മാറ്റി പകരം ACSR കണ്ടക്ടറുകൾ ആക്കുക വഴി ലഭിക്കുന്ന പഴയ കണ്ടക്ടറുകൾ

സ്റ്റോറിലേയ്ക്ക് മാറ്റേണ്ടതായുണ്ട്. ഓരോ സെക്ഷനിലേയും കണ്ടക്ടർ മാറ്റിയതു വഴി എത്ര കിലോഗ്രാം കണ്ടക്ടർ സ്റ്റോറിൽ ലഭിച്ച എന്നതിൽ വ്യക്തതയില്ല. സെക്ഷൻ IV ന്റെ പരിധിയിൽ വരുന്ന 11 മുതൽ 14 വരെയുള്ള വാർഡുകളിലെ 2.259 KM , 3 ph 5wire കണ്ടക്ടർ മാറ്റിയതു വഴി 1471 Kg ചെമ്പ് കമ്പി സ്റ്റോറിലേയ്ക്ക് നൽകിയതായി ഫയലിലുണ്ട്. ഓരോ സെക്ഷനിൽ നിന്നും പ്രവൃത്തി പൂർത്തീകരിച്ചതു വഴി എത്ര കി.മീറ്ററിന് എത്ര ചെമ്പുകമ്പികൾ ലഭ്യമായി എന്നതിന്റെ സെക്ഷൻ തിരിച്ച കണക്കും ആയതിന്റെ സ്റ്റോക്ക് വിവരവും കൃത്യമായി ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്. കരാർ ഏല്പിച്ച് നടത്തുന്ന ഇത്തരം പ്രവൃത്തികളിൽ മാറ്റിയ കണ്ടക്ടറുകൾ യഥാസമയം സ്റ്റോക്കിലേയ്ക്ക് എടുക്കേണ്ടതും സ്റ്റോറിലേയ്ക്ക് മാറ്റേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 40 / 14.02.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പൊതുമരാമത്ത് ചട്ടങ്ങളിൽ നിന്നും വ്യതിചലിച്ചുള്ള പദ്ധതി നടത്തിപ്പ് പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയായി വിലയിരുത്തുന്നു. മറുപടിയുടെ അഭാവത്തിൽ ചെലവ് തുകയായ 44,24,912/- രൂപ തടസ്സപ്പെടുത്തുന്നു.

### 1-34 ജീവനക്കാർക്ക് ലോൺ -- നാളിതുവരെ തുക അടവാക്കിയിട്ടില്ല.

വൈദ്യുതി വിഭാഗത്തിന്റെ 2019-20 വാർഷികകണക്കുകൾ പ്രകാരം ജീവനക്കാർക്ക് നൽകിയ ലോൺ ഇനത്തിൽ 50000രൂപ കിട്ടാനുള്ള തുകയായി ചേർത്തിട്ടുണ്ട്.

വിശദാംശങ്ങൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/14.12.2021)മറുപടി ലഭ്യമാക്കിയില്ല.

2017-18 ലെ ഓഡിറ്റ് റിപ്പോർട്ടിൽ ഖ.3-4 പ്രകാരം ജീവനക്കാർക്ക് പലിശരഹിത വായ്പ നൽകിയതിലെ അപാകതകൾ പരാമർശിച്ചിട്ടുണ്ട്.

ഫയൽ നം.പിഡിഎസ്- 8693/17 പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ ജ്യോതിർഗമയ പദ്ധതി നടപ്പാക്കുന്നതിന് തൃശ്ശൂർ നഗരസഭാ വൈദ്യുതി വിഭാഗം 10കോടി രൂപ വകയിരുത്തുകയും ജീവനക്കാരിൽ നിന്നുള്ള 6 അപേക്ഷകരിൽ ഒരാളായ ശ്രീ. ബി അജിത്കുമാറിന് വായ്പ നൽകുകയും ചെയ്തിട്ടുണ്ട്. (ചെക്ക് നം. 201258/11.1.18, തുക-50000/-രൂപ, വൗച്ചർ നം.51/11.1.18).

വായ്പ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഭരണസമിതിയുടെ 07.07.2017 ലെ 84 ാം നം തീരുമാനം ചുവടെ ചേർക്കുന്നു.

"പാരമ്പര്യേതരഊർജ്ജസ്രോതസിൽ നിന്നുള്ള വൈദ്യുതി ഉൽപാദനം പ്രോൽസാഹിപ്പിക്കുക എന്ന ബൃഹത്തായ ലക്ഷ്യം മുൻനിർത്തി കൊണ്ടും ജീവനക്കാർ പൊതുജനങ്ങൾക്ക് മാതൃകയാകുക എന്ന ലക്ഷ്യത്തോടെയും ജീവനക്കാർക്ക് 2KW വരെ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ തങ്ങളുടെ ഭവനങ്ങൾക്ക് മുകളിൽ സ്ഥാപിക്കുന്നതിനായി പലിശരഹിത വായ്പ അനുവദിക്കുന്നതിന് 2016-17സാമ്പത്തികവർഷത്തെ ബജറ്റിൽ 1കോടി രൂപ വകയിരുത്തിയിട്ടുള്ള വിഷയം കൗൺസിലിലേക്ക് ശുപാർശ ചെയ്തുകൊണ്ടുള്ള 04.04.2017 ലെ 61/3നം.ധനകാര്യകമ്മറ്റി തീരുമാനം അംഗീകരിക്കുന്നതിനും ഈ വായ്പ പലിശരഹിത വായ്പ ആയതിനാൽ ബഹു കെ.എസ് ഇ ആർ സി യുടെയും സംസ്ഥാനസർക്കാരിന്റെയും അനുമതി വാങ്ങുന്നതിനും 3വർഷമെങ്കിലും സർവീസ് അവശേഷിക്കുന്ന ജീവനക്കാരെ മാത്രം ഈ പദ്ധതിയിലേക്ക് പരിഗണിക്കുന്നതിനും MNRE സബ്സിഡി (40%) ലഭ്യമാക്കുന്നതിന് ANERT

അംഗീകൃതകമ്പനികളെ സമീപിക്കുന്നതിനും MNRE സബ്സിഡി ഇല്ലാത്തവയും അതേ സമയം ഗുണനിലവാരമുള്ളതുമായ പ്ലാന്റുകൾ സ്ഥാപിക്കുവാൻ ജീവനക്കാർക്ക് സ്വാതന്ത്ര്യം അനുവദിക്കുന്നതിനും പ്രാരംഭഘട്ടത്തിൽ തൃശ്ശൂർ കോർപ്പറേഷൻ പരിധിയിൽ താമസിക്കുന്ന ജീവനക്കാർക്ക് മുൻഗണന നൽകുന്നതിനും തീരുമാനിച്ചു."

കൗൺസിൽ തീരുമാനത്തിനെതിരായി സർക്കാർ,KSERC എന്നിവരുടെ അനുവാദം ഇല്ലാതെയാണ് വായ്പ അനുവദിച്ചത്.

ഈ കാര്യാലയത്തിൽ നിന്നുള്ള 03.07.2018 ലെ കെ എസ് എ (ടി എസ് സി) 6-661/2018 കത്തുപ്രകാരവും അപാകതകൾ അറിയിച്ചിട്ടുള്ളതാണ്.

2017-18 ൽ സർക്കാരിന്റെയും ,KSERCയുടെയും അനുവാദം ഇല്ലാതെ നൽകിയ തുക നാളിതുവരെ തിരികെ അടവാക്കിയിട്ടില്ല എന്നാണ് വാർഷികണക്കിൽ നിന്ന് വ്യക്തമാകുന്നത്. ഇപ്രകാരം തുക നാളിതുവരെ ഈടാക്കാതിരുന്നതിന് കാരണം വ്യക്തമല്ല. വായ്പാ തുക തിരികെ അടവാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. നാളിതുവരെ ലോൺ തുക തിരികെ ഈടാക്കാതിരുന്നതിൽ ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 1-35 ഉപഭോക്താക്കളുടെ കൈപ്പറ്റ് രസീത് ഇല്ല

സോളാർ എനർജി ഡിസ്ട്രിബ്യൂഷൻ ലൈനിലേക്ക് ലഭ്യമാക്കിയതിന് യൂണിറ്റിന് 3.14രൂപ വീതം 2019-20 വർഷം ഉപഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയ ഉപഭോക്താക്കൾ കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഫയൽ നം.1873/19 | | | | | |
|---|---|---|---|---|---|
| കൺസ്യൂമർ നം | പേര് | അധികയൂണിറ്റ് | നൽകിയ തുക | വൗച്ചർ നം. | ചെക്ക് നം. |
| 16353 | V K Ravindran | 185 | 581 | 89/ 26/04/2019 | 891860 |
| ഫയൽ നം--E4(B)--6231/18 | | | | | |
| 9402D | B Mohanlal | 1299 | 4079 | 78/ 27/06/2019 | 892025 |
| ഫയൽ നം--E4(B)--1898/18 | | | | | |
| A-24 | Sundara Subrama nian | 2153 | 6760 | 64/ 18/05/2019 | 891926 |
| 11874 | Devassy | 282 | 885 | 65/ 18/05/2019 | 891927 |
| 12084B | Dr.Deva prasad | 568 | 1784 | 66/ 18/05/2019 | 891928 |
| 16844B | Madhu A P | 4833 | 15176 | 67/ | 891929 |

| | | | | | |
|---|---|---|---|---|---|
| | | | | 18/05/2019 | |
| 16843B | Madhu A P | 4217 | 13241 | 67/ 18/05/2019 | 891929 |
| 15841B | Unnikrishna Menon | 21 | 66 | 70/ 18/05/2019 | 891932 |
| 7809B | Swaminathan | 131 | 411 | 71/ 18/05/2019 | 891933 |
| 13420B | A G John | 552 | 1733 | 72/ 18/05/2019 | 891934 |

എല്ലാ ഉപഭോക്താക്കളുടെ വിവരങ്ങളും സോളാർരജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

ഉപഭോക്താക്കൾക്ക് തുക കൈമാറുമ്പോൾ കൈപ്പറ്റ് രസീത് ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതാണ്.തുക ചെക്കായി നൽകാതെ ഉപഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 04/03.12.2021,10/14.12.2021)

## 1-36 ചെറുകിടജലവൈദ്യുത പദ്ധതികൾ നിശ്ചലം -- 222.75 ലക്ഷം രൂപ വ്യഥാവിലായി

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ Renewable Power Purchase Obligation(RPO) റെഗുലേഷൻസ് 2015, സബ് റെഗുലേഷൻ 4 പ്രകാരം തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന് പ്രതിവർഷം 7.5 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുകയോ ആയതിനു തത്തുല്യമായ Renewable Energy Certificate വാങ്ങുകയോ ചെയ്യേണ്ടതായിട്ടുണ്ട്. ഇലക്ട്രിസിറ്റ് ആക്ട് 2003 പ്രകാരം 100 യൂണിറ്റ് വൈദ്യുതി വാങ്ങി വിൽക്കുമ്പോൾ 5 യൂണിറ്റ് വൈദ്യുതി പാരമ്പര്യേതര ഊർജ്ജസ്രോതസിൽ നിന്ന് ഉൽപാദിപ്പിക്കണം. നിലവിൽ പ്രതിവർഷം വിതരണം ചെയ്യുന്ന വൈദ്യുതിയുടെ 5% വൈദ്യുതിയാണ് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ ചെറുകിട ജലവൈദ്യുതപദ്ധതി, കാറ്റാടിയന്ത്രം, സൗരോർജ്ജ പാനൽ എന്നിവ സ്ഥാപിച്ച് ഉല്പാദിപ്പിക്കേണ്ടതായുള്ളത്. വർഷാവർഷം ഉല്പാദനത്തിൽ വർദ്ധനവ് വരുത്തി 2020 ആകുമ്പോഴേക്ക് മൊത്തം വിതരണം ചെയ്യുന്ന വൈദ്യുതിയുടെ 10% ഉല്പാദിപ്പിക്കണമെന്നാണ് നിർദ്ദേശം. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടുള്ള ശ്രമങ്ങളുടെ ഭാഗമായി സർക്കാരിനോട് അപേക്ഷിക്കുകയും ഊർജ്ജവകുപ്പിന്റെ 25.7.2017 ലെ 104/B1/2016/PD നമ്പർ കത്തു പ്രകാരം നാല് ചെറുകിട ജലവൈദ്യുതപദ്ധതികൾക്ക് (ആവേർകുട്ടി-10MW, കണ്ണൻകുഴി-10MW, കാഞ്ഞിരക്കൊല്ലി- 4MW, ഇട്ട്യാനി-2.5MW) അനുമതി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഇതിനാവശ്യമായ മൊത്തം തുകയായ 3.825കോടി രൂപയുടെ 50% തുകയായ 1.9125 കോടി രൂപ വൗച്ചർ നം.82/26.12.2017 പ്രകാരം സർക്കാരിലേയ്ക്ക് അടവാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയുടെ പഞ്ചാബ് നാഷണൽ ബാങ്കിന്റെ ബാങ്ക് ഗ്യാരണ്ടിയും നൽകി. മേൽപദ്ധതികളുടെ ഡി.പി.ആർ./ഡി.ഐ.ആർ. ലഭിക്കുന്നതിനായി കെ.എസ്. ഇ.ബി.എൽ.ന് 31,50,000/-രൂപ, വൗച്ചർ നം.49, തീയതി: 10.01.2019 പ്രകാരം കൈമാറിയിട്ടുണ്ട്. ആവേർകുട്ടി,കണ്ണൻകുഴി,കാഞ്ഞിരക്കൊല്ലി ,ഇട്ട്യാനി എന്നീ ചെറുകിടജലവൈദ്യുത പദ്ധതികൾക്കായി 222.75 ലക്ഷം

രൂപ ചെലവഴിച്ചു .

ഇതു കൂടാതെ പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| വൗച്ചർ നം | ചെക്ക് | തുക(രൂപ) | കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | ആവശ്യം |
|---|---|---|---|---|
| 76/13.12.16 | 769722 | 1,10,000 | എനർജി മാനേജ്മെന്റ് സെന്റർ | ബിഡ്ഡിൽ പങ്കെടുക്കുന്നതിന് |
| 22/2.2.19 | 891587 | 1,23,183 | M/s ബെഡ് ഹൗസ് | SHP Cell-ഫർണ്ണിച്ചർ |
| 23/2.2.19 | 891588 | 1,52,700 | M/s പിട്ടാപ്പിള്ളിൽ ഏജൻസീസ് | SHP Cell-ഇലക്ട്രോണിക്സ് ഉപകരണങ്ങൾ |
| 47/8.3.19 | 891724 | 47500 | M/s High tech Communication,പാലക്കാട് | SHP Cell EPABX |
| 48/8.3.19 | 891725 | 85432 | ശ്രീമതി.സിജി ജോസ് | SHP Cell--അലുമിനിയം ഫാബ്രിക്കേഷൻ |
| 44/14.5.14 | 944886 | 20000 | ഷമീർ അസിസ്റ്റന്റ് എഞ്ചിനീയർ | ജലവൈദ്യുതപദ്ധതി പഠനം -- മുൻകൂർ |
| 7/1.9.14 | 294767 | 25000 | ജയരാജ് കെ എൻ അസിസ്റ്റന്റ് എഞ്ചിനീയർ | കല്ലാർ പദ്ധതി സന്ദർശനം |
| 76/16.2.17 | 769902 | 15000 | പി പ്രസാദ് അസിസ്റ്റന്റ് എഞ്ചിനീയർ | ജലവൈദ്യുതപദ്ധതികൾ സന്ദർശനം |
| 108/22.2.17 | 769941 | 10000 | ഷൈൻ എം വി അസിസ്റ്റന്റ് എഞ്ചിനീയർ | കണ്ണംകുഴി SHP സന്ദർശനം |
| 90/31.12.19 | 499038 | 20000 | കെ പി മധു അസിസ്റ്റന്റ് എഞ്ചിനീയർ | കണ്ണംകുഴി സ്ഥലപരിശോധന ഡി എഫ് ഒ യുമായി ചേർന്ന് |
| 16/9.6.21 | 10246690 | 12600 | ജീസസ് ഫോട്ടോസ്റ്റാറ്റ് | DPR കോപ്പി |

പദ്ധതി നടത്തിപ്പിലെ അപാകതകൾ

1. ലെറ്റർ ഓഫ് അലോട്ട്മെന്റ് പ്രകാരം 8ആഴ്ചക്കുള്ളിൽ ഇംപ്ലിമെന്റേഷൻ കരാർ വക്കേണ്ടതായിരുന്നു. 18 മാസത്തിനുള്ളിൽ TEFR / DPR സമർപ്പിക്കേണ്ടതായിരുന്നു. നിശ്ചിതസമയത്തിനുള്ളിൽ കരാർ വയ്ക്കുകയോ DPR സമർപ്പിക്കുകയോ ചെയ്തില്ല.

2. 09/03/2021 ലെ PDS-2152/14 കത്ത് പ്രകാരമാണ് കണ്ണൻകുഴി പദ്ധതിയുടെ DPR സമർപ്പിച്ചത്. എനർജി മാനേജ്മെന്റ് സെന്ററിന്റെ 12/04/2021 ലെ EMC/336/2020-PE(ESS) കത്തുപ്രകാരം പദ്ധതിയുടെ കപ്പാസിറ്റി 10MW ആണെന്നും എന്നാൽ സമർപ്പിച്ച DPR പ്രകാരം പദ്ധതിയുടെ കപ്പാസിറ്റി 7MW ആയി കുറച്ചാണ് ചെയ്തിട്ടുള്ളതെന്നും ആയതിന് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

3. നാളിതുവരെ മറ്റ് പദ്ധതികളുടെയൊന്നും TEFR/DPR തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

4. KSERC യുടെ OP No.18/2021 തീയതി 10.09.2021 ൽ (30.07.2021 ലെ 2019-2020 വാർഷികകണക്ക് ട്രൂയിംഗ് അപ് ഹിയറിംഗ്) ഖ.8 ലും ഖ.95(g) ലും പദ്ധതിയെപ്പറ്റി പരാമർശിച്ചിട്ടുണ്ട്.

ഖ.8. The Commission also discussed the proposed investment in the Small HydelProject by M/s TCED.. The Commission directed the licensee not to proceed with the project unless and until its economic viability is clearly established. The licensee pointed out that, they have submitted a Techno Economic FeasibilityReport (TEFR) to Government in this regard, based on the Detailed Project Report(DPR) from M/s KSEB Ltd, to determine whether the project is viable.

ഖ.95(g)-- The licensee shall not to proceed with the proposal on Small Hydro Project unless and until its economic and financial viability is clearly established. Further for capital investment the licensee shall follow the provisions of the Regulations regarding prior approval scrupulously. പരാമർശത്തിൻമേൽ സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമല്ല.

5. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 05/2020 ലെ സി എ4–1190/2020 കത്തുപ്രകാരം ഈ പ്രോജക്റ്റിന്റെ പ്രദേശത്ത് പറമ്പിക്കുളം കടുവസംരക്ഷണറിസർവ് സ്ഥിതി ചെയ്യുന്നതും വർഷക്കാലത്തുമാത്രം ശക്തമായ നീരൊഴുക്കുള്ളതും വേനൽക്കാലത്ത് വറ്റി വരണ്ട് കിടക്കുന്നതുമാണ് എന്ന് അറിയിച്ചിട്ടുണ്ട്. 2കിലോമീറ്റർ സ്വാഭാവികവനത്തിൽക്കൂടി യാത്ര ചെയ്താൽ എത്തിപ്പെടാവുന്ന സ്ഥലമാണ്. 2ലക്ഷം സംഭരണശേഷി മാത്രം ആവശ്യമുള്ള ഒരു പ്രോജക്റ്റ് ഇപ്രകാരം 8കിലാമീറ്റർ വനത്തിനകത്ത് നടപ്പിലാക്കുന്നതിന്റെ അനുബന്ധചെലവുകളും ഉൽപാദനചെലവുകളും ലാഭകരമല്ല എന്ന് ഫോറസ്റ്റ് വകുപ്പ് അറിയിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നത് കടുവ ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ആവാസവ്യവസ്ഥക്കും വനഭൂമിയുടെ ഘടനാമാറ്റത്തിനും കാരണമാകുമെന്നും അറിയിച്ചിട്ടുണ്ട്. സ്വാഭാവികസസ്യങ്ങളും നശിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ഈ പ്രോജക്റ്റിന്റെ ഭാഗമായി വരുന്ന ചാർപ്പ റെയ്ഞ്ചിലെ പ്രദേശങ്ങൾ അതീവപരിസ്ഥിതി സംരക്ഷണപ്രദേശമായ ജീൻപൂൾ മേഖലയായി കണ്ടെത്തിയതുമാണ് ആയതിനാൽ പ്രോജക്റ്റിന് അനുമതി നൽകുവാൻ നിർവാഹമില്ല എന്ന് അറിയിച്ചു.വനഭൂമി വിട്ടുകിട്ടാതെ എപ്രകാരമാണ് പദ്ധതി നടപ്പാക്കുന്നത് എന്ന് വ്യക്തമല്ല.

6. വൻതോതിലുള്ള മൂലധനനിക്ഷേപപദ്ധതി ആയിരുന്നിട്ടും KSERC യുടെ മുൻകൂർ അനുമതി വാങ്ങിയിട്ടില്ല. പിന്നീട് പദ്ധതി നടത്തിപ്പിനുള്ള പ്രവർത്തനങ്ങൾ തുടങ്ങിയിനുശേഷവും അനുവാദം ലഭ്യമാക്കിയിട്ടില്ല.

7. പദ്ധതി പ്രദേശങ്ങൾ പരിശോധന നടത്തുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും തുക ചെലവഴിച്ചെങ്കിലും ആയത് ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. പ്രത്യേകSHPcell രൂപീകരിക്കുന്നതിനും തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം നടത്തുന്നതിന് cell സഹായകരമല്ല.

8. ജലവൈദ്യുതപദ്ധതി ആയിരുന്നിട്ടുകൂടി പദ്ധതിക്കാവശ്യമായ ജലലഭ്യത, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവയെക്കുറിച്ച് പഠനം നടത്തിയിട്ടില്ല.

9. കെ എസ് ഇ ബി തയ്യാറാക്കിയ കണ്ണൻകുഴി ചെറുകിടജലവൈദ്യുത പദ്ധതിക്കായി 20.56 ഹെക്ടർ സ്ഥലം ആവശ്യമുണ്ട്.ആയതിന് മുൻകൂർ അനുമതി കേന്ദ്രസർക്കാരിന് പദ്ധതി വിവരങ്ങൾ 2020 ൽ നൽകിയിട്ടുണ്ട്. എന്നാൽ അനുമതി ലഭ്യമായിട്ടില്ല.

ഓഡിറ്റ് എൻക്വയറി 36/03.02.2022 പ്രകാരം അപാകതകൾ വൈദ്യുതിവിഭാഗത്തിന്റെ ശ്രദ്ധയിൽ പെടുത്തുകയും മറുപടി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതാണെന്ന് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

Renewable Power Purchase Obligation പൂർത്തിയാക്കുന്നതിന് വേണ്ടി പണം ചെലവഴിച്ചെങ്കിലും പദ്ധതികൾ ഒന്നും ലക്ഷ്യം കണ്ടില്ല. പദ്ധതിക്കായി ചെലവഴിച്ച തുക നിഷ്ഫലമായി. പദ്ധതികൾക്കായി മുതൽമുടക്കുന്നതിന് മുമ്പ് തന്നെ വിശദമായ പഠനം നടത്തുന്നതിൽ വൈദ്യുതി വിഭാഗം പരാജയപ്പെട്ടു.

മൂലധനനിക്ഷേപങ്ങൾ നടത്തുമ്പോൾ വേണ്ടത്ര പഠനം നടത്തി അധികാരപ്പെട്ട ഏജൻസികളുടെ അനുവാദം ലഭ്യമാക്കി മാത്രം നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരം ടെക്നിക്കലി വയബിൾ അല്ലാത്ത പദ്ധതിയുമായി മുന്നോട്ട് പോകുന്നത് ഉചിതമല്ല. പദ്ധതി നടപ്പാക്കാനാവാത്ത സാഹചര്യത്തിൽ ബദൽമാർഗ്ഗങ്ങൾ ആരായാവുന്നതും സർക്കാരിലേക്ക് അടവാക്കിയ തുക തിരികെ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-37 കോർപ്പറേഷൻ കെട്ടിടങ്ങളിലെ സോളാർ പ്ലാന്റുകൾ -- പദ്ധതിയിലെ പാളിച്ചകൾ

ഓരോ വൈദ്യുതിവിതരണ ഏജൻസിയും ഉപയോഗത്തിന്റെ 3% പാരമ്പര്യേതരഊർജ്ജത്തിൽ നിന്ന് ഉൽപാദിപ്പിക്കുകയോ വാങ്ങുകയോ ചെയ്യേണ്ടതാണ് എന്ന് KSERCയുടെ(കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ Renewable Power Purchase Obligation(RPO) റെഗുലേഷൻസ് 2015) നിർദ്ദേശമുണ്ട്.ആയതിൽ 0.25% സോളാർ എനർജി ആയിരിക്കണം.

The Kerala State Electricity Regulatory Commission(Renewable Purchase obligation and its compliance)Regulations 2010 വ 3 പ്രകാരം Every obligated entity shall purchase not less than 3% of its consumption of energy from renewable energy sources under the RPO during the years from 2010 with annual increase of 10% of 3% per year upto a maximum RPO of 10%, provided that 0.25%of the consumption of energy shall be procured from generation based on solar as renewable energy source only.

The Kerala State Electricity Regulatory Commission (Power procurement from Renewable sources by Distribution Licensee)Regulations 2013 വ.3(1) പ്രകാരം Each distribution licensee shall purchase a quantum of 3%from renewable energy sources from 2010-2011onwards expressed as a percentage of its total consumption during a year from SHP,wind and from all other renewable sources and out of this 3%,0.25%shall be from solar based plants,provided that there shall be an increase of 10% of such purchase of energy in the subsequent years till it attains a maximum of 10% of total consumption. The Kerala State Electricity Regulatory Commission (Renewable Energy) Amendment Regulations, 2017 പ്രകാരം 2018-19 ൽ Total RPO target as % of total

consumption 9.75 ആണ്.

മേൽപ്രകാരമുള്ള നിയമങ്ങൾ പാലിക്കുന്നതിനായി കോർപ്പറേഷൻ പരിധിയിലുള്ള കെട്ടിടങ്ങളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ജയ്ഹിന്ദ് മാർക്കറ്റിൽ സോളാർ പാനൽ സ്ഥാപിച്ച പ്രവൃത്തി

ഫയൽ നം-- 2521/14

വിവിധ സ്ഥലങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഭാഗമായി ജയ്ഹിന്ദ് മാർക്കറ്റിൽ 3550m2 സ്ഥലത്ത് 250kWp സോളാർ പാനൽ സ്ഥാപിക്കുന്നതിന് 21.4.2014 ലെ പൊതുമരാമത്ത് സ്റ്റാന്റിംഗ് കൗൺസിലിന്റെ 18ാംനം തീരുമാനപ്രകാരം അംഗീകാരം ലഭിച്ചു. കൗൺസിലിന്റെ 11.6.14 ലെ 58ാം തീരുമാനപ്രകാരം പദ്ധതിക്ക് അംഗീകാരം ലഭിച്ചു.അനർട്ട് ആയിരുന്നു ഇതിന്റെ ടെക്നിക്കൽ സൂപ്പർവിഷൻ ഏജൻസി.ജയ്ഹിന്ദ് മാർക്കറ്റിലും എം ഒ റോഡിലെ കോർപ്പറേഷൻ കെട്ടിടത്തിലും സോളാർ പാനൽ സ്ഥാപിക്കുന്നതിന് 180ലക്ഷത്തിന്റെ എസ്റ്റിമേറ്റ് അനർട്ട് തയ്യാറാക്കുകയും ആയതിന്റെ സൂപ്പർവിഷൻ ചാർജ് ആയി 10.80ലക്ഷം (എസ്റ്റിമേറ്റിന്റെ 6% )കൈപ്പറ്റുകയും ചെയ്തു(വൗച്ചർ നം.42/6.12.14).

വിവിധ പദ്ധതികൾക്കായി കോർപ്പറേഷൻ അടവാക്കിയ 34ലക്ഷം രൂപയിൽ 25ലക്ഷം രൂപ അനർട്ട് കൈവശം ഉണ്ടെന്നും ആയതിൽ നിന്ന് തുക 10.80ലക്ഷം രൂപ വകയിരുത്താമെന്നും നോട്ട്ഫയലിൽ ചേർത്തിട്ടുണ്ട്.എന്നാൽ അപ്രകാരം തുക ക്രമീകരിച്ചതായി ഫയലിൽ കാണുന്നില്ല.

അനർട്ട് ആണ് ടെണ്ടർ ഡോക്കുമെന്റ് തയ്യാറാക്കിയത്.ടെണ്ടറിൽ 4 സ്ഥാപനങ്ങൾ പങ്കെടുത്തു.ഇതിൽ നിന്ന് 2 സ്ഥാപനങ്ങളുടെ -- ഫോർത്ത് പാർട്ണർ എനർജി പ്രൈവറ്റ് ലിമിറ്റഡ്,ജാക്സൺ എഞ്ചിനീയേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് -- ടെക്നിക്കൽ ബിഡ് അനർട്ട് അംഗീകരിച്ചു.കുറവ് തുക ക്വോട്ട് ചെയ്ത M/s Fourth Partner Energy Pvt Ltd – 17572250 രൂപയുടെ ക്വട്ടേഷൻ അംഗീകരിച്ചു.ഭരണസമിതിയുടെ 22.01.2016 ലെ 57ാം തീരുമാനപ്രകാരം നെഗോസിയേഷന് ശേഷം 17172250 രൂപ ആയി ക്വട്ടേഷൻ അംഗീകരിച്ചു. 06.04.2016 ന് സ്ഥാപനവുമായി കരാർ ഒപ്പിട്ടു.കരാർ തീയതി മുതൽ 90 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിനായിരുന്നു വ്യവസ്ഥ.എന്നാൽ പ്ലാന്റിന്റെ നിർമ്മാണോദ്ഘാടനം 09.06.2016 നാണ് നടത്തിയത്.

07.10.2016 ലെ B3-17448/2016/CE കത്ത് പ്രകാരം ഇലക്ട്രിക്കൽ എനർജൈസേഷന് ഇൻസ്പെക്ടറേറ്റിന്റെ അനുമതി ലഭിച്ചു.

260W ന്റെ 772 പാനലുകൾ സ്ഥാപിച്ച് 15.10.2016 ന് പ്ലാന്റ് കമ്മീഷൻ ചെയ്തു.

സ്ഥാപനത്തിന് നൽകിയ തുകയുടെ വിവരം (ഫയൽ പ്രകാരം ലഭ്യമായത്)

| വൗച്ചർ | ചെക്ക് | തുക | അഭിപ്രായം |
|---|---|---|---|
| 84/22.4.17 | 330027 | 15455025 | നിയമാനുസൃതകിഴിവുകൾ കഴിച്ച് 11678009 രൂപ നൽകി. |
| 101/29.4.17 | 330040 | 678613 | ബാങ്ക് ഗാരന്റി |
| 58/21.7.17 | 057319 | 2107292 | റിടെൻഷൻ |

| | | | |
|---|---|---|---|
| 77/19.12.19 | 499025 | 858613 | നിയമാനസൃതകിഴിവുകൾ കഴിച്ച് 824183 രൂപ നൽകി. |

<u>അപാകതകൾ</u>

1.പ്രൊജക്ടിന്റെ നടത്തിപ്പിന് കെ.എസ്.ഇ.ആർ.സി.യിൽ നിന്നുള്ള അനുമതി ഉത്തരവ് ലഭ്യമാക്കിയില്ല.

2.ടെണ്ടർ ഡോക്കുമെന്റ് 11.13 പ്രകാരം Payments will be made only after the required technical verification and based on the inspection report by ANERTഎന്ന് ചേർത്തിട്ടുണ്ട്.എന്നാൽ അനർട്ടിന്റെ റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല.

3.ടെണ്ടർ ഡോക്കുമെന്റ് 13.2വ്യവസ്ഥ പ്രകാരം 06.04.2016 ന് ഒപ്പിട്ട കരാർ അനുസരിച്ച് 05.07.2016 ന് (90ദിവസത്തിനുള്ളിൽ)പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ 15.10.2016 ലാണ് വർക്ക് പൂർത്തീകരിച്ചിട്ടുള്ളത്. പൂർത്തീകരിക്കാൻ വൈകിയാൽ 2% വരെ പിഴപ്പലിശ പ്രതിമാസം (പരമാവധി 10%)ഈടാക്കാമെന്ന് ടെണ്ടർ ഡോക്കുമെന്റ് 13.4പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പിഴപ്പലിശ ഈടാക്കിയിട്ടില്ല.

4.മെയിന്റനൻസ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

5.ഓരോ വർഷവും പെർഫോമൻസ് റേഷ്യോ നിർണ്ണയിക്കേണ്ടതാണ്.ആയത് നിർണ്ണയിച്ച വിവരം ഫയലിൽ ഇല്ല.ടെണ്ടർ ഷെഡ്യൂൾ 14.2v വ്യവസ്ഥ പ്രകാരം If the contractor is not meeting the PR in the second year 5% of the contract amount will be imposed as fine എന്ന് ചേർത്തിട്ടുണ്ട്.ആയതുപ്രകാരം PR നിർണ്ണയിച്ചതിന്റെ വിവരം ഫയലിൽ ലഭ്യമല്ല.നിലവിലെ PR എത്രയാണെന്ന് അറിയിക്കേണ്ടതാണ്.

6.ടെണ്ടർ ഷെഡ്യൂൾ 15.1പ്രകാരം അപാകതകൾ/ പ്രശ്നങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തില്ലെങ്കിലും മാസത്തിലൊരിക്കൽ കമ്പനിയുടെ service personnel പ്ലാന്റ് സന്ദർശിക്കേണ്ടതാണ്.അപ്രകാരം സന്ദർശിക്കുന്നുണ്ടോ എന്നും ,അപാകതകൾ അറിയിച്ച് 10ദിവസത്തിനുള്ളിൽ പരിഹരിക്കപ്പെടുന്നുണ്ടോ,എന്നും ഉള്ള വിവരം ഫയലിൽ ലഭ്യമല്ല. പരാതി ലഭിച്ച് 10ദിവസത്തിനുള്ളിൽ പരാതി പരിഹരിക്കപ്പെടുന്നില്ലെങ്കിൽ 15ദിവസത്തിന് 25000രൂപ എന്ന നിരക്കിൽ പിഴ ചുമത്താവുന്നതാണ്. ആയത് പാലിക്കപ്പെടുന്നുണ്ടോ എന്നും വ്യക്തമല്ല.

8.പദ്ധതിയുടെ കോസ്റ്റ് ബെനഫിറ്റ് അനാലിസിസ് തയ്യാറാക്കിയിട്ടുണ്ടോ ഉണ്ടെങ്കിൽ ഏത് സ്ഥാപനം എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി 21/03.01.2022) .KSERC യുടെ അനുമതി ലഭിച്ചതായും അനർട്ടിന്റെ പരിശോധനാറിപ്പോർട്ട് ലഭ്യമായതായും ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.എന്നാൽ വിശദാംസങ്ങൾ ലഭ്യമാക്കിയിട്ടില്ല. 2019-2020 ലെ ചെലവ് തുക 858613 രൂപ തടസ്സപ്പെടുത്തുന്നു.

<u>2.സോളാർ പ്ലാന്റ് സ്ഥാപിച്ച പ്രവൃത്തി -- കരാർ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.</u>

ഫയൽ നം-- 6885/18

കോർപ്പറേഷന്റെ വിവിധ സ്ഥലങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ഭാഗമായി 26കെട്ടിടങ്ങളിൽ വൈദ്യുതിവിഭാഗം പഠനം നടത്തി.ഏറ്റവും അനുയോജ്യമായ 17സ്ഥലങ്ങളിൽ തുടങ്ങി മുൻഗണനാക്രമത്തിൽ സ്‌പെസിഫിക്കേഷൻ തയ്യാറാക്കുവാൻ ഇലക്ട്രിക്കൽ എഞ്ചിനീയർ നിർദ്ദേശിച്ചു.

ജില്ലാആശുപത്രിയുടെ ഒ പി ബ്ലോക്ക്, പറവട്ടാനി പ്രൈമറി ഹെൽത്ത് സെന്റർ,പറവട്ടാനി ഇലക്ട്രിസിറ്റി സ്റ്റോറിലെ ഷെഡ് എന്നിവിടങ്ങളിൽ 160kWPസോളാർ പാനൽ സ്ഥാപിക്കുന്നതിന് 96ലക്ഷത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി, സാങ്കേതികാനുമതി ലഭിച്ചു. (331/19 തീയതി.07.02.2019) രാജൻ ബാബു അസോസിയേറ്റ്സ് എന്ന സ്ഥാപനവുമായി ചേർന്ന് നടത്തിയ പഠനത്തിൽ പറവട്ടാനി പ്രൈമറി ഹെൽത്ത് സെന്റർ അനുയോജ്യമല്ല എന്ന് കണ്ടെത്തി.കൂടുതൽ അനുയോജ്യമായ ജില്ലാ ആശുപത്രിയുടെ മെയിൽബ്ലോക്ക്(125KW),പറവട്ടാനി സ്റ്റോറിലെ ഷെഡ് (25KW)

എന്നിവിടങ്ങളിൽ 150KW പ്ലാന്റ് സ്ഥാപിക്കുന്നതിന് 82,50,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. എസ്റ്റിമേറ്റിന് 462/19 തീയതി 19.10.19 നമ്പറായി സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്.

ഇ- ടെണ്ടർ നടത്തിയതിൽ 10സ്ഥാപനങ്ങൾ പങ്കെടുത്തു. ആയതിൽ 5 സ്ഥാപനങ്ങൾ ക്വാളിഫൈ ചെയ്തു. കുറവ് നിരക്ക് ക്വോട്ട് ചെയ്ത (66,75,000) Suntastic Solar Systems Pvt Ltd,ചെന്നൈ എന്ന സ്ഥാപനത്തിന്റെ ടെണ്ടർ മേയറുടെ മുൻകൂർ അനുമതിയോടെ അംഗീകരിച്ചു.മുൻകൂർ അനുമതി 31.01.2020 ലെ 108ാം നം.തീരുമാനം പ്രകാരം കൗൺസിൽ സാധൂകരിച്ചു. 24.12.2019 ന് സ്ഥാപനവുമായി കരാർ ഒപ്പിട്ടു. കരാർ തീയതി മുതൽ 90 ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിനായിരുന്നു വ്യവസ്ഥ. നം. 1426 / 21.12.2019 ആയി വർക്ക് ഓർഡർ നൽകി. പ്രവൃത്തി 10/2020ന് പൂർത്തിയാക്കിയതായി നോട്ട്ഫയലിൽ ചേർത്തിട്ടുണ്ട്.B2-03050/2020/EIR തീയതി 15.05.2020 പ്രകാരം പറവട്ടാനി സ്റ്റോറിലെയും B2-01737/20/EIR തീയതി 18.09.2020 പ്രകാരം ജില്ലാആശുപത്രിയിലെയും പ്ലാന്റുകൾക്ക് എനർജൈസേഷനുള്ള അനുമതി ഇലക്ട്രിക്കൽ ഇൻസ്‌പെക്ടറേറ്റിൽ നിന്ന് ലഭിച്ചു.

ഫയൽ പ്രകാരം സ്ഥാപനത്തിന് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വൗച്ചർ | ചെക്ക് | തുക | അഭിപ്രായം |
|---|---|---|---|
| 09/05.02.2020 | 499117 | 40,05,000 | കിഴിവുകൾ കഴിച്ച് 38,21,115 രൂപ നൽകി. |
| 56/27.07.2020 | 10221819 | 13,35,000 | 20% തുക |
| 37//09.11.2021 | 10246912 | 6,67,500 | 10%തുക |

അപാകതകൾ

1. പ്രൊജക്റ്റിന്റെ നടത്തിപ്പിന് കെ.എസ്.ഇ.ആർ.സി.യിൽ നിന്നുള്ള അനുമതി ഉത്തരവ് ലഭ്യമാക്കിയില്ല.

2. അനർട്ടിന്റെ സാങ്കേതികപഠനറിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. പകരം സ്വകാര്യഏജൻസിയുടെ സഹായമാണ് തേടിയിട്ടുള്ളത്. രാജൻബാബു അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ എങ്ങനെ തെരഞ്ഞെടുത്തു എന്ന വിവരം ഫയലിൽ ലഭ്യമല്ല. അനർട്ടിന്റെ സഹകരണം ഇല്ലാതെ സബ്സിഡി ലഭ്യമാകില്ല.

3. കരാർ വ്യവസ്ഥ 7.14 പ്രകാരം 26.12.2019 ന് ഒപ്പിട്ട കരാർ അനുസരിച്ച് 21.03.2020 ന് (90ദിവസത്തിനുള്ളിൽ)പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഒക്ടോബർ 2020 ലാണ് വർക്ക്

പൂർത്തീകരിച്ചിട്ടുള്ളത്. പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയാൽ 2% വരെ പിഴപ്പലിശ പ്രതിമാസം (പരമാവധി 10%)ഈടാക്കാമെന്ന് കരാർ 7.16പ്രകാരം വ്യവസ്ഥ യുണ്ട്. എന്നാൽ പിഴപ്പലിശ ഈടാക്കിയിട്ടില്ല.

4. മെയിന്റനൻസ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

5. ഓരോ വർഷവും പെർഫോമൻസ് റേഷ്യോ നിർണ്ണയിക്കേണ്ടതാണ്.ആയത് നിർണ്ണയിച്ച വിവരം ഫയലിൽ ഇല്ല.കരാർ 8.2 iii വ്യവസ്ഥ പ്രകാരം If the contractor is not meeting the PR in the second year 5% of the contract amount will be imposed as fine എന്ന് ചേർത്തിട്ടുണ്ട്.നിലവിലെ PR എത്രയാണെന്ന് അറിയിക്കേണ്ടതാണ്.

6. കരാർ 9.1പ്രകാരം അപാകതകൾ/ പ്രശ്നങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തില്ലെങ്കിലും മാസത്തിലൊരിക്കൽ കമ്പനിയുടെ service personnel പ്ലാന്റ് സന്ദർശിക്കേണ്ടതാണ്.അപ്രകാരം സന്ദർശിക്കുന്നുണ്ടോ , അപാകതകൾ അറിയിച്ച് 10ദിവസത്തിനുള്ളിൽ പരിഹരിക്കപ്പെടുന്നുണ്ടോ,എന്ന വിവരം ലഭ്യമല്ല.10ദിവസത്തിനുള്ളിൽ പരാതി പരിഹരിക്കപ്പെടുന്നില്ലെങ്കിൽ 15ദിവസത്തിന് 10000രൂപ നിരക്കിൽ പിഴ ചുമത്താവുന്നതാണ്.

7. ഈ സോളാർപ്ലാന്റിൽ നിന്ന് പ്രതിവർഷം എത്ര യൂണിറ്റ് സോളാർ പവർ ഉൽപാദിപ്പിക്കുന്നുവെന്ന് വിവരം ഫയലിൽ ലഭ്യമല്ല.

8 പദ്ധതിയുടെ കോസ്റ്റ് ബെനഫിറ്റ് അനാലിസിസ് തയ്യാറാക്കിയിട്ടുണ്ടോ ഉണ്ടെങ്കിൽ ഏത് സ്ഥാപനം എന്ന വിവരം ലഭ്യമാക്കേണ്ടതാണ്.

9. കേന്ദ്രനികുതി വകുപ്പിന്റെ 13.04.2018 ലെ 50/18 നോട്ടിഫിക്കേഷൻ പ്രകാരം 01.10.2018 മുതൽ പാസാക്കുന്ന ബില്ലുകളിൽ 2.5ലക്ഷം രൂപക്ക് മുകളിലുള്ളവയിൽ നിന്ന് 2% ചരക്ക് സേവനനികുതി സ്രോതസ്സിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്.സ്ഥാപനത്തിന് നൽകിയ ബില്ലുകളിൽ നിന്ന് GSTഈടാക്കിയിട്ടില്ല.

10. സോളാർ പ്ലാന്റുകൾ ആസ്തി രജിസ്റ്ററിൽ ചേർത്തതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

ഓരോ സോളാർ പ്ലാന്റുകളുടെയും പെർഫോമൻസ് റേഷ്യോ എത്രയാണ് എന്ന വിവരം ഇല്ല. Solar PV project (150 kW ) മാത്രമാണ് ആസ്തി വിവരങ്ങളിൽ ഉൾപ്പെടുത്തിയതായി റെഗുലേറ്ററി കമ്മീഷനെ അറിയിച്ചിട്ടുള്ളത്.

അപാകതകൾ ശ്രദ്ധയിൽപെടുത്തിക്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/17.01.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടി ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 40,05,000രൂപ തടസ്സപ്പെടുത്തുന്നു.

### 1-38 ചെലവ് രേഖകൾ ഹാജരാക്കിയില്ല.-2400/-രൂപ തടസ്സപ്പെടുത്തുന്നു

ഫയൽ(R&MM9/19)

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന്റെ പരിധിയിൽ വരുന്ന കൺസ്യൂമേഴ്സിനെ സംബന്ധിച്ചുള്ള കൃത്യമായ വിവരം ശേഖരിക്കുന്നതിനായി കെ.വൈ.സി ഫോമുകൾ ആദ്യഘട്ടം 30000 എണ്ണവും രണ്ടാം ഘട്ടം 5000എണ്ണവും അച്ചടിച്ച വകയിൽ തൃശ്ശൂർ മംഗളോദയം പ്രസ്സിന് രണ്ടു ഘട്ടങ്ങളിലുമായി 11510/-,2400/- എന്നീ തുകകൾ നൽകിയത് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ 08.11.19 ലെ 31ാംനമ്പർ തീരുമാനപ്രകാരം സാധൂകരിച്ചിട്ടുണ്ട്.ഫയൽ പരിശോധിച്ചപ്പോൾ വൗച്ചർ നം55/11.07/19പ്രകാരം 2400രൂപ കെ.വൈ.സി ഫോമുകൾ അച്ചടിക്കുന്നതിനായി

ചെലവഴിച്ചിട്ടുണ്ട്.ആയതിന്റെ ചെലവ് ബില്ല് ഫയലിനൊപ്പമില്ല. മംഗളോദയം പ്രസ്സ്, തുക കൈപ്പറ്റിയതായി രസീതും ലഭ്യമാക്കിയിട്ടില്ല.മാത്രമല്ല,കെ.വൈ.സി ഫോമുകൾ സ്റ്റോക്കിലെടുത്തതായി ഫയലിലോ വൗച്ചറിലോ രേഖപ്പെടുത്തിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്ററിലും ഇതു സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.ഇക്കാര്യങ്ങളിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം:30/15.01.2022)മറുപടി ലഭ്യമാക്കിയില്ല.

ചെലവ് ബില്ലുകളുടെ അഭാവത്തിൽ 2400/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 1-39 ദിവാൻജി മേൽപാലത്തിന് ലോൺ നൽകിയത് തിരികെ ലഭ്യമാക്കേണ്ടതാണ്.

ഡിഡബ്ല്യു-6/26562/13

വൈദ്യുതി വിഭാഗം 2019-20 സാമ്പത്തിക വർഷം സമർപ്പിച്ച അക്കൗണ്ട്സ് പ്രകാരം ROB വൈഡനിംഗ് ലോൺ എന്ന തലക്കെട്ടിൽ 4,69,29,108രൂപ സ്ഥാപനത്തിന് ലഭിയ്ക്കുവാനുണ്ട്. ദിവാൻജിമൂല റെയിൽവെ മേൽപാലം പണിയുന്നതിന് വേണ്ടിയാണ് ഈ തുക (വൗച്ചർ-നം. 5/1.6.2015).ജനറൽ ഫണ്ടിലേയ്ക്ക് കൈമാറിയിട്ടുള്ളത്.മേൽപാലവും അപ്രോച്ച് റോഡും പണി പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞ് ഉപയോഗയോഗ്യ മാക്കിയ സാഹചര്യത്തിലും തുക കൈമാറിയിട്ട് ഏഴ് വർഷം പൂർത്തിയായതിനാലും, വൈദ്യുതി ഫണ്ടിൽ നിന്ന് ചെലവായ തുക തിരികെ ഈടാക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ട താണ്. ബന്ധപ്പെട്ട അധികാരികളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-40 EPABX സംവിധാനം സ്ഥാപിക്കൽ - നിയമവ്യവസ്ഥകൾ പാലിച്ചില്ല - ചെലവ് തുക തടസ്സത്തിൽ വെക്കുന്നു

ഫയൽ നം.E5-5410/18

വൗച്ചർ നം.58/13.06.2019

ചെക്ക് നം.892006/13.06.2019 Rs.2,37,839

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിലേക്ക് EPABX സംവിധാനം സ്ഥാപിക്കുന്നതിലേക്കായി ബഹു.മേയറുടെ മുൻകൂർ അനുമതിയോടുകൂടി ടെണ്ടർ ക്ഷണിക്കുകയും 2,44,043 രൂപ ചെലവഴിച്ച് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. (Invoice No.NI/A070/2019-20 Dt.25.05.2019 Nevus infocom, Amigo House, Thoundayil Road, Panampilly Nagar, Cochin)

EPABX സംവിധാനം ഏർപ്പെടുത്തുന്നതിന് മുൻകൂർ അനുമതി നൽകണമെന്ന് വൈദ്യുതി വിഭാഗം അസി.സെക്രട്ടറി 25.06.2018-ന് മേയറോട് അപേക്ഷിക്കുകയും മേയർ മുൻകൂർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.(മുൻകൂർ അനുമതി നൽകിയ തീയ്യതി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.).1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം,വകുപ്പ് 15(4) പ്രകാരം ചെയർ പേഴ്സന്, അടിയന്തിര സാഹചര്യത്തിൽ, കൗൺസിലിന്റെ അനുമതി ആവശ്യമുള്ളതും തന്റെ അഭിപ്രായത്തിൽ പൊതുജനങ്ങളുടെ രക്ഷക്ക് ഉടനടി നടത്തുകയോ ചെയ്യുകയോ ചെയ്യുന്നത് ആവശ്യമായിട്ടുള്ളതുമായ ഏതെങ്കിലും പണി നടത്തുന്നതിനോ ഏതെങ്കിലും പ്രവൃത്തി ചെയ്യുന്നതിനോ നിർദ്ദേശിക്കാവുന്നതും അപ്രകാരമുള്ള പണി നടത്തുന്നതിനോ പ്രവൃത്തി ചെയ്യുന്നതിനോ ഉള്ള ചെലവുകൾ മുനിസിപ്പാലിറ്റിയുടെ ഫണ്ടിൽ നിന്നും നൽകേണ്ടതാണെന്ന് നിർദ്ദേശിക്കാവുന്നതുമാണ്. എന്നാൽ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന തരത്തിലുള്ള അടിയന്തിര സാഹചര്യങ്ങളൊന്നുമി

ല്ലാതെ തന്നെ ഈ വിഷയത്തിൽ ബഹു.മേയറുടെ മുൻകൂർ അനുമതി അപേക്ഷിച്ചതിന്റെ സാംഗത്യം വിശദീകരിക്കപ്പെട്ടിട്ടില്ല.

1997-ലെ കേരള മുനിസിപ്പാലിറ്റി(പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും)ചട്ടങ്ങളിലെ ചട്ടം 9(3)(എ)-ൽ മതിപ്പ് ചെലവ് 1 ലക്ഷം രൂപക്കും 10 ലക്ഷം രൂപക്കും ഇടക്ക് വരുന്ന പൊതുമരാമത്ത് പണിയുടെ കാര്യത്തിൽ കുറഞ്ഞത് 10 ദിവസത്തെ സമയം നൽകി മുനിസിപ്പൽ പ്രദേശത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള ഒരു പത്രത്തിൽ നിർബന്ധമായും ആവശ്യമെങ്കിൽ മറ്റ് പത്രങ്ങളിലും പരസ്യപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. വൈദ്യുതി വിഭാഗം അസി.സെക്രട്ടറി ദേശാഭിമാനി ദിനപത്രത്തിന് നൽകിയ 31.10.2018-ലെ E5-5410/18 നം.കത്ത് പ്രകാരം 16.11.18-നോ അതിന് മുൻപോ പരസ്യം പ്രസിദ്ധീകരിക്കണമെന്ന നിർദ്ദേശത്തെ തുടർന്ന് 16.11.2018 തീയ്യതിയിലാണ് പരസ്യം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ടെണ്ടറുകൾ ലഭിക്കേണ്ട അവസാന തീയ്യതി 22.11.2018 ആണെന്നിരിക്കെ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന തരത്തിൽ, പരസ്യം പ്രസിദ്ധീകരിച്ച തീയ്യതിയും ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയ്യതിയും തമ്മിൽ 10ദിവസത്തെ ഇടവേള ഇവിടെ ലഭിച്ചില്ലെന്ന് കാണുന്നു. ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന തരത്തിൽ ഇടവേള നൽകുന്നതിലൂടെ പങ്കെടുക്കുന്ന കരാറുകാരുടെ എണ്ണം വർദ്ധിക്കുകയും അതിലൂടെ കരാറുകാർക്കിടയിൽ ഉണ്ടാകാൻ സാദ്ധ്യതയുണ്ടായിരുന്ന മത്സരത്തിലൂടെ കോർപ്പറേഷൻ ഫണ്ടിന് ലഭിക്കുമായിരുന്ന സാമ്പത്തികലാഭം നഷ്ടപ്പെടാൻ ഇടയാക്കിയിട്ടുണ്ട്.

പ്രവൃത്തികരാറുകൾക്കുള്ള EMD 2.5% ആണെന്നിരിക്കെ 1% മാത്രമാണ് കരാറുകാരിൽ നിന്നും ഈടാക്കിയിരിക്കുന്നത്. EMD അടവാക്കിയതിന്റെ രേഖയായി കോർപ്പറേഷന്റെ മുദ്രയോ ഉത്തരവാദപ്പെട്ട ഏതെങ്കിലും ഉദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോ ഉള്ള ചലാൻ, ടെണ്ടറിൽ പങ്കെടുത്ത കറാറുകാർ ഹാജരാക്കിയില്ല.

കൗൺസിൽ തീരുമാനം നം.69/10.01.2019 പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ Nevus, Infocom എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചിട്ടുണ്ട്. ടെണ്ടറുകൾ തുറന്ന തീയ്യതി മുതൽ 10 ദിവസത്തിനകം അവയിൽ തീരുമാനമെടുക്കേണ്ട താണെന്ന് 1997-ലെ കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 10(11) നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ടെണ്ടറുകൾ തുറന്ന തീയ്യതിയും അവയിൽ തീരുമാനമെടുത്ത തീയ്യതിയും തമ്മിൽ 48 ദിവസത്തെ ഇടവേള കാണുന്നു.

കേരള പി.ഡബ്ലിയു.ഡി.മാനുവൽ ഖണ്ഡിക 2009.6 പ്രകാരം ടെണ്ടർ സ്വീകരിച്ച് 7 ദിവസത്തിനുള്ളിൽ സെലക്ഷൻ നോട്ടീസ് അയക്കണം. എന്നാൽ 22 ദിവസത്തിനുശേഷം 02.02.2019-ലാണ് സെലക്ഷൻ നോട്ടീസ് നൽകിയിരിക്കുന്നത്.

പ്രവൃത്തി പൂർത്തീകരിച്ച് ബില്ലും അളവ് പുസ്തകവും പരിശോധനക്കായി ഹാജരാക്കിയിട്ടുണ്ടെങ്കിലും സ്ഥാപിക്കപ്പെട്ട ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2,44,043 രൂപ ചെലവഴിച്ച് ആർജ്ജിക്കപ്പെട്ടEPABX സംവിധാനം കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല.

ഈ വിഷയവുമായി ബന്ധപ്പെട്ട് മുകളിൽ കൊടുത്ത നിരീക്ഷണങ്ങൾക്ക് മറുപടി/വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.53/28.02.2022) നൽകിയതിന് തൃപ്തികരമായ മറുപടിയല്ല ലഭിച്ചത് എന്നതിനാൽ ചെലവ് തുക 2,44,043 രൂപ തടസ്സത്തിൽ വെക്കുന്നു.

### 1-41 കോൺട്രാക്റ്റ് ലൈസൻസ് ഇല്ലാത്തവരെ പ്രവൃത്തികൾ ഏൽപ്പിക്കുന്നത് ചട്ടവിരുദ്ധം

കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 3(3)ൽ ഓരോ പൊതു മരാമത്ത് പ്രവൃത്തിയും നടത്തേണ്ടത് കരാർ വ്യവസ്ഥയിലോ, മുനിസിപ്പാലിറ്റി നേരിട്ടോ, ഗുണഭോക്തൃ സമിതി മുഖേനയോ എന്ന് കൗൺസിൽ തീരുമാനിക്കേണ്ടതും ഭരണാനുമതി നൽകുമ്പോൾ ഇക്കാര്യം വ്യക്തമാക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം(18)-ൽ, ഈ ചട്ടങ്ങളിൽ മറ്റുവിധത്തിൽ പ്രത്യക്ഷമായി പറഞ്ഞിട്ടുള്ള സംഗതികളിൽ ഒഴികെ, ഒരു പൊതുമരാമത്ത് പണിയെ സംബന്ധിച്ച് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കൽ, ടെണ്ടർ ക്ഷണിക്കൽ, പണിയുടെ നടത്തിപ്പ്, പണം നൽകൽ, അക്കൗണ്ട്സ് തയ്യാറാക്കൽ എന്നിവക്ക് സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമം പാലിക്കേണ്ടതാണെന്ന് അനുശാസിക്കുന്നു. പ്രവൃത്തികളുടെ ഷോർട്ട് ടെണ്ടർ നോട്ടീസ് പ്രകാരം അംഗീകൃത കരാറുകാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നുമാണ് ടെണ്ടറുകൾ ക്ഷണിച്ചിരിക്കുന്നത്. എന്നാൽ വൈദ്യുതി വിഭാഗത്തിന്റെ മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ നിന്നും പ്രവൃത്തികൾ നടത്തിയ വ്യക്തികൾക്ക് കോൺട്രാക്റ്റ് ലൈസൻസ് ഉള്ളതായി കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു;

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | വൗച്ചർ നം. | പ്രവൃത്തി നടത്തിയ വ്യക്തിയുടെ പേര് | നൽകിയ തുക |
|---|---|---|---|---|
| 1. | പൂങ്കുന്നം-ഗുരുവായൂർ റോഡിലെ PUP-5 എന്ന HT Post-ൽ EICHER-KL-65/G-3122 എന്ന വാഹനം ഇടിച്ച തിന്റെ കേടുപാടുകൾ (EW3-8382/18) | 12/3.9.19 | ശ്രീ.ജിതിൻ സി.ജോസ് | 17,335 |
| 2. | ഫീഡറുകളിൽ ലൈൻ AB-കൾ സ്ഥാപിക്കുന്നത്(EW3-5512/18) | 13/3.9.19 | ശ്രീമതി.സിജി ജോസ് | 22,011 |
| 3. | ഫീഡറുകളിൽ ലൈൻ AB-കൾ സ്ഥാപിക്കുന്നത്(EW3-5513/18) | 69/19.12.19 | ശ്രീമതി.സിജി ജോസ് | 22,026 |
| 4. | റൗണ്ട് ഈസ്റ്റ് ജോസ് ആലൂക്കാസ് ജ്വല്ലറിക്ക് സമീപം DP Structure നവീകരണം(EW2-6194/16 &EW2-4443/18) | 62/11.7.19 | ശ്രീമതി.സിജി ജോസ് | 25,766 |
| | | | ആകെ | 87,138 |

ഈ വിഷയത്തിലുള്ള മറുപടി/വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.57/03.03.2022) ഓഡിറ്റിൽ അംഗീകരിക്കാവുന്ന മറുപടി ലഭിക്കുകയുണ്ടായില്ല. കരാറുകാരന് B-class ലൈസൻസ് ഉണ്ടെന്ന് മറുപടിയിൽ പറയുന്നുണ്ടെങ്കിലും അത് തെളിയിക്കുന്നതിനുള്ള രേഖ ഉൾക്കൊള്ളിക്കേണ്ടത് ബന്ധപ്പെട്ട ഫയലിലാണ്. മാത്രവുമല്ല. മേൽ പ്രസ്താവന സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ മറുപടിയിലും നൽകിയിട്ടില്ല. കരാർ ലൈസൻസ് ഇല്ലാത്തവരെ പ്രവൃത്തികൾ ഏൽപ്പിക്കുന്നുവെന്ന നിരീക്ഷണത്തിന്, ശ്രീമതി സിജി ജോസ് വർഷങ്ങളായി ഡിപ്പാർട്ട്മെന്റിൽ ഇത്തരം പ്രവർത്തികൾ ഏറ്റെടുത്ത് ചെയ്ത വരുന്നതും കരാറുകാരന്റെ കീഴിൽ വളരെ പരിചയ സമ്പന്നരായ ജീവനക്കാർ ഉള്ളതുമാണ്, എന്ന മറുപടി ഡിപ്പാർട്ട്മെന്റിലെ യഥാർത്ഥ പ്രശ്നങ്ങളെ പരിഹരിക്കുവാൻ ഉതകുന്നതല്ല. സർക്കാർ അംഗീകാരമുള്ള കരാറുകാരെ ഏൽപ്പിക്കാതെ വൈദ്യുതി വിഭാഗത്തിലെ പ്രവൃത്തികൾ നടത്തുന്നത് നിലവിലെ ചട്ടങ്ങൾക്ക് വിരുദ്ധവും പ്രവർത്തികളുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കാവുന്നതുമാണ്. വ്യക്തമായ മറുപടിയുടെ അഭാവത്തിൽ 87,138 രൂപ തടസ്സത്തിൽ വെക്കുന്നു.

## ഭാഗം -2
## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പോൾ റെന്റ് ചാർജ്ജ് ഈടാക്കിയതിലെ അപാകങ്ങൾ

തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന്റെ വൈദ്യുതി പോസ്റ്റുകൾ കേബിൾ ടി.വി സർവ്വീസ് നടത്തുന്നതിനായി വിവിധ കേബിൾ ടി.വി സ്ഥാപനങ്ങൾക്ക് നൽകി വരുന്നു. ഇതു വഴി വൈദ്യുതി വിഭാഗത്തിന് പോൾ റെന്റിനത്തിൽ നല്ലൊരു തുക വരവായി ലഭിക്കുന്നുണ്ട്. 2019-2020 വർഷം പോൾ റെന്റ് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ സാക്ഷ്യപത്രം ഉറപ്പാക്കുന്നില്ല.

2019-20 സാമ്പത്തിക വർഷം 5 കേബിൾ ടി.വി സ്ഥാപനങ്ങൾക്ക് വൈദ്യുതി പോസ്റ്റുകൾ കേബിൾ ടി.വി സർവ്വീസ് നടത്തുന്നതിനായി നൽകിയിരുന്നു. GO(MS) No.5/2000/PD dt. 27.03.2000 സർക്കാർ ഉത്തരവിൽ കേബിൾ ഓപ്പറേറ്റിംഗ് സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിന്റെ പരിശോധനയും സാക്ഷ്യപത്രവും മാനദണ്ഡമായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള പ്രവർത്തനാനുമതി സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ കേരളവിഷൻ, ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ,കോമറ്റ് സാറ്റ് വിഷൻ, പൂങ്കുന്നം കേബിൾ നെറ്റ് വർക്ക്സ് എന്നീ 4 സ്ഥാപനങ്ങൾക്ക് വൈദ്യുതി വിഭാഗം അനുമതി നൽകിയിരിക്കുന്നു. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള പ്രവർത്തനാനുമതി സാക്ഷ്യപത്രം ഉള്ളത് അയ്യന്തോൾ സാറ്റലൈറ്റ് കേബിൾ നെറ്റ് വർക്കിന്റെ ഫയലിൽ മാത്രമാണ്. ഏഷ്യാനെറ്റ്, കേരള വിഷൻ , പൂങ്കുന്നം കേബിൾ എന്നീ സ്ഥാപനങ്ങൾ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അനുമതി പത്രം സമർപ്പിച്ചിട്ടുണ്ട് എന്ന് ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 24/11.01.2022) നൽകിയ മറുപടിയിൽ പറയുന്നുണ്ടെങ്കിലും ആയത് ഫയലില്ല. കോമറ്റ് സാറ്റ് വിഷൻ എന്ന സ്ഥാപനത്തിന്റെ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള പ്രവർത്തനാനുമതി നഗരസഭ വൈദ്യുതി വിഭാഗം ഉറപ്പാക്കിയിട്ടില്ലാ എന്നത് മറുപടിയിൽ വ്യക്തമാണ്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള പ്രവർത്തനാനുമതി സാക്ഷ്യപത്രം ഉറപ്പാക്കി സ്ഥാപനങ്ങൾക്ക് അനുമതി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ഡിമാന്റ് തുകയിൽ നിന്നും കുറവായി തുക അടവാക്കി- 17,128/- രൂപ നഷ്ടം

2019-2020 സാമ്പത്തിക വർഷത്തിൽ 1704 ഇലക്ട്രിക്കൽ പോസ്റ്റിലൂടെ കേബിൾ വലിച്ച് കേബിൾ ടി.വി സർവ്വീസ് നടത്തുന്നതിനുള്ള അനുമതിയ്ക്കായി 4.01.2019 ന് കേരളവിഷൻ സമർപ്പിച്ച അപേക്ഷയിൽ പോസ്റ്റ് ഒന്നിന് 425.92+GST എന്ന നിരക്കിൽ തുക ഈടാക്കുവാൻ 23.02.2019 ലെ 77-ാം നമ്പർ കൗൺസിൽ തീരുമാനിച്ചിട്ടുള്ളതും തുടർന്ന് ED1-152/19 തി. 19.03.2019 കത്ത് പ്രകാരം 8,56,406 രൂപ (425.92x1704+18% GST) ഡിമാന്റ് ചെയ്തിട്ടുള്ളതുമാണ്. 1.04.2019 ലെ 1703 നമ്പർ ചലാൻ പ്രകാരം 2019-20 ലേയ്ക്ക് കേരളവിഷൻ അടവാക്കിയിരിക്കുന്നത് 8,39,278 രൂപ (711253 + 18% GST) മാത്രമാണ്. സ്ഥാപനം ടി.ഡി.എസ് കഴിച്ചിട്ടുള്ള തുകയാണ് ഒടുക്കിയിട്ടുള്ളത് എന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി നല്കുകയുണ്ടായി. കൗൺസിൽ അംഗീകരിച്ചിട്ടുള്ളതും ഡിമാന്റ് ചെയ്തിട്ടുള്ളതുമായ തുകയിൽ നിന്നും കുറവ് തുക ഈടാക്കിയതുവഴി 17,128/- രൂപ വൈദ്യുതി വിഭാഗം നഷ്ടമാക്കി. ഡിമാന്റ് തുകയേക്കാൾ തുക കുറവായി അടവാക്കിയത് , ടി.ഡി.എസ് കുറവ് ചെയ്ത വിവരം എന്നിവ ഫയലിൽ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതും ടി.ഡി.എസ് അടച്ചതായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ലാത്തതുമാണ്. 2017ലെ CGST/SGST ആക്ടിലെ സെക്ഷൻ 51(1) പ്രകാരം സർക്കാർ സ്ഥാപനങ്ങളോ, സർക്കാർ വിജ്ഞാപനം ചെയ്യുന്ന സ്ഥാപനങ്ങളോ ആണ് ടി.ഡി.എസ്. നടത്തുവാൻ ബാധ്യസ്ഥരായിരിക്കുന്നത് എന്നിരിക്കെ ഒരു സ്വകാര്യ സ്ഥാപനം ടി.ഡി.എസ്. കുറവ് ചെയ്തു എന്ന മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ട തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. കൂടാതെ ഫയലുകൾ പരിശോധിച്ച് കൃത്യത ഉറപ്പാക്കാത്തത് മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഫയലുകൾ കൃത്യതയോടെ പരിപാലിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

3.വൈദ്യുതി പോസ്റ്റുകളുടെ സംയുക്തപരിശോധന- സെക്ഷൻവൈസ് പോളുകളുടെ വിവരം ഇല്ലാതെ തന്നെ ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷന്റെ പോസ്റ്റുകളുടെ എണ്ണം തിട്ടപ്പെടുത്തി.

2019-2020 സാമ്പത്തിക വർഷം 5653 പോസ്റ്റുകളിലൂടെ കേബിൾ വലിക്കുന്നതിനായി ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ അപേക്ഷ സമർപ്പിച്ചു. 2018-19 സാമ്പത്തിക വർഷം 7600 പോസ്റ്റുകൾക്കാണ് നഗരസഭ വൈദ്യുതി വിഭാഗത്തിൽ നിന്നും അനുമതി നൽകിയിരുന്നത് എന്നതിനാൽ, ഏഷ്യാനെറ്റ് നൽകിയ ലിസ്റ്റ് പ്രകാരം പോസ്റ്റുകളിൽ പരിശോധന നടത്തുന്നതിന് 4 സെക്ഷനുകളെ ചുമതലപ്പെടുത്തുകയും സെക്ഷനുകൾ നൽകിയ റിപ്പോർട്ട് പ്രകാരം 6772 പോസ്റ്റുകൾ തിട്ടപ്പെടുത്തുകയും ചെയ്തു.

ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷൻ പ്രതിനിധികളുമായി നടത്തിയ 9.04.2019 ലെ യോഗത്തെ തുടർന്ന് വൈദ്യുതി പോസ്റ്റുകളുടെ എണ്ണം ഏഷ്യാനെറ്റ് പ്രതിനിധികളുടെ സാന്നിധ്യത്തിൽ എണ്ണി തിട്ടപ്പെടുത്തുന്നതിന് ഓരോ സെക്ഷനിൽ നിന്നും ഓരോ ഓവർസിയർമാരേയും ഓരോ ലൈൻമാരേയും പ്രവർത്തിയ്ക്കായി ചുമതലപ്പെടുത്തി ED1-8571/18 തി.3.06.2019 നമ്പർ ഉത്തരവായിരുന്നു. ഏഷ്യാനെറ്റും വൈദ്യുതി വിഭാഗവുമായി ചേർന്ന് നടത്തിയ സംയുക്തപരിശോധനയിൽ ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡിന്റെ പോസ്റ്റുകളുടെ എണ്ണവുമായി ഒത്തുപോകുന്നുവെന്ന് 18.7.2019 ലെ നോട്ട് ഫയലിൽ രേഖപ്പെടുത്തി കാണുന്നു. എന്നാൽ സംയുക്തപരിശോധന റിപ്പോർട്ട്, സെക്ഷൻവൈസ് തയ്യാറാക്കിയ പോളുകളുടെ വിവരം എന്നിവ ഫയലിലില്ല. സെക്ഷൻവൈസ് പോളുകളുടെ വിവരം , സംയുക്ത പരിശോധനാ റിപ്പോർട്ട് എന്നിവ തയ്യാറാക്കാതെ തന്നെ ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡിന്റെ പോസ്റ്റുകളുടെ എണ്ണവുമായി ഒത്തുപോകുന്നുവെന്ന് വൈദ്യുതി വിഭാഗം ഉറപ്പാക്കിയതിൽ വ്യക്തതയില്ല. എല്ലാ

നടപടി ക്രമങ്ങളും സുതാര്യമാകേണ്ടതും സ്ഥാപനത്തിന് വരുമാന നഷ്ടമുണ്ടാകുന്നില്ല എന്നത് ഉറപ്പാക്കേണ്ടതുമാണ്.

4.ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവിനെ തുടർന്ന് ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡിൽ നിന്നും ഡിമാന്റ് തുക ഈടാക്കാനായിട്ടില്ല.

പോൾ റെന്റ് നിശ്ചയിച്ച് ഈടാക്കുന്നത് സംബന്ധിച്ച് തൃശ്ശൂർ നഗരസഭാ വൈദ്യുതി വിഭാഗവും ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡും തമ്മിൽ ബഹു. ഹൈക്കോടതിയിൽ W.P.(C) 29878/2018 (H) നമ്പർ കേസ് നിലനിൽക്കുന്നുണ്ട്. ആയതിനാൽ വൈദ്യുതി വിഭാഗം ഡിമാന്റ് ചെയ്യുന്ന തുകയിൽ നിന്നും കുറവായി ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവനുസരിച്ചാണ് ഏഷ്യാനെറ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് തുക അടവാക്കി വരുന്നത്.

2019-2020 സാമ്പത്തിക വർഷം 5653 പോളുകളുടെ വാടക , GST, Cess, പിഴപലിശ എന്നിവ ഉൾപ്പെടെ 29,48,059/- രൂപ നിശ്ചയിച്ച് ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷന് ഇ.ഡി1-857/18 തി.21.11.2019 നമ്പറായി ഡിമാന്റ് നോട്ടീസ് നൽകിയെങ്കിലും റിട്ട് പെറ്റിഷൻ തീർപ്പാക്കുന്നതുവരെ 24,95,743/- രൂപ അടവാക്കാനുള്ള ബഹു.കേരള ഹൈക്കോടതിയുടെ WPC No.35892/2019 തി. 27.12.2019 ലെ ഉത്തരവിനെ തുടർന്ന് 24,95,743/- രൂപ മാത്രമാണ് ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് അടവാക്കിയിട്ടുള്ളത്. 2018-19 സാമ്പത്തിക വർഷവും WPC 29878/2018(H) തി.25.09.2018 ഇടക്കാല ഉത്തരവ് പ്രകാരം ഏഷ്യാനെറ്റിന് നൽകിയ ഡിമാന്റ് നോട്ടീസിന്മേലുള്ള നടപടികൾ താൽക്കാലികമായി നിർത്തിവച്ചിരുന്നു. ഡിമാന്റ് തുകയിൽ നിന്നും കുറവായി തുക അടവാക്കുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് കൗൺസിൽ നിശ്ചയിച്ച തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 യാത്രാപ്പടി ബിൽ - തുക അനുവദിച്ചത് ക്രമപ്രകാരമല്ല

2019-20 സാമ്പത്തിക വർഷം ചുവടെ ചേർക്കുന്ന യാത്രാപ്പടി ബില്ലുകൾ പ്രാകാരം അനുവദിച്ച തുകകൾ നിർണ്ണയിച്ചപ്പോൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നമ്പർ / തിയ്യതി | ആകെ അനുവദിച്ച തുക | യാത്ര ചെയ്തത് സംബന്ധിച്ച വിവരം | കുറിപ്പ് | ട്രെയിൻ യാത്രയ്ക്ക് അധികമായി അനുവദിച്ച തുക (രൂപ) |
|---|---|---|---|---|---|
| 1 | 71/ 24-02-2020 | 2890 | 03-12-2019ന് തിരുവനന്തപുരത്ത് നിയമ സഭാ സമിതി മീറ്റിംഗിൽ പങ്കെടുക്കാൻ പോയതിന് ശ്രീ. ജോമോൻ സി.ജെ | 20-01-2016 ലെ ജി.ഒ (പി) നം.7/2016/Fin ഉത്തരവ് പ്രകാരം 50400/-രൂപയോ | ട്രെയിൻ യാത്രയ്ക്ക് അനുവദിക്കാവുന്ന തുക - 745*2 =1490/- അനുവദിച്ച തുക |

| | | | | | |
|---|---|---|---|---|---|
| | | | അസിസ്റ്റന്റ് സെക്രട്ടറിക്ക് അനുവദിച്ച യാത്രാപ്പടി തുക<br>(അടിസ്ഥാന ശമ്പളം - 99280 രൂപ)<br>മടക്കം - 05-12-2019 | | |
| 2 | 72/<br>24-02-2020 | 2890 | 03-12-2019ന് തിരുവനന്തപുരത്ത് നിയമ സഭാ സമിതി മീറ്റിംഗിൽ പങ്കെടുക്കാൻ പോയതിന് ശ്രീ. മധുസൂദനൻ.കെ.ബി, സീനിയർ സൂപ്രണ്ട്(ഇൻചാർജ്)ന് അനുവദിച്ച യാത്രാപ്പടി തുക<br>(അടിസ്ഥാന ശമ്പളം - 72110 രൂപ)<br>മടക്കം - 05-12-2019 | അതിലധികമോ അടിസ്ഥാന ശമ്പളമുള്ള ജീവനക്കാർക്ക് (Grade I ) ട്രെയിൻ യാത്രക്ക് അനുവദിനീയമായ ക്ലാസ്സ് II AC യാണ്. അതു പ്രകാരം തൃശ്ശൂർ മുതൽ തിരുവനന്തപുരം വരെയുള്ള ട്രെയിൻ യാത്രക്ക് അനുവദിക്കാവുന്ന ഫെയർ 745 രൂപയാണ്. എന്നാൽ 1215 രൂപ വീതം 2 യാത്രകൾക്ക് യാത്രാ -ബത്ത അനുവദിച്ചിട്ടുണ്ട്. | – 1215*2 = 2430/-<br>അധികമായി അനുവദിച്ച തുക – 2430-1490 = 940/-<br>ക്രമ നമ്പർ 1 മുതൽ 7 വരെയുള്ള വൗച്ചർ പ്രകാരം അധികമായി അനുവദിച്ച ആകെ തുക<br>7*940 = 6580/- |
| 3 | 73/<br>24-02-2020 | 2890 | 03-12-2019ന് തിരുവനന്തപുരത്ത് നിയമ സഭാ സമിതി മീറ്റിംഗിൽ പങ്കെടുക്കാൻ പോയതിന് ശ്രീ.രാമനുണ്ണി.കെ.എൻ, സീനിയർ അസിസ്റ്റന്റിന് അനുവദിച്ച യാത്രാപ്പടി തുക<br>(അടിസ്ഥാന ശമ്പളം - 69730 രൂപ)<br>മടക്കം - 05-12-2019 | | |
| 4 | 67/22-11-2019 | 2890 | 02-10-2019ന് തിരുവനന്തപുരത്ത് | | |

| | | | | | |
|---|---|---|---|---|---|
| | | | നഗരകാര്യ ഡയറക്ടറേറ്റിലും സെക്രട്ടേറിയേറ്റിലും പോയതിന് ശ്രീ.സതീഷ് കുമാർ, =സീനിയർ സൂപ്രണ്ട് (ഇൻചാർജ്)ന് അനുവദിച്ച യാത്രാപ്പടി തുക<br>(അടിസ്ഥാന ശമ്പളം - 76870 രൂപ)<br>മടക്കം - 04-10-2019 | | |
| 5 | 54/11-07-2019 | 2870 | 07-05-2019ന് തിരുവനന്തപുരം ടാക്സ് കമ്മിഷണറേറ്റ് ഓഫീസിൽ പോയതിന് ശ്രീ.ജോമോൻ സി.ജെ, സീനിയർ സൂപ്രണ്ടിന് അനുവദിച്ച യാത്രാപ്പടി തുക<br>(അടിസ്ഥാന ശമ്പളം - 96735 രൂപ)<br>മടക്കം - 09-05-2019 | | |
| 6 | 86/22-08-2019 | 2870 | 19-07-2019 ന് തിരുവനന്തപുരം നഗരകാര്യ ഡയറക്ടറേറ്റിൽ പോയതിന് ശ്രീ.ജോമോൻ സി.ജെ, സീനിയർ സൂപ്രണ്ടിന് അനുവദിച്ച യാത്രാപ്പടി തുക<br>(അടിസ്ഥാന ശമ്പളം - 99280 രൂപ) | | |

| | | | | | |
|---|---|---|---|---|---|
| | | | മടക്കം - 21-07-2019 | | |
| 7 | 66/22-11-2019 | 2890 | 02-10-2019ന് തിരുവനന്തപുരത്ത് നഗരകാര്യ ഡയറക്ടറേറ്റിലും എൽ.എസ്.ജി.ഡി ഓഫീസിലും പോയതിന് ശ്രീ. ജോമോൻ സി.ജെ അസിസ്റ്റന്റ് സെക്രട്ടറിക്ക് അനുവദിച്ച യാത്രാപ്പടി തുക<br>(അടിസ്ഥാന ശമ്പളം - 99280 രൂപ)<br>മടക്കം - 04-10-2019 | | |
| 8 | 53/11-07-2019 | 1790 | 07-05-2019ന് തിരുവനന്തപുരം ടാക്സ് കമ്മിഷണറേറ്റ് ഓഫീസിൽ പോയതിന് ശ്രീ.ജിമ്മി സെബാസ്റ്റ്യൻ, ജൂനിയർ അസിസ്റ്റന്റിന് അനുവദിച്ച യാത്രാപ്പടി തുക<br>(അടിസ്ഥാന ശമ്പളം - 34555 രൂപ)<br>മടക്കം - 09-05-2019 | III AC യിലാണ് ട്രെയിൻ യാത്ര നടത്തിയതെന്ന് യാത്രാപ്പടി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 20-01-2016 ലെ ജി.ഒ (പി) നം.7/2016/Fin ഉത്തരവ് പ്രകാരം 27800/- രൂപയോ അതിലധികമോ എന്നാൽ 42500/- രൂപയിൽ താഴെ ശമ്പളം വാങ്ങുന്ന Grade II (b) ജീവനക്കാർക്ക് ട്രെയിൻ യാത്രക്ക് അനുവദിനീയമായ ക്ലാസ്സ് III AC യാണ്. | ട്രെയിൻ യാത്രയ്ക്ക് അനുവദിക്കാവുന്ന തുക -<br>540*2 =1080/-<br>അനുവദിച്ച തുക – 675*2 = 1350/-<br>അധികമായി അനുവദിച്ച തുക –<br>1350-1080 = 270/- |

| | | | | | |
|---|---|---|---|---|---|
| | | | | അതു പ്രകാരം തൃശ്ശൂർ മുതൽ തിരുവനന്തപുരം വരെയുള്ള ട്രെയിൻ യാത്രക്ക് അനുവദിക്കാവുന്ന ഫെയർ 540 രൂപയാണ്. എന്നാൽ 675 രൂപ വീതം 2 യാത്രകൾക്ക് യാത്രാ ബത്ത അനുവദിച്ചിട്ടുണ്ട്. | |
| 9 | 22/09-10-2019 | 3800 | 21-05-2018 ന് തിരുവനന്തപുരത്ത് കെ.എസ്.ഇ.ബി(പട്ടം) ഓഫീസിൽ പോയതിന് ശ്രീ.എം.സുഗധകുമാർ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് II ന് അനുവദിച്ച യാത്രാപ്പടി തുക<br><br>(അടിസ്ഥാന ശമ്പളം -40500 രൂപ)<br><br>മടക്കം - 23-05-2018 | 20-01-2016 ലെ ജി.ഒ (പി) നം.7/2016/Fin ഉത്തരവ് പ്രകാരം 40500/-രൂപ അടിസ്ഥാന ശമ്പളമുള്ള ജീവനക്കാർക്ക് ( Grade II (b) ) ട്രെയിൻ യാത്രക്ക് അനുവദിനീയമായ ക്ലാസ്സ് III AC യാണ്. അതു പ്രകാരം തൃശ്ശൂർ മുതൽ തിരുവനന്തപുരം വരെയുള്ള ട്രെയിൻ യാത്രക്ക് അനുവദിക്കാവുന്ന ഫെയർ 540 രൂപയാണ്. എന്നാൽ ജീവനക്കാരൻ II AC യിലാണ് ട്രെയിൻ യാത്ര | ട്രെയിൻ യാത്രയ്ക്ക് അനുവദിക്കാവുന്ന തുക -<br><br>540*2 =1080/-<br><br>അനുവദിച്ച തുക – 1520*2 = 3040/-<br><br>അധികമായി അനുവദിച്ച തുക – 3040-1080 = 1960/-<br><br>ക്രമ നമ്പർ 9 മുതൽ 11 വരെയുള്ള വൗച്ചർ പ്രകാരം അധികമായി അനുവദിച്ച ആകെ തുക<br><br>3*1960 = 5880/- |
| 10 | 23/09-10-2019 | 3800 | 10-10-2018 ന് തിരുവനന്തപുരത്ത് സെക്രട്ടേറിയേറ്റ് ഓഫീസിൽ പോയതിന് ശ്രീ.എം.സുഗധകുമാർ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് II ന് അനുവദിച്ച യാത്രാപ്പടി തുക<br><br>(അടിസ്ഥാന ശമ്പളം -40500 രൂപ)<br><br>മടക്കം - 12-10-2018 | | |

| | | | | | |
|---|---|---|---|---|---|
| 11 | 25/09-10-2019 | 3800 | 27-01-2019 ന് തിരുവനന്തപുരത്ത് ഇലക്ട്രിക്കൽ ഇൻസ്‌പെക്ടറേറ്റ് ഓഫീസിൽ പോയതിന് ശ്രീ.എം.സുഗധകുമാർ, മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് II ന് അനുവദിച്ച യാത്രാപ്പടി തുക (അടിസ്ഥാന ശമ്പളം -40500 രൂപ) മടക്കം - 29-01-2019 | നടത്തിയതെന്ന് യാത്രാപ്പടി ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് 1520 രൂപ വീതം 2 യാത്രകൾക്ക് യാത്രാ ബത്ത അനുവദിച്ചിട്ടുണ്ട്. | |
| ആകെ | | | | | 12730/- |

പ്രസ്തുത വിഷയം സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (37/ 04-02-2022) നൽകിയതിന് വൈദ്യുതി വിഭാഗത്തിന്റെ വിവിധ അടിയന്തിരാവശ്യങ്ങൾക്കായി തിരുവനന്തപുരത്തേക്കുള്ള യാത്രയ്ക്ക് ജീവനക്കാർക്ക് അറിയിപ്പ് ലഭിക്കുന്നത് മിക്കവാറും യാത്ര പോകുന്നതിന്റെ തലേ ദിവസമായിരിക്കും എന്നും ഇപ്രകാരമുള്ള അവസരങ്ങളിൽ ബർത്ത് ലഭിച്ച് യാത്ര പോകുന്നതിന് തൽക്കാൽ റിസർവേഷനെ ആശ്രയിക്കുകയാണ് ഏക പോംവഴി, കൂടാതെ ഇപ്രകാരം അടിയന്തിരമായി യാത്ര ചെയ്യേണ്ട അവസരങ്ങളിൽ ഒരു ജീവനക്കാരൻ ഏകദേശം 3 ദിവസങ്ങളോളം ഉപയോഗപ്പെടുത്തുന്നുണ്ട്, ഈ സാഹചര്യത്തിലാണ് വർദ്ധിച്ച ദിനബത്ത അനുവദിക്കാനിടയായത് എന്നാണ് മറുപടിയിൽ പറഞ്ഞിട്ടുള്ളത്.

മറുപടി തൃപ്തികരമല്ല. ഇതേ വിഷയം മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്. എന്നിട്ടും യാത്ര ബില്ലുകൾ അനുവദിക്കുന്നതിന് അതുമായി ബന്ധപ്പെട്ട കേരള സർവീസ് ചട്ടങ്ങൾ, ഉത്തരവുകൾ എന്നിവ പാലിക്കാതെ തുക അനുവദിക്കുന്ന രീതി തുടർന്ന് പോകുന്നത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. മേൽ സൂചിപ്പിച്ച വൗച്ചറുകൾ പ്രകാരം ട്രെയിൻ യാത്രയ്ക്ക് അധികമായി അനുവദിച്ച തുക 12730/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-2 ഇപിഎഫ് അടവാക്കുന്നതിന് സ്വകാര്യ ഏജൻസിയെ ഏർപ്പെടുത്തിയത് അനുവദനീയമല്ല.

2019-20ൽ ദിവസവേതനക്കാർക്ക് നൽകിയ ശമ്പളത്തോടൊപ്പം ഇപിഎഫ് വിഹിതവും കൂടി അനുവദിച്ചതിലെ അപാകത കൂടാതെ, ടി തുക അടവാക്കുന്നതിന് ഒരു സ്വകാര്യ ഏജൻസിയെ ഏർപ്പെടുത്തുക വഴി സർവ്വീസ് ചാർജ്ജ് ഇനത്തിലും വൈദ്യുതി വിഭാഗത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. 'നോംസ് മാനേജ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് ദിവസവേതനക്കാർക്ക് നൽകിയ ഇപിഎഫ് അടയ്ക്കുന്നതിന് ഏൽപ്പിച്ചത്. തുക ഫയൽ ചെയ്യുന്നതിന് പ്രതിമാസം 1500രൂപയും ജിഎസ് ടിയുമാണ് അവർക്ക് നൽകിയ സർവ്വീസ് ചാർജ്ജ്. 4/2019 മുതൽ 3/2020വരെ ഒരു വർഷത്തേക്ക് 18000രൂപയും ജിഎസ് ടി ഇനത്തിൽ 3240രൂപയും ചേർത്ത് 21240 രൂപ ഈയിനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. 1409526/-രൂപയാണ് ഇപിഎഫ് ഇനത്തിൽ ടി ഏജൻസി വഴി അടച്ചത്.

2019-20ൽ സ്ഥാപനത്തിന് നൽകിയ തുകയുടെ വിവരം

| വൗച്ചർ നം. | തുക |
|---|---|
| 68/13.8.19 | 10620 |
| കുടിശ്ശിക | 56190 |
| 57/13.2.20 | 10620 |
| ആകെ | 77430/- |

ദിവസ വേതനക്കാർക്ക് ഇപിഎഫ് ഈടാക്കുവാൻ വ്യവസ്ഥ ഇല്ലാതിരിക്കെ, ഇത്തരത്തിൽ സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ച് തുക അടവാക്കുവാനായി ചെലവ് ചെയ്ത 77430/-രൂപ ഓഡിറ്റ് അംഗീകരിക്കുന്നില്ല.

### 3-3 മീറ്റർ റീഡർ - അനുമതിയില്ലാത്ത തസ്തികയ്ക്ക് താൽക്കാലിക നിയമനം, ക്രമ വിരുദ്ധം

2019-20 സാമ്പത്തിക വർഷത്തിൽ സിജോ ജോസ് എന്ന കരാറുകാരൻ വൈദ്യുതി വിഭാഗത്തിന് ആവശ്യമായ മീറ്റർ റീഡർമാരെ സപ്ലൈ ചെയ്യാമെന്ന് കരാർ ഏറ്റെടുത്തു. 10/2019 വരെ ഒരു മീറ്റർ റീഡിംഗിന് 4.80പൈസ + 18% ജിഎസ് ടി എന്നായിരുന്നു വേതനത്തിന്റെ നിരക്ക്. 11/2019 മുതൽ അത് ഒരു മീറ്റർ റീഡിംഗിന് 4.95രൂപ + 18% ജിഎസ് ടി നിരക്കിന് മെ. ഈവേ എന്ന സ്ഥാപനം കരാർ ഏറ്റെടുത്തു.

മീറ്റർ റീഡർമാർക്ക് 2019-20ൽ നൽകിയ വേതനം

| മാസം | ബിൽ എണ്ണം | വേതനം + 18%ജിഎസ് ടി | വൗച്ചർ/തീയതി |
|---|---|---|---|
| 4/2019 | 18654 | 105656 | 25/5.4.19 |
| 5/2019 | 19123 | 108312 | 20/7.5.19 |
| 6/2019 | 18746 | 106176 | 24/11.6.19 |
| 7/2019 | 19044 | 107865 | 65/11.7.19 |
| 8/2019 | 18674 | 105679 | 78/19.8.19 |
| 9/2019 | 19044 | 107865 | 29/6.9.19 |
| 10/2019 | 18714 | 105996 | 15/11.11.19 |
| 11/2019 | 19070 | 111388 | 62/21.11.19 |
| 12/2019 | 18754 | 109542 | 83/27.12.19 |
| 1/2020 | 19077 | 111429 | 44/17.1.20 |
| 2/2020 | 18801 | 109817 | 60/19.2.20 |
| 3/2020 | 19106 | 111598 | 32/13.3.20 |
| | ആകെ | 1301323 | |

വൈദ്യുതി വിഭാഗം ഹാജരാക്കിയ 2019-20ലെ അംഗീകൃത തസ്തികളുടെ പട്ടികയിൽ 'മീറ്റർ റീഡർ' എന്ന തസ്തിക

ഉൾപ്പെടുന്നില്ല. അംഗീകൃതമല്ലാത്ത ഏതൊരു തസ്തികയിലും താത്ക്കാലിക നിയമനം നടത്താൻ വ്യവസ്ഥയില്ല. വൈദ്യുതി വിഭാഗത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടതും ഒരേയൊരു വരുമാന സ്രോതസ്സുമായ വൈദ്യുതി ബിൽ തയ്യാറാക്കൽ ഏറ്റവും സൂക്ഷ്മതയോടെയും കൃത്യമായ ഇടവേളകളിലും അവിഘ്നം ചെയ്യേണ്ടതുണ്ട്. വൈദ്യുതി വിഭാഗം നിലവിൽ വന്ന അന്ന് മുതൽ മീറ്റർ റീഡിംഗ് എന്ന പ്രക്രിയയും നടക്കേണ്ടതുണ്ട്. ഫയൽ പ്രകാരം 2004ൽ ആണ് ഈ തസ്തികയിൽ താൽകാലിക ജീവനക്കാരെ നിയമിച്ച് തുടങ്ങിയിട്ടുള്ളത്.

മീറ്റർ റീഡർമാരുടെ സപ്ലൈ കോൺട്രാക്ട് 30.4.19ന് അവസാനിക്കുകയാണെന്നും പുതിയ കരാറുകാരെ കണ്ടെത്തണമെന്നും, കണ്ടെത്തുന്നത് വരെ പഴയ ജീവനക്കാരെ തുടരാൻ അനുവദിക്കണമെന്നും 7.1.19ന് സീനിയർ സൂപ്രണ്ട് നോട്ട് സമർപ്പിക്കുകയും ആയത് അനുവദിച്ച് കൊണ്ട് മേയർ ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. നാല് മാസത്തിന് ശേഷം, കൗൺസിലിന്റെ 133/28.5.19ലെ തീരുമാനപ്രകാരം പുതിയ കരാറുകാരെ കണ്ടെത്തുവാൻ ടെണ്ടർ ക്ഷണിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾക്ക് ശേഷം മെ. ഇ-വേ എന്ന സ്ഥാപനം കരാർ സ്വീകരിച്ചിട്ടുള്ളത് 30.9.19നാണ്. 7.1.19ന് തുടങ്ങിയ നടപടിക്രമങ്ങൾ ലക്ഷ്യം കാണുന്നതിന് 9മാസം വേണ്ടിവന്നു എന്നത് തന്നെ പരിശോധിക്കപ്പെടേണ്ട ഒരു കാലവിളംബം തന്നെയാണ്. ഇക്കാലയളവിൽ ഒരിക്കൽ പോലും തസ്തിക നിലവിലില്ലാത്ത വിവരം കൗൺസിലിനെയോ നഗരകാര്യ ഡയറക്ടറെയോ സർക്കാരിനെയോ അറിയിച്ചിട്ടുമില്ല എന്നത് ഗൗരവമായി കാണേണ്ടതുണ്ട്. തസ്തിക നിലവിലില്ലാത്തത് കൊണ്ട് തന്നെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ പിഎസ് സി മുഖാന്തിരമോ നിയമനം നടത്തുവാൻ വൈദ്യുതി വിഭാഗം ശ്രമിച്ചിട്ടുമില്ല. എന്ത് കൊണ്ടാണ് തസ്തികയ്ക്ക് നിയമപരമായി അനുവാദം തേടാതിരുന്നത് എന്നും, ഒരേ കരാറുകാരി തന്നെ തുടർച്ചയായി തൊഴിലാളികളെ സപ്ലൈ ചെയ്യുവാൻ കരാർ നേടിയതും, അതേ കരാറുകാരി തന്നെ വൈദ്യുതിവിഭാഗം വകുപ്പുതലത്തിൽ ചെയ്യേണ്ട വൈദ്യുതി പ്രവൃത്തികളുടെ കരാർ ഏറ്റെടുത്ത് നടത്തിയതും എങ്ങനെയെന്ന് പഠനവിധേയമാക്കി ക്രമപ്രകാരമല്ലാത്ത നടപടികൾ റദ്ദാക്കുവാൻ ഭരണകർത്താക്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

മീറ്റർ റീഡർ എന്ന തസ്തികയിൽ താത്ക്കാലിക നിയമനം തുടങ്ങുന്നതിന് മുൻപ്, ജോലി വിഭജന രേഖകൾ പ്രകാരം വൈദ്യുതി വിഭാഗത്തിൽ മീറ്റർ റീഡിംഗ് ജോലികൾ ഏത് തസ്തികയിലെ ജീവനക്കാരാണ് ചെയ്ത് കൊണ്ടിരുന്നത് എന്ന ആരാഞ്ഞതിന് വൈദ്യുതി വിഭാഗം നൽകിയ മറുപടിയിൽ യോഗ്യതയുള്ള ലൈൻമാൻമാരാണ് മീറ്റർ റീഡിംഗ് ജോലി നിർവ്വഹിച്ചിരുന്നത് എന്നും സ്പോട്ട് ബില്ലിംഗ് നിലവിൽ വന്ന1.4.2001 മുതൽ, പുതിയ സമ്പ്രദായമായതിനാൽ ജീവനക്കാരുടെ അഭാവം നിമിത്തം 8 മീറ്റർ റീഡർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു എന്നും ആയതിന് നഗരസഭാ കൗൺസിലിന്റെ 60/24.6.06 തീരുമാന പ്രകാരം അനുവാദം നൽകുകയും തസ്തിക ലഭിക്കുവാൻ സർക്കാരിലേക്ക് കത്തയക്കുകയും ചെയ്തിട്ടുണ്ട് എന്നുമാണ് (ഓഡിറ്റ് അന്വേഷണം- നം.54/ 24.2.22) മറുപടി ലഭിച്ചത്. സർക്കാരിലേക്കയച്ച കത്തിന്റെ പകർപ്പ് മറുപടിയുടെ കൂടെ ലഭ്യമാക്കിയിട്ടില്ല.

2006ൽ തസ്തിക ആവശ്യപ്പെട്ടു കൊണ്ട് നൽകിയ കത്തിന് നാളിതുവരെ അനുവാദം ലഭിച്ചിട്ടില്ലെന്നാണ് മറുപടിയിൽ നിന്നും വ്യക്തമാകുന്നത്. മാത്രമല്ല, 16 വർഷങ്ങൾക്ക് ശേഷമാണ് വീണ്ടും തസ്തിക ആവശ്യപ്പെട്ട് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർക്ക് ഇ2(1)4795/16/17.2.2022 കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത് എന്നും മറുപടിയിൽ നിന്നും വ്യക്തമാവുന്നു. ഇല്ലാത്ത തസ്തികയിലേക്ക് നിയമനം നടത്തിയത് ക്രമ വിരുദ്ധമാണെന്നാണ് ഓഡിറ്റിന്റെ നിരീക്ഷണം.

തൊഴിലാളികളെ സപ്ലൈ ചെയ്യുന്ന രീതി സ്വീകരിക്കുക വഴി, അത്തരത്തിൽ നിയമിക്കപ്പെടുന്ന ജീവനക്കാരുടെ

യോഗ്യതയോ കാര്യക്ഷമതയോ പരിചയസമ്പന്നതയോ വിലയിരുത്തുവാനോ പരിഗണിക്കുവാനോ തൊഴിൽദാതാവായ വൈദ്യുതി വിഭാഗത്തിന് കഴിയാതെ വരുന്നു.

ഓരോ ദിവസത്തെയും വോക്ക് ഓർഡർ ലഭിക്കുന്ന മീറ്റർ റീഡർമാർ അവരുടെ പ്രവൃത്തി, അന്നേ ദിവസം മൂന്ന് മണിക്ക് മുൻപ് പൂർത്തിയാക്കി ഫൈനൽ റീഡിംഗ് രേഖപ്പെടുത്തിയ ബില്ലുകൾ ബില്ലിംഗ് സെക്ഷനിൽ ഏല്പിക്കണമെന്നാണ് വ്യവസ്ഥ. ബില്ലുകളിലെ വിവരങ്ങൾ അതത് ദിവസം മീറ്റർ റീഡിംഗ് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ട ജോലിയും മീറ്റർ റീഡർമാരുടേതാണ്. എന്നാൽ ഈ രജിസ്റ്റർ പലപ്പോഴും പൂർണ്ണമായും കൃത്യമായും രേഖപ്പെടുത്തുന്നില്ല. കരാർ കാലാവധി കഴിഞ്ഞ്, പലയാവർത്തി ആവശ്യപ്പെട്ടതിന് ശേഷമാണ് മീറ്റർ റീഡർമാർ രജിസ്റ്റർ എഴുതി നൽകുന്നത് എന്ന് ഫയൽ പരിശോധനയിൽ വ്യക്തമാവുന്നു. പലപ്പോഴും പല സെക്ഷനുകളിലും ഇത് പൂർണ്ണവുമല്ല. സപ്ലൈ ചെയ്യപ്പെട്ട മീറ്റർ റീഡർമാരുടെ മേൽ തൊഴിൽദാതാവിന് പൂർണ്ണമായ നിയന്ത്രണാധികാരം ലഭ്യമാവുന്നില്ല എന്ന് തന്നെയാണ് ഇത് കാണിക്കുന്നത്.

നഗര (അർബൻ) പ്രദേശങ്ങളിൽ ഒരു തൊഴിലാളിക്ക് ഒരു ദിവസം 105 മീറ്റർറീഡിംഗ് എടുക്കുവാനാണ് വോക്കിംഗ് ഓർഡർ നൽകേണ്ടത്. അങ്ങനെയെങ്കിൽ പ്രതിമാസം 8 മീറ്റർ റീഡർമാർ ചേർന്ന് (105x8x30) 25200 ബില്ലുകളിൽ ഫൈനൽ റീഡിംഗ് എടുക്കേണ്ടതുണ്ട്. കരാറുകാരിക്ക് നൽകിയ പ്രതിമാസവേതന വിവരങ്ങളിൽ നിന്നും, ശരാശരി 18900മീറ്റർ റീഡിംഗ് മാത്രമാണ് ഒരു മാസം എടുക്കുന്നത് എന്ന് കണക്കാക്കാവുന്നതാണ്. പൂർത്തിയാക്കിയ റീഡിംഗുകൾക്ക് മാത്രമാണ് വേതനം നൽകുന്നത് എന്ന ന്യായവാദം ഉണ്ടാകുമെങ്കിൽ തന്നെയും നിശ്ചിത കാലയളവിൽ എടുക്കുന്ന റീഡിംഗുകൾക്ക് കാലതാമസം നേരിടുന്നതിനും മീറ്റർ ഫോൾട്ട് അറിയാതെ പോകുന്നതിനും മറ്റ് ക്രമരഹിത ഇടപാടുകൾക്കും ഇത് കാരണമാകാം എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. മാത്രമല്ല, മീറ്റർറീഡർമാരുടെ കാര്യക്ഷമത പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്.

വൈദ്യുതി ബിൽ തയ്യാറാക്കൽ ഉത്തരവാദിത്തമുള്ള ജോലിയാകയാലും നാളിതുവരെയും സർക്കാരിൽ നിന്നും അനുമതി ലഭിക്കാത്ത സാഹചര്യത്തിലും, നിയമനമാനദണ്ഡങ്ങളൊന്നും കൃത്യതപ്പെടുത്താതെയുള്ള രീതി ആശാസ്യമല്ലാത്തതിനാലും, ഇല്ലാത്ത തസ്തികയിൽ ജീവനക്കാരെ നിയമിച്ചതിന് ചെലവായ തുക അംഗീകരിക്കുവാൻ നിർവ്വാഹമില്ല. ഈയിനത്തിൽ 19-20ൽ ചെലവ് ചെയ്ത 1301323രൂപ നിരാകരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 ജി.പി.എഫ് അക്കൌണ്ട്

വരവ് (2019-2020)വൈദ്യുതിവിഭാഗം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം

| | | | |
|---|---|---|---|
| (എ) | ജീവനക്കാരിൽ നിന്നും പിരിച്ചത് | - | 109,39,940.00 |
| (ബി) | നഗരകാര്യ ഡയറക്ടറിൽ നിന്നും ലഭിച്ച തുക | - | 250,00,000.00 |
| (സി) | പലിശ | - | 1,88,009.00 |
| | ആകെ | - | 361,27,949.00 |

ചെലവ്

| | | | |
|---|---|---|---|
| (എ) | ജീവനക്കാരിൽ നിന്നും പിരിച്ച തുക (സി.പി.എഫിൽ അടച്ചത്) | - | 109,39,940.00 |
| (ബി) | നഗരകാര്യ ഡയറക്ടറിൽ നിന്നും ലഭിച്ച തുക ജീവനക്കാർക്ക് വായ്പ നൽകിയത് | - | 314,92,481.00 |
| | ആകെ | - | 424,32,421.00 |
| II. | പി.എഫ്. ക്യാഷ് ബുക്ക് പ്രകാരം | | |
| | മുന്നിരിപ്പ് | - | 139,96,167.00 |
| | പലിശ | - | 1,88,009.00 |
| | വരവ് (നഗരകാര്യ ഡയറക്ടർ അനുവദിച്ചത്) | - | 250,00,000.00 |
| | ആകെ | - | 391,84,176.00 |
| | പി.എഫ്. രജിസ്റ്റർ പ്രകാരം ജീവനക്കാർക്ക് വായ്പയായും പി.എഫ്. ക്ലോസ് ചെയ്തും നൽകിയ തുക | - | 314,92,481.00 |
| | ജി.ഒ(പി)51/2018/ഫിൻ തീ.28.03.2018പ്രകാരം സർക്കാരിലേക്ക് കൈമാറിയ തുക | - | 2,22,35,864.00 |
| | പാസ്സ് ബുക്കുപ്രകാരം (ടി.പി.എ. 171) ക്ലോസിംഗ് ബാലൻസ് | - | 76,91,695.00 |

ചെലവ്

| | | | |
|---|---|---|---|
| (എ) | ജീവനക്കാരിൽ നിന്നും പിരിച്ച തുക (സി.പി.എഫിൽ അടച്ചത്) | - | 109,39,940.00 |
| (ബി) | നഗരകാര്യ ഡയറക്ടറിൽ നിന്നും ലഭിച്ച തുക ജീവനക്കാർക്ക് വായ്പ നൽകിയത് | - | 314,92,481.00 |
| | ആകെ | - | 424,32,421.00 |

## 4-2 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപ രജിസ്റ്റർ പ്രകാരം ഓരോ സാമ്പത്തിക വർഷാവസാനവുമുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം താഴെ ചേർക്കുന്നു.

2019-2020 – 55,13,69,090.00

2018-19 റിപ്പോർട്ട് പ്രകാരം സ്ഥിരനിക്ഷേപ തുക 58,24,66,901/-രൂപയാണ്. 2019-20 വർഷത്തെ

സ്ഥിരനിക്ഷപതുകയുമായി 3,10,97,811/-രൂപയുടെ കുറവ് കാണുന്നു.വിശദവിവരം ഖണ്ഡിക 1-11ൽ ചേർത്തിട്ടുണ്ട്.

## 4-3 സർക്കാരിലേക്കും മറ്റ് സ്ഥാപനങ്ങളിലേക്കും ഒടുക്കുവാനുള്ള തുകകൾ

കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേയ്ക്കും മറ്റു വിവിധ സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കുവാനായി പിരിച്ചിട്ടുള്ളതും ഒടുക്കുവാൻ ബാക്കി നിൽക്കുന്നതുമായ തുകകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| 2019-2020 | | | | | |
|---|---|---|---|---|---|
| ഇനം | മുന്നിരിപ്പ് | തന്നാണ്ടിൽ പിരിച്ച തുക | ആകെ | തന്നാണ്ടിൽ ഒടുക്കിയ തുക | വർഷാവസാനം ഒടുക്കുവാൻ ബാക്കിയുള്ള തുക |
| ആദായ നികുതി* | 46,834 | 55,56,028 | 56,02,862 | 55,72,796 | 27,066 |
| വിൽപ്പന നികുതി* | 1,11,590 | 8,586 | 1,20,176 | 1,20,176 | ഇല്ല |
| നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം* | 27,710 | 3,16,077 | 3,43,787 | 3,32,002 | 11,785 |

* മേൽ ഇനങ്ങളിലെ നീക്കിയിരുപ്പ് അക്കൌണ്ട്സ് പ്രകാരമുള്ള നീക്കിയിരുപ്പുമായി പൊരുത്തപ്പെട്ട് കാണുന്നില്ല. മാത്രമല്ല ആദായനികുതിയിനത്തിൽ തന്നാണ്ടിൽ പിരിച്ച തുകയും ഒടുക്കിയ തുകയും 2019-20 വാർഷികക്കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കുപ്രകാരം ആദായനികുതിയിനത്തിൽ വരവായി 58,81,876 രൂപയും ചെലവായി 66,05,492 രൂപയും ഉൾക്കൊള്ളിച്ചിരിക്കുന്നു. വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

## 4-4 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-5 ഓഡിറ്റ് ചാർജ്

സർക്കാർ ഉത്തരവ് (അച്ചടി) നം.124/12/ത.സ്വ.ഭ.വ.തിരുവനന്തപുരം, തീയതി: 10.05.2012 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിനു നൽകേണ്ട ഓഡിറ്റ് ചാർജ്ജിൽ നിന്നും കുടിശ്ശിക സഹിതം ഒഴിവാക്കിയിട്ടുണ്ട്.

## 4-6 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | - | 153,75,58,214.32 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | - | 158,00,08,271.09 |
| വരവിനങ്ങളിലുള്ള നഷ്ടം | - | 17,128 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - | 13,91,483 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | | 2,74,69,119 |

(ബി) കോർപ്പറേഷൻ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | കുറിപ്പ് |
|---|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | | |
| 1-31(2) | 17,128 | | ശ്രീ.എം.സുഗതകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | ഭരണ വകുപ്പ് നടപടിയിലൂടെ ഈടാക്കാവുന്നതാണ്. |
| 1-28 | | 10,620 | ശ്രീ.എം.സുഗതകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | |
| | | 66,810 | ശ്രീ.ജോമോൻ.സി.ജെ<br>അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്) | |
| 1-29 | | 5,33,688 | ശ്രീ.എം.സുഗധകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | |
| | | 7,67,635 | ശ്രീ.ജോമോൻ.സി.ജെ<br>അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്) | |
| 1-25 | | 2,150 | ശ്രീ.എം.സുഗധകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | |
| | | 10,580 | ശ്രീ.ജോമോൻ.സി.ജെ<br>അസിസ്റ്റന്റ് സെക്രട്ടറി (ഇൻ-ചാർജ്) | |
| ആകെ | 17,128 | 1,391,483 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾഎന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

-ഇല്ല-

(ഡി)നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമുള്ളവ

ഖണ്ഡിക 1-11, 1-14, 1-27, 1-36.

(ഇ) തടസ്സപ്പെടുത്തിയ ചെലവ് തുകയുടെ വിശദാംശങ്ങൾ

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 1,76,597 | ശ്രീ.എം.സുഗധകുമാർ,അസിസ്റ്റന്റ് സെക്രട്ടറി |
| | 79,100 | ശ്രീ.ജോമോൻ.സി.ജെ |

| | | |
|---|---|---|
| | | അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) |
| 1-27 | 30,23,436 | ശ്രീ.എം.സുഗധകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| | 48,10,430 | ശ്രീ.ജോമോൻ.സി.ജെ<br><br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) |
| 1-30 | 76,12,132 | ശ്രീ.എം.സുഗധകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| | 20,59,965 | ശ്രീ.ജോമോൻ.സി.ജെ,<br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) |
| 1-32 | 14,034 | ശ്രീ.എം.സുഗധകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| | 71,319 | ശ്രീ.ജോമോൻ.സി.ജെ.<br><br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) |
| 1-33 | 41,97,762 | ശ്രീ.എം.സുഗധകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| | 2,27,150 | ശ്രീ.ജോമോൻ.സി.ജെ.<br><br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) |
| 1-37(1) | 8,58,613 | ശ്രീ.ജോമോൻ.സി.ജെ.<br><br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) |
| 1-37(2) | 40,05,000 | ശ്രീ.ജോമോൻ.സി.ജെ.<br><br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) |
| 1-38 | 2,400 | ശ്രീ.എം.സുഗധകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-40 | 2,44,043 | ശ്രീ.എം.സുഗധകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| 1-41 | 25,766 | ശ്രീ.എം.സുഗധകുമാർ, അസിസ്റ്റന്റ് സെക്രട്ടറി |
| | 61,372 | |
| ആകെ | 2,74,69,119 | |

(എഫ്) നിരാകരിച്ച തുകയുടെ വിശദാംശങ്ങൾ

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 2,150 | ശ്രീ.എം.സുഗധകുമാർ, അസിസ്റ്റൻറ് സെക്രട്ടറി |
| | 10,580 | ശ്രീ.ജോമോൻ.സി.ജെ<br><br>അസിസ്റ്റൻറ് സെക്രട്ടറി(ഇൻ-ചാർജ്) |
| 1-28 | 10,620 | ശ്രീ.എം.സുഗധകുമാർ, അസിസ്റ്റൻറ് സെക്രട്ടറി |
| | 66,810 | ശ്രീ.ജോമോൻ.സി.ജെ.<br><br>അസിസ്റ്റൻറ് സെക്രട്ടറി(ഇൻ-ചാർജ്) |
| 1-29 | 5,33,688 | ശ്രീ.എം.സുഗധകുമാർ, അസിസ്റ്റൻറ് സെക്രട്ടറി |
| | 7,67,635 | ശ്രീ.ജോമോൻ.സി.ജെ.<br><br>അസിസ്റ്റൻറ് സെക്രട്ടറി(ഇൻ-ചാർജ്) |
| 1-31(2) | 17,128 | ശ്രീ.എം.സുഗധകുമാർ, അസിസ്റ്റൻറ് സെക്രട്ടറി |
| ആകെ | 14,08,611 | |

(ജി) നഷ്ടത്തിനുത്തരവാദികളായവരുടെ പേരുവിവരം

(ജി) മേൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരമേൽവിലാസവും

| ഖണ്ഡിക | പേര് | മേൽവിലാസം |
|---|---|---|
| 1-4 | ശ്രീ.എം.സുഗധകുമാർ | "ഋതു" , രാമനാഥപുരം ഗ്രാമം |

| | | |
|---|---|---|
| | അസിസ്റ്റന്റ് സെക്രട്ടറി | ശിവക്ഷേത്രത്തിന് സമീപം<br>പാലക്കാട് ഹെഡ് പോസ്റ്റ്<br>പാലക്കാട് |
| 1-14 | ശ്രീ.എം.സുഗധകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | "ഋതു" , രാമനാഥപുരം ഗ്രാമം<br>ശിവക്ഷേത്രത്തിന് സമീപം<br>പാലക്കാട് ഹെഡ് പോസ്റ്റ്<br>പാലക്കാട് |
| | ശ്രീ.ജോമോൻ.സി.ജെ<br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) | ചെറുശ്ശേരി ഹൗസ്<br>പറവട്ടാനി, തൃശ്ശൂർ |
| 1-25 | ശ്രീ.എം.സുഗധകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | "ഋതു" , രാമനാഥപുരം ഗ്രാമം<br>ശിവക്ഷേത്രത്തിന് സമീപം<br>പാലക്കാട് ഹെഡ് പോസ്റ്റ്<br>പാലക്കാട് |
| | ശ്രീ.ജോമോൻ.സി.ജെ<br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) | ചെറുശ്ശേരി ഹൗസ്<br>പറവട്ടാനി, തൃശ്ശൂർ |
| 1-27 | ശ്രീ.എം.സുഗധകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | "ഋതു" , രാമനാഥപുരം ഗ്രാമം<br>ശിവക്ഷേത്രത്തിന് സമീപം<br>പാലക്കാട് ഹെഡ് പോസ്റ്റ്<br>പാലക്കാട് |
| | ശ്രീ.ജോമോൻ.സി.ജെ<br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) | ചെറുശ്ശേരി ഹൗസ്<br>പറവട്ടാനി, തൃശ്ശൂർ |
| 1-28 | ശ്രീ.എം.സുഗധകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | "ഋതു" , രാമനാഥപുരം ഗ്രാമം<br>ശിവക്ഷേത്രത്തിന് സമീപം<br>പാലക്കാട് ഹെഡ് പോസ്റ്റ്<br>പാലക്കാട് |
| | ശ്രീ.ജോമോൻ.സി.ജെ<br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) | ചെറുശ്ശേരി ഹൗസ്<br>പറവട്ടാനി, തൃശ്ശൂർ |
| 1-29 | ശ്രീ.എം.സുഗധകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | "ഋതു" , രാമനാഥപുരം ഗ്രാമം<br>ശിവക്ഷേത്രത്തിന് സമീപം<br>പാലക്കാട് ഹെഡ് പോസ്റ്റ്<br>പാലക്കാട് |
| | ശ്രീ.ജോമോൻ.സി.ജെ<br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) | ചെറുശ്ശേരി ഹൗസ്<br>പറവട്ടാനി, തൃശ്ശൂർ |
| 1-30 | ശ്രീ.എം.സുഗധകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | "ഋതു" , രാമനാഥപുരം ഗ്രാമം<br>ശിവക്ഷേത്രത്തിന് സമീപം |

| | | |
|---|---|---|
| | | പാലക്കാട് ഹെഡ് പോസ്റ്റ്<br>പാലക്കാട് |
| | ശ്രീ.ജോമോൻ.സി.ജെ<br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) | ചെറുശ്ശേരി ഹൗസ്<br>പറവട്ടാനി, തൃശ്ശൂർ |
| 1-31(2) | ശ്രീ.എം.സുഗധകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | "ജ്ഞൂ" , രാമനാഥപുരം ഗ്രാമം<br>ശിവക്ഷേത്രത്തിന് സമീപം<br>പാലക്കാട് ഹെഡ് പോസ്റ്റ്<br>പാലക്കാട് |
| 1-32 | ശ്രീ.എം.സുഗധകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | "ജ്ഞൂ" , രാമനാഥപുരം ഗ്രാമം<br>ശിവക്ഷേത്രത്തിന് സമീപം<br>പാലക്കാട് ഹെഡ് പോസ്റ്റ്<br>പാലക്കാട് |
| | ശ്രീ.ജോമോൻ.സി.ജെ<br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) | ചെറുശ്ശേരി ഹൗസ്<br>പറവട്ടാനി, തൃശ്ശൂർ |
| 1-33 | ശ്രീ.എം.സുഗധകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | "ജ്ഞൂ" , രാമനാഥപുരം ഗ്രാമം<br>ശിവക്ഷേത്രത്തിന് സമീപം<br>പാലക്കാട് ഹെഡ് പോസ്റ്റ്<br>പാലക്കാട് |
| | ശ്രീ.ജോമോൻ.സി.ജെ<br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) | ചെറുശ്ശേരി ഹൗസ്<br>പറവട്ടാനി, തൃശ്ശൂർ |
| 1-37(1) | ശ്രീ.ജോമോൻ.സി.ജെ<br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) | ചെറുശ്ശേരി ഹൗസ്<br>പറവട്ടാനി, തൃശ്ശൂർ |
| 1-37(2) | ശ്രീ.ജോമോൻ.സി.ജെ<br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) | ചെറുശ്ശേരി ഹൗസ്<br>പറവട്ടാനി, തൃശ്ശൂർ |
| 1-38 | ശ്രീ.എം.സുഗധകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | "ജ്ഞൂ" , രാമനാഥപുരം ഗ്രാമം<br>ശിവക്ഷേത്രത്തിന് സമീപം<br>പാലക്കാട് ഹെഡ് പോസ്റ്റ്<br>പാലക്കാട് |
| 1-40 | ശ്രീ.എം.സുഗധകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | "ജ്ഞൂ" , രാമനാഥപുരം ഗ്രാമം<br>ശിവക്ഷേത്രത്തിന് സമീപം<br>പാലക്കാട് ഹെഡ് പോസ്റ്റ്<br>പാലക്കാട് |
| 1-41 | ശ്രീ.എം.സുഗധകുമാർ<br>അസിസ്റ്റന്റ് സെക്രട്ടറി | "ജ്ഞൂ" , രാമനാഥപുരം ഗ്രാമം<br>ശിവക്ഷേത്രത്തിന് സമീപം<br>പാലക്കാട് ഹെഡ് പോസ്റ്റ് |

| | | |
|---|---|---|
| | | പാലക്കാട് |
| | ശ്രീ.ജോമോൻ.സി.ജെ<br>അസിസ്റ്റന്റ് സെക്രട്ടറി(ഇൻ-ചാർജ്) | ചെറുശ്ശേരി ഹൗസ്<br>പറവട്ടാനി, തൃശ്ശൂർ |

4-7 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1964-1965 | എൽ.എഫ്.ഇ.2(1)-3630/66. തീയതി: 01.06.1978 | |
| 1966-1967 | എൽ.എഫ്.ഇ.2(1)-4430/68. തീയതി: 19.11.1971 | |
| 1967-1968 | എൽ.എഫ്.ഇ.2(1)-654/7. തീയതി: 01.09.1977 | |
| 1968-1969 | എൽ.എഫ്.ഇ.2(1)-4274/74. തീയതി: 10.12.1974 | |
| 1970-1971 | എൽ.എഫ്.ഇ.2(1)-2144/73. തീയതി: 29.05.1975 | |
| 1971-1972 | എൽ.എഫ്.ടി.എം. 3 -524/88. തീയതി: 12.12.1988 | |
| 1974-1975 | എൽ.എഫ്.ടി.എം. 3 -373/89.തീയതി: 25.10.1990 | |
| 1975-1976 | എൽ.എഫ്.ടി.എം. 3 -63/90. തീയതി: 25.10.1990 | |
| 1977-1978 | എൽ.എഫ്.ടി.എം. 3 -374/89. തീയതി: 18.10.1990 | |
| 1979-1980 | എൽ.എഫ്.ടി.എം. 3 -730/89. തീയതി: 17.12.1988 | |
| 1980-1981 | എൽ.എഫ്.ടി.എം. 3 -375/89. തീയതി: 22.10.1990 | |
| 1981-1982 | എൽ.എഫ്.ടി.എം. 3 -427/88.തീയതി: 15.12.1988 | |
| 1982-1983 | എൽ.എഫ്.ടി.എം. 3 -710/88. തീയതി: 25.10.1990 | |
| 1983-1984 | എൽ.എഫ്.ടി.എം. 3 -600/89. തീയതി: 31.10.1989 | |
| 1984-1985 | എൽ.എഫ്.ടി.എം. 3 -526/89. തീയതി: 18.10.1989 | |
| 1985-1986 | എൽ.എഫ്.ടി.എം. 3 -479/90.തീയതി: 21.11.1990 | |
| 1986-1987 | എൽ.എഫ്.ടി.എം. 3 -609/91. തീയതി: 29.11.1991 | |
| 1987-1988 | എൽ.എഫ്.ടി.എം. 4 -282/94. തീയതി: 18.02.1995 | |
| 1988-1989 | എൽ.എഫ്.ടി.എം. 4 -8/96. തീയതി: 13.02.1996 | |
| 1989-1990 | എൽ.എഫ്.ടി.എം. 4 -96/97. തീയതി: 25.07.1997 | |
| 1990-1991 | എൽ.എഫ്.ടി.എം. 4 -239/97. തീയതി: 18.06.1999 | |
| 1991-1992 | എൽ.എഫ്.ടി.എം. 4 -88/94. തീയതി: 30.08.1994 | |

| | | |
|---|---|---|
| 1992-1993 | എൽ.എഫ്.ടി.എം. 4 -260/2000.തീയതി: 07.08.2000 | |
| 1993-1994 | എൽ.എഫ്.ടി.എം. 4 -376/2000. തീയതി:30.09.2000 | |
| 1994-1995 | എൽ.എഫ്.ടി.എം. 4 -399/2000. തീയതി:24.10.2000 | |
| 1995-1996 | എൽ.എഫ്.ടി.എം. 4 -397/2000.തീയതി: 15.11.2000 | |
| 1996-1997 | എൽ.എഫ്.ടി.എം. 4 -290/98 (ചെലവ്)<br><br>തീയതി: 18.06.1998/30.06.1998 | |
| 1996-1997 | എൽ.എഫ്.ടി.ആർ.സി.4 -129/2003 (വരവ്)<br><br>തീയതി: 15.06.2004 | |
| 1997-1998 | എൽ.എഫ്.ടി.ആർ.സി.4-149/2000 (ചെലവ്)<br><br>തീയതി:15.04.2000/27.04.2000 | |
| 1997-1998 | എൽ.എഫ്.ടി.ആർ.സി.4 – 308/2004 (വരവ്)<br><br>തീയതി:05.10.2004 | |
| 1998-1999 | എൽ.എഫ്.ടി.ആർ.സി.4–464/2000 (ചെലവ്)<br><br>തീയതി:17.11.2000 | |
| 1998-1999 | എൽ.എഫ്.ടി.ആർ.സി. 4 -438/2004 (വരവ്)<br><br>തീയതി:02.12.2004/17.12.2004 | |
| 1999-2000 | എൽ.എഫ്.ടി.ആർ.സി. 4 -292/2001 (ചെലവ്)<br><br>തീയതി:30.05.2001/30.06.2001 | |
| 1999-2000 | എൽ.എഫ്.ടി.ആർ.സി. 4 -386/2006 (വരവ്)<br><br>തീയതി:30.10.2006/22.01.2007 | |
| 2000-2001 | എൽ.എഫ്.ടി.ആർ.സി. 4 -69/2002 (ചെലവ്)<br><br>തീയതി:05.09.2002/23.09.2002 | |
| 2000-2001 | എൽ.എഫ്.ടി.ആർ.സി. 4 -399/2006 (വരവ്)<br><br>തീയതി: 30.10.2006/22.01.2007 | |
| 2001-2002 | എൽ.എഫ്.ടി.ആർ.സി. 4 – 540/2004 (ചെലവ്) തീയതി:<br>21.03.2005 | |
| 2001-2002 | എൽ.എഫ്.ടി.ആർ.സി. 6 – 265/2010 (വരവ്)<br><br>തീയതി: 22.07.2010/30.07.2010 | |

| | | |
|---|---|---|
| 2002-2003 | എൽ.എഫ്.ടി.ആർ.സി. 4 –426/2005 (ചെലവ്)<br><br>തീയതി: 02.03.2006/31.03.2006 | |
| 2002-2003 | എൽ.എഫ്.ടി.ആർ.സി. 6 –266/2010 (വരവ്)<br><br>തീയതി:22.07.2010/30.07.2010 | |
| 2003-2004 | എൽ.എഫ്.ടി.ആർ.സി. 4 –428/2003 (ചെലവ്)<br><br>തീയതി: 03.03.2006/27.05.2006 | |
| 2003-2004 | എൽ.എഫ്.ടി.ആർ.സി. 6 –215/2011 (വരവ്)<br><br>തീയതി: 18.05.2011 | |
| 2004-2005 | എൽ.എഫ്.ടി.ആർ.സി. 4 –577/2007 (ചെലവ്)<br><br>തീയതി:21.08.2008/30.08.2008 | |
| 2004-2005 | എൽ.എഫ്.ടി.ആർ.സി. 6 –216/2011 (വരവ്)<br><br>തീയതി:04.06.2011 | |
| 2005-2006 | എൽ.എഫ്.ടി.ആർ.സി. 6 –217/2011<br><br>തീയതി: 08.06.2011/22.07.2011 | |
| 2006-2007 | എൽ.എഫ്.ടി.ആർ.സി. 6 –197/2011, തീയതി: 03.06.2011 | |
| 2007-2008 | എൽ.എഫ്.ടി.ആർ.സി. 6 –197/2011<br><br>തീയതി: 03.06.2011 | |
| 2007-2008 | എൽ.എഫ്.ടി.ആർ.സി. 6 –229/2011, തീയതി: 21.07.2011 | |
| 2008-2009 | എൽ.എഫ്.ടി.ആർ.സി. 6 –265/2012<br><br>തീയതി: 25.08.2012 | |
| 2009-2010 | എൽ.എഫ്.ടി.ആർ.സി. 6 –264/2012<br><br>തീയതി: 19.09.2012 | |
| 2010-2011 | എൽ.എഫ്.ടി.ആർ.സി. 6 –685/2013<br><br>തീയതി: 07.03.2014 | |
| 2012-2013 | എൽ.എഫ്.ടി.ആർ.സി. 6 –446/2014<br><br>തീയതി: 18.12.2014 | |
| 2013-2014 | എൽ.എഫ്.ടി.ആർ.സി. 6 –535/2015, തീയതി: 02.11.2016 | |
| 2014-2015, | നം. കെ.എസ്.എ.(ടി.എസ്.സി.) 6 –534/2016. | |

| | | |
|---|---|---|
| 2015-2016 | തീയതി: 12.07.2017 | |
| 2016-2017 | നം. കെ.എസ്.എ.(ടി.എസ്.സി.) 6 –17/2018.<br><br>തീയതി: 20.01.2018 | |
| 2017-2018 | നം.കെ.എസ്.എ.(ടി.എസ്.സി.)5-222/2019<br><br>തീയതി: 18.06.2019 | |
| 2018-2019 | നം.കെ.എസ്.എ.(ടി.എസ്.സി.)5-430/2020<br><br>തീയതി :14.10.2020 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ വകുപ്പ്